# സീക്കേഴ്സ്

Vol. 01 Issue No. 03
2011 DECEMBER

***Advisory Board***

C.D.Thomas

J C Dev

P. I. Abraham

K.O.Thomas

***Editing & Publishing***

C D Varghese

***Contributing Editors***

George John

V S Kunnathukuzhiyil

Anil Kumar V.

***Circulation Manager***

V K Surendran

***Circulation Assistants***

Shajahan Malayil

Lijo Joseph Thadiyoor

## അന്വേഷണ വീഥികളിൽ......

2 യേശുവും ഇന്ത്യയും;
(സത്യപ്രകാശ്.ഡി.)

3. എഡിറ്റോറിയൽ



4.വായിച്ചു വളരുക.
(ജെ.സി.ദേവ്)



9.യേശുക്രിസ്തുവിന്റെ വംശാവലി
(അനിൽകുമാർ.വി.അയ്യപ്പൻ.)

15.പ്രതിവാദം.
(സി.ഡി.വർഗീസ്.)

18.സങ്കല്പം ചരിത്രമാക്കിയതുകൊണ്ട്.....
(കാനം അച്ചൻ)



22. പൗലോസ് പുതിയ സുവിശേഷത്തിലും....
(അസ്ലൻ ബർക്കർ)

30.ലോകത്തോടൊരു താക്കീത്!
ലിജോ ജോസഫ് തടിയൂർ

32. ആ 'വേദവാക്യം' എവിടെപ്പോയി?
പാസ്റ്റർ ചാക്കോ ആന്റണി, പരപ്പനങ്ങാടി.

37.മോശെയും ന്യായപ്രമാണവും
പാസ്റ്റർ വി.കെ.സുരേന്ദ്രൻ, പുല്പള്ളി.

39. അബദ്ധങ്ങൾ; ഒരന്വേഷണം.
(സി.ഡി.വർഗീസ് & വി.കെ.സുരേന്ദ്രൻ.)



43. മുല്ലപ്പെരിയാറും വാഴവെട്ടുന്നവരും
(സത്യപ്രകാശ്.ഡി.)

45 വിശ്വാസ സമർത്ഥനം പൗലോസ് അപ്പസ്തോലന്റെ രചനകളിൽ.
(വി.എസ്. കുന്നത്തുകുഴി.)

# യേശുവും ഇന്ത്യയും; യാഥാർത്ഥ്യത്തിലേക്ക് ഒരെത്തിനോട്ടം.

സത്യപ്രകാശ്.ഡി.

1911 നവംബർ 30ന് 2.30 മുതൽ 5.30 വരെ തിരുവല്ല ബിലീവേഴ്സ് ചർച്ച് യൂത്ത് സെന്ററിൽ വെച്ച് നടത്തിയ, പാസ്റ്റർ ചാക്കോ ആന്റണി പരപ്പനങ്ങാടി ആദ്ധ്യക്ഷം വഹിച്ച അപ്പൊളജറ്റിക് ക്ലാസ്സിൽ ശ്രീ ജെ. സി.ദേവ്, ശ്രീ പി.ഐ. ഏബ്രഹാം ( കാനം അച്ചൻ) എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു. അദ്ധ്യക്ഷൻ പ്രാർത്ഥിച്ച് ആരംഭിച്ചു. പാസ്റ്റർ സുരേന്ദ്രൻ സ്വാഗതം പറയുകയും ശ്രീ. കെ. വി. സെബാസ്റ്റ്യൻ ക്ലാസ്സിന്റെ അനിവാര്യത വിശദീകരിക്കുകയും ചെയ്തു. യേശുക്രിസതു ഇന്ത്യയിൽ വന്നുവെന്നും മറ്റുമുള്ള വിഷയങ്ങൾ പ്രചരിപ്പിക്കുന്ന ഗ്രൂപ്പുകളേയും അവരുടെ ലക്ഷ്യങ്ങളെയും അതിനെ പ്രതിവാദരൂപേണ നേരിടേണ്ടതിന്റെ ആവശ്യകതയേയും കുറിച്ച് അദ്ദേഹം എടുത്തു പറയുകയുണ്ടായി. തുടർന്ന് ജെ. സി.ദേവ് ക്ലാസ്സ് ആരംഭിച്ചു.

"യേശുവും ഇന്ത്യയും; യാഥാർത്ഥ്യത്തിലേക്ക് ഒരെത്തിനോട്ടം" എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു ക്ലാസ്സ്. യേശുക്രിസ്തു ക്രൂശിൽ നിന്നും രക്ഷപ്പെട്ടു ഇന്ത്യയിൽ വന്ന് വിവാഹിതനായി ഭാര്യയോടും കുഞ്ഞുങ്ങളോടുമൊപ്പം നൂറോ നൂറ്റിപ്പത്തോ വയസ്സുവരെ കാശ്മീരിൽ കഴിഞ്ഞിരുന്നുവെന്നും അദ്ദേഹത്തിന്റെ ശവക്കല്ലറ കാശ്മീരിൽ ഉണ്ടെന്നുമുള്ള അഹമ്മദീയാക്കളുടെ വാദത്തിന്റെ പൊള്ളത്തരം അദ്ദേഹം തുറന്നു കാട്ടി. യേശുക്രിസ്തു തന്റെ 12 വയസ്സിനും മുപ്പതു വയസ്സിനുമിടയിൽ ഇന്ത്യയിൽ വന്നുവെന്നും വേദങ്ങളും ഉപനിഷത്തുക്കളുമെല്ലാം പഠിച്ച് അവയിൽ നിന്നും ഉൾക്കൊണ്ട ആശയങ്ങളാണ് താൻ ക്രൈസ്തവ ഉപദേശങ്ങളായി പ്രചരിപ്പിച്ചത് എന്നുമുള്ള പ്രചാരണത്തിന്റെ വ്യാജഭാവവും വിശദമാക്കി. വസ്തുതകളെ വേണ്ടവിധം പഠനവിധേയമാക്കാതെ എഴുതിവിടുന്ന ഇത്തരം വിലകുറഞ്ഞ ആരോപണങ്ങൾ, ക്രൈസ്തവ വിശ്വാസികളിൽ പ്രതിസന്ധി ഉളവാക്കാതിരിക്കാൻ ബൈബിളിലേക്ക് മടങ്ങുകയും അത് ആഴത്തിൽ പഠിക്കുകയും പഠിപ്പിക്കുകയും വേണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. ഇത്തരം വ്യാജപ്രചരണങ്ങളെ തിരിച്ചറിയാൻ ബൈബിൾ പഠനം അത്യാവശ്യമാണെന്നത് നിസ്തർക്കമാണ്; അത് നാം മറന്നു കൂടാ.

12 വയസ്സിനും മുപ്പതു വയസ്സിനുമിടയിൽ യേശുക്രിസ്തു ഇന്ത്യയിൽ വന്നിരുന്നു എന്നതിനു ചരിത്രത്തിൽ നിന്നു യാതൊരുവിധ തെളിവുകളും നല്കാൻ ഇത്തരം വാദങ്ങളുന്നയിക്കുന്നവർക്കു കഴിഞ്ഞിട്ടില്ലെന്നത് കാനം അച്ചൻ ഓർമ്മിപ്പിച്ചു. സങ്കല്പങ്ങൾ യാഥാർത്ഥ്യമല്ലെന്നും ചരിത്രം ഊഹത്തിലൂടെ സ്ഥാപിക്കേണ്ടതല്ലെന്നും അദ്ദേഹം ആവർത്തിക്കുകയുണ്ടായി. യേശു ഇന്ത്യയിൽ വന്നതിനോ യോഗാഭ്യാസം പഠിച്ചതിനോ വേദങ്ങളും മറ്റും പഠിച്ചതിനോ യാതൊരു തെളിവുമില്ലെന്ന് "യേശുവും ഇന്ത്യയും" എന്ന ലേഖനം എഴുതിയ വ്യക്തി തന്നെ സൂചിപ്പിക്കുന്നുവെന്ന വൈചിത്ര്യവും ഈ വാദത്തിന്റെ കപടത വെളിവാക്കുന്നു. ഉപദേശങ്ങളിലെ വിദൂരസമാനതകൾ ചികഞ്ഞെടുത്ത് വ്യാജകഥകൾ നിർമ്മിച്ച് അവ പില്ക്കാലത്ത് ചരിത്രമാക്കി മാറ്റാനുള്ള കുത്സിതബുദ്ധികളെയാണ് നമുക്ക് കാണാൻ കഴിയുന്നത്. പക്ഷെ, ചരിത്ര പിൻബലമില്ലാത്ത ഇവ നിലനില്ക്കില്ല തന്നെ.

അനന്തരം പാസ്റ്റർ ഷാജഹാൻ നന്ദി പറയുകയും പാസ്റ്റർ തോമസ് തമ്പി പ്രാർത്ഥിച്ച് ആശീർവ്വാദം പറയുകയും ചെയ്തു.

# എഡിറ്റോറിയൽ

ന്യായവാദം


ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച് അനാവശ്യമാണെന്നു ചിന്തിക്കുന്നവരാണു മിക്കപേരും. ഒരുപക്ഷെ, അതിന്റെ ഗൗരവവും പ്രസക്തിയും അറിയാത്തതിനാലായിരിക്കാം. തങ്ങൾക്കു നേരെ വരുന്ന ചോദ്യങ്ങളിൽ നിന്നും ഒഴിഞ്ഞു മാറാനാണു പലരും ശ്രമിച്ചുകാണുന്നത്. "സീക്കേഴ്സ് പാത്ത്" വിതരണവുമായി ബന്ധപ്പെട്ടു പലരെയും സമീപിച്ചപ്പോൾ പലരിൽ നിന്നും, "ഇതിന്റെയൊക്കെ ആവശ്യമെന്താ? എന്ന ചോദ്യമാണ് ഉയർന്നു കേട്ടത്..

"നീ ദൈവപുത്രനെങ്കിൽ ഈ കല്ലുകൾ അപ്പമാകാൻ പറയുക." (മത്തായി 4:3). യേശുക്രിസ്തുവിന്റെ അടുക്കൽ വന്ന സാത്താന്റെ വാക്കുകളാണിവ. അതിനു യേശുക്രിസ്തുവിന്റെ മറുപടി: "മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണു ജീവിക്കുന്നത്."(മത്തായി 4:4).യേശുവിനു സാത്താനോടു മറപടി പറയേണ്ട ആവശ്യമേയില്ല. പക്ഷെ, ചോദ്യം കേട്ടിട്ട് നിർവ്വിചാരിയായി മടങ്ങുകയായിരുന്നില്ല ക്രിസ്തു.അവിടുന്ന് പ്രതിവാദത്തിനു സന്നദ്ധനായി കാരണം, 1 ദൈവപുത്രനെന്ന തന്റെ അവകാശത്തെയാണ് സാത്താൻ ചോദ്യംചെയ്തത്. 2. പ്രപഞ്ചത്തിന്മേലുള്ള തന്റെ അധികാരത്തെ ചോദ്യം ചെയ്തു.3 തന്റെ തിരിച്ചറിവിനെ ചോദ്യം ചെയ്തു. 4 തന്റെ കഴിവിനെ ചോദ്യം ചെയ്തു. 5 പിതാവുമായിട്ടുള്ള തന്റെ ബന്ധത്തെ ചോദ്യം ചെയ്തു. 6 സാത്താന്റെ മേലുള്ള തന്റെ അധികാരത്തെ ചോദ്യം ചെയ്തു. ഇതുപോലെ നിരവധി അപകടകരമായ വസ്തുതകൾ ഒളിഞ്ഞിരിക്കുന്നവയാണു നമുക്കുനേരെ വരുന്ന ചോദ്യങ്ങളും എന്നു നാം ഓർക്കണം.അവ നമ്മുടെ വിശ്വാസത്തെ അടിമുടി ഉലയ്ക്കുവാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. അതുകൊണ്ടാണ്, "നിങ്ങൾ നിങ്ങളുടെ വിശ്വാസത്തിൽ നില നില്ക്കുന്നുണ്ടോ എന്ന് പരിശോധിക്കുവിൻ; നിങ്ങളെത്തന്നെ പരീക്ഷിച്ചറിവിൻ."എന്ന് പൗലോസ് അപ്പസ്തോലൻ പ്രബോധിപ്പിച്ചത്. ഉപവാസത്തിന്റെ ക്ഷീണത്തിലായിട്ടും പ്രലോഭകന്റെ ഉദ്ദേശ്യത്തെ വ്യക്തമായി മനസ്സിലാക്കി അവിടുന്ന് മറുപടി നല്കിയത് ഓരോ ക്രിസ്ത്യാനിക്കുംമാതൃകയാണ്. നമ്മുടെ വിശ്വാസത്തെ ചോദ്യം ചെയ്യുന്ന ഏതൊരു വ്യക്തിക്കും വ്യക്തമായ മറുപടി നല്കുവാൻ തക്കവിധം നാം പ്രാപ്തരാകേണ്ടതുണ്ട്. അതിനാവശ്യമായ പഠനവും പ്രാപ്തിയും ബുദ്ധിയും നമ്മുടെ ദൈവമായ കർത്താവ് ഏവർക്കും നല്കുമാറാകട്ടെ.

പ്രാർത്ഥനയോടെ,
എഡിറ്റർ,
സി.ഡി.വർഗീസ്.

# വായിച്ചു വളരുക.

ജെ.സി.ദേവ്



വളരണം എന്നു ആഗ്രഹിക്കുന്ന വർ വായിക്കുവാൻ സമയവും കണ്ടെത്തും എന്നാണ് ലൂസില്ലെ ഹാർപ്പർ പറഞ്ഞത്. പി.ബി. ഷെല്ലിയുടെ വാക്കുകൾ ശ്രദ്ധിക്കുക; 'വായിക്കുന്തോറും നമ്മുടെ അജ്ഞത നമുക്കു ബോദ്ധ്യപ്പെടും.' വായനയിൽ ചിലവഴിച്ച സമയം നാളെക്കുള്ള സമ്പാദ്യമാണെന്നു സി.എൻ. സ്ട്രെയിറ്റ് രേഖപ്പെടുത്തിയിട്ടുണ്ട്. അപ്പസ്തോലനായ പൗലോസ് തിമൊഥെയോസിനു നല്കുന്ന നിർദ്ദേശം ശ്രദ്ധിക്കുക; 'ഞാൻ വരുവോളം വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്കുക.' (1 തിമൊ. 4:13). വായനയുടെ അനിവാര്യത പൗലോസ് അംഗീകരിക്കുന്നു. ആത്മീയ ശുശ്രൂഷയിൽ മുന്നേറേണ്ട തന്റെ ശിഷ്യൻ തിമൊഥെയോസ് വായനയിൽ ശ്രദ്ധിക്കണം എന്നാണ് പൗലോസിന്റെ നിർദ്ദേശം.

## പൗലോസ്.

പൗലോസ് ശ്രദ്ധയുള്ള ഒരു വായനക്കാരനായിരുന്നു എന്നു അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളും ലേഖനങ്ങളും ശ്രദ്ധിക്കുന്നവർക്കു ബോദ്ധ്യമാകും. പൗലോസിനു സ്വന്തമെന്നു പറയാവുന്ന ഭൗതിക സമ്പത്ത് അദ്ദേഹത്തിന്റെ പുസ്തക ശേഖരമായിരുന്നു. 'ഞാൻ ത്രോവാസിൽ കർപ്പോസിന്റെ പക്കൽ വെച്ചേച്ചു പോന്ന പുതപ്പും പുസ്തകങ്ങളും വിശേഷാൽ ചർമ്മലിഖിതങ്ങളും നീ വരുമ്പോൾ കൊണ്ടു വരിക.'(2 തിമൊ. 4:13). യഹൂദാ മതഗ്രന്ഥങ്ങൾ കമ്പോടുകമ്പ് മനഃപ്പാഠമാക്കിയ പൗലോസ് റോമൻ നിയമവും വശമാക്കിയിരുന്നു. യവന സംസ്ക്കാരവും സാഹിത്യവും അദ്ദേഹത്തിനറിയാം. അറിവിന്റെ വ്യത്യസ്ത തലങ്ങളുമായി ബന്ധമുള്ള അദ്ദേഹം ആത്മീയ പ്രഭാഷണങ്ങളിലും ക്രൈസ്തവ രചനകളിലും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്തു. പ്രസിദ്ധമായ അരയോപഗക്കുന്നിലെ പ്രസംഗത്തിൽ പൗലോസ് ഗ്രീക്കു കവികളായ എപ്പിമെനിഡിസിന്റേയും അരേത്തോസിന്റേയും വാക്കുകൾ ഉദ്ധരിക്കുന്നുണ്ട്. ' അവനിലല്ലോ നാം ജീവിക്കുകയും ചരിക്കുകയും ഇരിക്കുകയും ചെയ്യുന്നത്'(എപ്പിമെനിഡിസ്, സൈപ്രസ്, ബി.സി.6–ാം നൂറ്റാണ്ട്; അപ്പൊ. പ്രവൃത്തി 17:28), 'നാം അവന്റെ സന്താനമല്ലോ' (അരേത്തോസ്, അപ്പൊ. പ്രവൃത്തി 17:28). പുസ്തകങ്ങളെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്ത പൗലോസ് ക്രൈസ്തവരിൽ വായനാശീലവും സാഹിത്യബന്ധവും ഉണ്ടാകണമെന്നു ആഗ്രഹിച്ച ആത്മീയ നേതാവു കൂടെയായിരുന്നു.

ക്രൈസ്തവ സാഹിത്യം ഭാഷയേയും സാഹിത്യത്തേയും ക്രൈസ്തവമെന്നും ഹൈന്ദവമെന്നും ഇസ്ലാമികമെന്നും വിഭജിക്കാനാവില്ല. മനുഷ്യസമൂഹത്തിന്റെ പൊതുസ്വത്താണ് ഭാഷയും സാഹിത്യവും. അപ്പോൾത്തന്നെ ക്രൈസ്തവ ആഭിമുഖ്യമുള്ള, ക്രൈസ്തവ പ്രമേയങ്ങൾക്കു പ്രാധാന്യം നല്കുന്ന സാഹിത്യങ്ങൾ ' ക്രൈസ്തവ സാഹിത്യം' എന്ന വിഭാഗത്തിൽ ഉൾപ്പെടും. ഇങ്ങനെ ഓരോ മതവിഭാഗത്തിനും സാഹിത്യവും സാഹിത്യപ്രവർത്തനവും ഉണ്ട്. അതിനെ വിമർശിച്ചിട്ടോ ചോദ്യം ചെയ്തിട്ടോ കാര്യം ഇല്ല. ഗാന്ധിയൻ സാഹിത്യം, മാർക്സിയൻ സാഹിത്യം, മാപ്പിള സാഹിത്യം, ദളിത് സാഹിത്യം, വിവേകാനന്ദ സാഹിതി തുടങ്ങി 'പെണ്ണെഴുത്ത്' വരെ വിഭാഗീയതകൾ വേറേയും ഉണ്ട്. ഇവയെല്ലാം സമൂഹത്തിന്റെ ഭാഗമായി മാറുകയും നിലനില്ക്കുകയും ചെയ്യുന്നു. അപ്പൊസ്തലനായ പൗലോസിന്റെ സ്വാധീനം കൊണ്ടായിരിക്കണം ക്രൈസ്തവ സഭയ്ക്കു

ഭാഷയോടും സാഹിത്യത്തോടും പുസ്തക ത്തോടും ആഭിമുഖ്യം ഉണ്ടായത്. ബൈ ബിളിനെ വിശ്വസാഹിത്യം എന്നു സാഹിത്യ നിരൂപകന്മാർ ആദരപൂർവ്വം വിശേഷി പ്പിക്കുന്നുണ്ട്. അപ്പോൾ തന്നെ ബൈബിൾ ദൈവശാസീയമായ തിരുവെഴുത്താണ്. (2 തിമൊ. 3:14:16). നിരവധി വിശ്വസാഹിത്യ ങ്ങൾക്ക് മാതാവായി ബൈബിൾ തീർന്നിട്ടുണ്ട്. ജോൺ മിൽട്ടന്റെ പാരഡൈസ് ലോസ്റ്റ്, ഡിവൈൻകോമഡി, വിക്ടർ യൂഗോയുടെ പാവ ങ്ങൾ, ജനറൽ ലും വാലസിന്റെ ബെൻഹർ തുടങ്ങി നിരവധി കൃതികൾ ഉദാഹരണ ങ്ങളാണ്. ബൈബിളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടു സാഹിത്യരചന നടത്തിയ പലരും വിശ്വസാഹിത്യകാരന്മാരായി തീർന്നിട്ടുണ്ട്. ഷെയ്ക്സ്പിയർ, റസീൻ, ഡെസ്റ്റേയോ വ്സ്കി, ഗെയ്ഥേ, പാസ്ക്കൽ, സ്പെൻസർ, വേഡ്സ്വർത്ത്, ഷെല്ലി, മെക്കാളെ തുടങ്ങിയ വർ അവരിൽ ചിലരാണ്. ബൈബിളിൽ 66 ഗ്രന്ഥങ്ങൾ ഉൾപ്പെടുന്നു. ഒരു സാഹിത്യ നിരൂപ കന്റെ വീക്ഷണത്തിൽ വിലയിരുത്തിയാൽ ബൈ ബിളിൽ കവിതയും ഗാനവും നാടോടിഗാനവും നാടൻപാട്ടും വിജ്ഞാനവും ചെറുകഥയും നോവലും ആത്മകഥയും ജീവചരിത്രവും സ ഞ്ചാരസാഹിത്യവും നാട്ടറിവുകളും സാരോക്തി യും മഹത്വചനങ്ങളും പ്രഭാഷണങ്ങളും തത്വ ശാസ്ത്രവും സയൻസും സാമൂഹികശാസ്ത്ര വും രാഷ്ട്രമീമാംസയും എല്ലാം ഉണ്ട്. ബൈബി ളിനെ ഒരു മതഗ്രന്ഥം എന്നു പറയാനാവില്ല. ബൈബിൾ ക്രിസ്തുമതത്തിന്റെ മതഗ്രന്ഥമല്ല. യഹൂദന്മാർ ബൈബിളിനെ (പഴയനിയമം) അംഗീകരിക്കുന്നു. മുസ്ലീം മതഗ്രന്ഥമായ ഖുർ ആനിൽ ബൈബിളിന്റെ സ്വാധീനം കാണാം. ഇ ങ്ങനെ വ്യത്യസ്ത മതങ്ങൾ ആദരിക്കുന്ന ബൈ ബിൾ ഒരു മതാതീത ഗ്രന്ഥമാണ്. ബൈബിൾ ഏക സത്യദൈവത്തേയും ദൈവത്തിന്റെ രക്ഷാ കര പദ്ധതി (ക്രിസ്തു) യേയും വെളിപ്പെടുത്തു ന്നു. വിവിധ സാഹിത്യ ശാഖകൾ സമന്വയിക്ക പ്പെട്ട ബൈബിൾ ക്രൈസ്തവ സഭയുടെ പ്രമാണ ഗ്രന്ഥമായതിനാൽ ക്രൈസ്തവ സഭ സ്വാഭാവി കമായും സാഹിത്യത്തേയും പുസ്തകങ്ങളേയും വായനയേയും ആദരിക്കുകയും പ്രോത്സാഹിപ്പി ക്കുകയും ചെയ്യുന്നു.

അപ്പസ്തോലിക കാലഘട്ടത്തിനു ശേഷം എ.ഡി.100 മുതൽ അപ്പസ്തോലിക പിതാക്ക ന്മാരെ നാം സഭാചരിത്രത്തിൽ കാണുന്നുണ്ട്. റോമിലെ ക്ലെമന്റ് (എ.ഡി. 30-100), അന്ത്യോക്യയിലെ ഇഗ്നാത്തിയോസ് (എ.ഡി. 35-110), സ്മുർന്നയിലെ പോളീകാർപ്പ് (എ.ഡി. 69-155), ഹിയരാപ്പോലീസിലെ പാപ്പിയസ് (എ.ഡി. 75-150) എന്നിവർ അപ്പൊസ്തോലിക പിതാക്കന്മാർ എന്ന പേരിൽ ആദരിക്കപ്പെടുന്നു. ഇവർ ക്രൈസ്തവ സഭയിലെ ആദ്യകാല സാഹിത്യകാരന്മാർ കൂടെയാണ്. ഡിഡാക്കേ (എ.ഡി. 100 നും 150 നും ഇടയ്ക്ക് രചിക്കപ്പെ ട്ടത് ), ഹെർമ്മാസിന്റെ ഇടയൻ (എ.ഡി. 150), ക്ലെമന്റിന്റെ ലേഖനങ്ങൾ (എ.ഡി.95-98 കാലഘട്ടത്തിൽ എഴുതിയത്), പോളീകാർപ്പിന്റെ രക്തസാക്ഷിത്വം (എ.ഡി.155 നു ശേഷം), ഇഗ്നാ ത്തിയോസിന്റെ ലേഖനങ്ങൾ (എ.ഡി. 110 നു മുമ്പ്), ഡയനീറ്റസിനു എഴുതിയ ലേഖനം (അപ്പൊളജറ്റിക്കൽ കൃതി) എന്നിവ ക്രൈസ്തവ സഭയിലെ ആദ്യകാല സാഹിത്യങ്ങളാണ്.

**പുസ്തകങ്ങളെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്ത പൗലോസ് ക്രൈസ്തവരിൽ വായനാ ശീലവും സാഹിത്യ ബന്ധവും ഉണ്ടാകണമെന്നു ആഗ്രഹിച്ച ആത്മീയ നേതാവു കൂടെയായിരുന്നു.**

## മിഷണറിമാരുടെ സംഭാവനകൾ.

ലോകത്തിൽ എവിടെയെല്ലാം മിഷണറി പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടോ അവിടെ എല്ലാം സുവിശേഷത്തോടൊപ്പം ഭാഷയും സാഹിത്യവും അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. ഭാഷയ്ക്ക് ലിപി, വ്യാകരണം തുടങ്ങിയവ രൂപം കൊണ്ടു. അച്ചടി, പത്രപ്രവർത്തനം, ആനുകാലികങ്ങൾ, വിവിധ സാഹിത്യശാഖകൾ, ഭാഷാശാസ്ത്രങ്ങൾ എന്നിവയ്ക്കു തുടക്കം കുറിച്ചു. ഈ മേഖലകളിൽ ക്രൈസ്തവ മിഷണറിമാർ ചെയ്ത സേവനങ്ങൾ മഹത്തായതാണ്. അർണോസ് പാതിരി, ബെഞ്ചമിൻ ബെയിലി, ഹെർമ്മൻ ഗുണ്ടർട്ട് തുടങ്ങിയ മഹാന്മാരെ മലയാള ഭാഷയ്ക്കു വിസ്മരിക്കാനാവില്ല. 1910–ൽ സത്യവേദപുസ്തകം അച്ചടിച്ചു പ്രസിദ്ധീകരിച്ചത് മലയാള ഭാഷയുടേയും സാഹിത്യത്തിന്റേയും അഭിവൃദ്ധിക്കു കാരണമായി. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഡോ. വില്യം കേറിയുടെ ഭാഷാ, സാഹിത്യ സേവനങ്ങൾ നിർണ്ണായകമാണ്. നിരവധി ഭാരതീയ ഭാഷകളിലേയ്ക്കു മഹാമിഷണറിയായ അദ്ദേഹം ബൈബിൾ മൊഴിമാറ്റം ചെയ്ത് പ്രസിദ്ധീകരിച്ചു. ബൈബിൾ ചെന്നിടത്തെല്ലാം ഭാഷയും സാഹിത്യവും അച്ചടിയും പത്രപ്രവർത്തനവും വിദ്യാഭ്യാസവും സംസ്ക്കാരവും സമ്പന്നമായിട്ടുണ്ട്. മലയാള ഭാഷയും സാഹിത്യവും ആദരപൂർവ്വം അനുസ്മരിക്കുന്ന അനശ്വരരായ മലയാളി പ്രേഷിതരാണ് മഹാകവി കട്ടക്കയം ചെറിയാൻ മാപ്പിള, മഹാകവി കെ.വി. സൈമൺ, റവ. ജോർജ്ജ് മാത്തൻ, മഹാകവി പി.എം.ദേവസ്യാ പ്രവിത്താനം, സിസ്റ്റർ മേരി ബെനീഞ്ഞ, മഹാകവി പുത്തൻകാവ് മാത്തൻ തരകൻ തുടങ്ങിയവർ. മഹാകവി കെ.വി.സൈമൺന്റെ വേദവിഹാരം മഹാകാവ്യം ഇന്ന് 80 വർഷം പിന്നിടുകയാണ്.

## വായിച്ചാൽ വിളയും.

വായിച്ചാൽ വിളയും എന്നു കുഞ്ഞുണ്ണി മാഷ് പറഞ്ഞിട്ടുണ്ട്. കുഞ്ഞുണ്ണിമാഷെ പരിചയമില്ലാത്ത കുട്ടികൾ വളരെ കുറവായിരിക്കും. അദ്ദേഹത്തിന്റെ കുഞ്ഞു കവിതകൾ നൂറുകണക്കിനു വിദ്യാർത്ഥികളെ സ്വാധീനിച്ചിട്ടുണ്ട്. വളയാതെ, നന്നായി വിളയുവാൻ വളരുന്ന തലമുറയെ സഹായിക്കുന്നതു വായനയാണ്. വായനയിലൂടെ ഭാഷയും സാഹിത്യവും വിജ്ഞാനവും സർഗ്ഗാത്മകതയും നമ്മിൽ വിളയുകയാണ്. അറിവിന്റെ താക്കോലാണ് ഉത്തമ കൃതികൾ എന്നു പറയാം. വായിക്കുവാനുള്ള പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതും വളരെ ശ്രദ്ധയോടും കരുതലോടും കൂടെ വേണം. വിവേചനാധികാരവും ഇച്ഛാശക്തിയും ഇവിടെ ഉപയോഗിക്കണം. കണ്ണിൽ പെടുന്നതും കൈയ്യിൽ കിട്ടുന്നതും വായിക്കുന്ന ശീലം നല്ലതല്ല. കൂട്ടുകാരെ തെരഞ്ഞെടുക്കുന്നതും പുസ്തകം തെരഞ്ഞെടുക്കുന്നതും വളരെ ശ്രദ്ധിച്ചുവേണം. വഴി തെറ്റിക്കുന്ന കൂട്ടുകാരുള്ളതുപോലെ വഴി തെറ്റിക്കുന്ന പുസ്തകങ്ങളും ഉണ്ട്. ഉത്തമ ഗ്രന്ഥങ്ങൾ മാത്രം തെരഞ്ഞെടുത്ത് വായിക്കണം. അനാവശ്യമായ ഗ്രന്ഥങ്ങൾ മനസ്സോടെ ഒഴിവാക്കണം. വായന ഒരു അനുഗ്രഹമാണ്. അതിനു തക്ക ഗ്രന്ഥങ്ങളെ വായിക്കാവൂ. ബി. എസ്. വാരിയർ എഴുതുന്നു. “ഒരാൾ വായിക്കുന്ന പുസ്തകങ്ങൾ ഏതൊക്കെ എന്നറിഞ്ഞാൽ, ആൾ ഏതു തരക്കാരനാണെന്നു അറിയാം. ക്ഷുദ്രകൃതികളിൽ നേരം പാഴാക്കാതെ സദ്ഗ്രന്ഥങ്ങൾ തെരഞ്ഞെടുത്ത് വായിക്കുന്നതിൽ ശ്രദ്ധിക്കണം.’

ഏകാഗ്രതയോടെ ശ്രദ്ധാപൂർവ്വം വായിക്കണം. പുസ്തകം തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഏകാന്തമായ ഒരു സാഹചര്യത്തിൽ മാറിയിരുന്നു വായിക്കണം. ചിലർ മനസ്സിൽ വായിച്ചു പോകും. ചിലർക്ക് അല്പം ശബ്ദത്തിൽ വായിക്കേണ്ടി വരും. നിവർന്നിരുന്ന് വായിക്കുന്നതാണ് നല്ലത്. വെളിച്ചം പുറകിൽ നിന്നും പുസ്തകത്തിൽ വീഴണം. നിഴൽ പുസ്തകത്തിൽ വീഴരുത്. ഇടതുവശത്തു നിന്നും വെളിച്ചം കിട്ടുവാൻ സൗകര്യമുണ്ടെങ്കിൽ അതും നല്ലതാണ്. വായിക്കാനിരിക്കുമ്പോൾ ഒരു ബൈന്റ് ബുക്കും പേനയും ഒപ്പം കരുതണം. വായിക്കുന്ന പുസ്തകത്തിന്റെ പേര്, ഗ്രന്ഥകാരന്റെ പേര്, പ്രസിദ്ധീകരിച്ച തീയ്യതി, പ്രസാധകന്റെ പേര്, ആകെ പേജ് തുടങ്ങിയ വിവരങ്ങൾ കുറിച്ചിടണം. പുതിയ വിവരങ്ങൾ, സുപ്രധാന ആശയങ്ങൾ, ദർശനങ്ങൾ, നിലപാടുകൾ, വ്യക്തികൾ, ഉദ്ധരണികൾ എന്നിവ കുറിച്ചിടാം. ഗ്രന്ഥാഭിപ്രായം എഴുതിവെക്കാം. ഈ വിവരങ്ങൾ പിന്നീട് ഉപകരിക്കും. വായിച്ചു

തീർത്ത തീയ്യതിയും പുസ്തകങ്ങളുടെ ക്രമനമ്പറും എഴുതാം. പുസ്തക നിരൂപണം നടത്തി പരിചയിക്കണം. വിവിധ സാഹിത്യശാഖയിൽ പെടുന്ന ഗ്രന്ഥങ്ങൾ വായിക്കണം. ജീവചരിത്രം, ആത്മകഥ, ജീവിതാനുഭവങ്ങൾ, ചെറുകഥ, നോവൽ, നർമ്മം, പഠനം, അന്വേഷണം, ബെറ്റർ ലൈഫ്, പോസിറ്റീവ് തിങ്കിംഗ്, സഞ്ചാരം, വിജ്ഞാനം, കവിത, മഹാകാവ്യം, ആദ്ധ്യാത്മികം, ധ്യാനം, ചോദ്യോത്തരങ്ങൾ, ദൈവശാസ്ത്രം, ബൈബിൾ വിജ്ഞാനം, ക്രിസ്തുശാസ്ത്രം, ക്ലാസിക്കൽ ബുക്സ്, ചരിത്രം, തത്വശാസ്ത്രം, വിമർശനം തുടങ്ങി വിവിധ മേഖലകളിൽ നിന്നും ഉള്ള പുസ്തകങ്ങൾ വായിച്ചു ശീലിക്കണം. ഏതെങ്കിലും കാരണവശാൽ വായന ഇടയ്ക്കു

പുസ്തകമെങ്കിലും പലപ്പോഴായി വാങ്ങി സൂക്ഷിക്കുക. പിന്നീട് ലൈബ്രറി വിപുലമാക്കുവാൻ സാധിക്കും. നമ്മിലെ വായനാശീലം വളർത്തിയെടുക്കണം. ഹോം ലൈബ്രറി മാത്രമല്ല; സഭാഹാളിലും സഭയിലെ മുഴുവൻ ജനത്തിനു വേണ്ടിയും ഒരു ചർച്ച് ലൈബ്രറി രൂപപ്പെടുത്തുവാൻ സാധിക്കണം. വിശ്വാസികളിലെ വായനാശീലം വളർത്തി എടുക്കുവാൻ ഈ സംവിധാനം സഹായകമാകും. പുസ്തകവായനപോലെ ദിനപ്പത്രം, ആനുകാലികങ്ങൾ എന്നിവ വായിച്ച് അവയിലെ വാർത്തകളും ആനുകാലിക സംഭവങ്ങളും ആശയങ്ങളും ബൈബിൾ വീക്ഷണത്തിൽ വിലയിരുത്തുവാൻ ശീലിക്കണം. ഇവ എല്ലാം എഴുതി

**മാനസിക പിരിമുറുക്കം വർദ്ധിക്കുമ്പോൾ, ഏതെങ്കിലും പ്രതിസന്ധി അഭിമുഖീകരിക്കുമ്പോൾ, മനസ്സ് അസ്വസ്ഥമാകുമ്പോൾ അതേ അവസ്ഥയിൽ തന്നെ തുടരാതെ വേഗത്തിൽ വായനയിലേക്കു തിരിയുക. ബൈബിളോ മറ്റു ഗ്രന്ഥങ്ങളോ വായനയ്ക്കു തെരഞ്ഞെടുക്കാം. കുറെ കഴിയുമ്പോൾ ഒരാശ്വാസം, ധൈര്യം, വിടുതൽ അനുഭവപ്പെടും.**

വെച്ചു നിറുത്തേണ്ടിവന്നാൽ വായിച്ചു നിറുത്തിയ ഭാഗത്ത് ഒരു ബുക്ക്മാർക്ക് വെച്ചു അടയാളപ്പെടുത്തുക. ഏതു പുസ്തകം വായിച്ചാലും പ്രസ്തുത പുസ്തകത്തെപ്പറ്റി ഒരു നിരൂപണം നടത്തുവാനും വ്യക്തിപരമായ അഭിപ്രായം രൂപപ്പെടുത്താനും ശീലിച്ചിരിക്കണം. അവ ബുക്കിൽ രേഖപ്പെടുത്തി വെക്കണം.

പുസ്തകശാല (ലൈബ്രറി)യെ മനസ്സിന്റെ ഹോസ്പിറ്റലായി വിശേഷിപ്പിക്കാം. മാനസിക പിരിമുറുക്കം വർദ്ധിക്കുമ്പോൾ, ഏതെങ്കിലും പ്രതിസന്ധി അഭിമുഖീകരിക്കുമ്പോൾ, മനസ്സ് അസ്വസ്ഥമാകുമ്പോൾ അതേ അവസ്ഥയിൽ തന്നെ തുടരാതെ വേഗത്തിൽ വായനയിലേക്കു തിരിയുക. ഇഷ്ടമുള്ള ഒരു പുസ്തകമെടുത്തു കുറേ സമയം വായിക്കുക. ബൈബിളോ മറ്റു ഗ്രന്ഥങ്ങളോ വായനയ്ക്കു തെരഞ്ഞെടുക്കാം. കുറെ കഴിയുമ്പോൾ ഒരാശ്വാസം, ധൈര്യം, വിടുതൽ അനുഭവപ്പെടും. ചിലപ്പോൾ വായനക്കിടയിൽ ഒരു പരിഹാരമാർഗ്ഗം തെളിഞ്ഞു വന്നെന്നു വരാം. സ്വന്തമായി ഒരു ലൈബ്രറി വീട്ടിൽ ഉണ്ടാക്കുന്നത് നല്ലതാണ്. നൂറു

സൂക്ഷിക്കണം. വായനക്കിടയിൽ നമ്മിൽ ഒളിഞ്ഞു കിടക്കുന്ന പ്രതികരണ ശേഷി, സർഗ്ഗാത്മകത എന്നിവയെ ശക്തിപ്പെടുത്തുവാനും, സാഹിത്യ വാസന, രചനാ വാസന, ഭാവനാശേഷി എന്നിവ വളർത്തി എടുക്കുവാനും സാധിക്കും. ഭാഷയിൽ പുതിയ പദങ്ങളും പ്രയോഗങ്ങളും കണ്ടെത്തി കുറിച്ചിടാം. നമ്മുടെ ശബ്ദകോശം വിപുലപ്പെടുത്തുവാൻ ഇതു ഉപകരിക്കും. പുതിയ ചിന്തകളും ആശയങ്ങളും മനസ്സിൽ ഉയർന്നുവരും. ഇത് ഒരു പുതിയ മേഖലയിലേക്കു തന്നെ നമ്മെ നയിക്കും. വായന മനുഷ്യനെ പുതിയ മനുഷ്യനാക്കുന്നു. പൂർണ്ണതയിലേക്കു മനുഷ്യനെ നയിക്കുന്നു. ഫ്രഞ്ച് സാഹിത്യകാരനായ അനറ്റോളെ ഫ്രാൻസ് പറഞ്ഞു: “പുസ്തകം ഒരു കാരണവശാലും കടം കൊടുക്കരുത്; ആരും തിരിച്ചു തരില്ല.” ഒരു ആത്മപരിശോധനയ്ക്കു തയ്യാറാവുക, മടക്കിക്കൊടുക്കേണ്ട പുസ്തകങ്ങൾ നമ്മുടെ കൈവശം ഇരിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ ഇന്നുതന്നെ അവയുടെ ഉടമസ്ഥനു തിരികെ കൊടുക്കുക.

## ഡോ. കലാം.

ഡോ. എ.പി.ജെ. അബ്ദുൾകലാം ഡൽഹിയിലെ ഒരു പുസ്തകോത്സവം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുന്നതിനിടയിൽ പറഞ്ഞു: “ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും പുസ്തകങ്ങൾ എനിക്കു വഴികാട്ടികളായിരുന്നു. പുസ്തകങ്ങൾ സന്തതസഹചാരികളാണ്. പുസ്തകങ്ങൾ അനശ്വരങ്ങളാണ്. ഗ്രന്ഥകാരൻമാർ വായനക്കാരന്റെ ജീവിതത്തിൽ വലിയ സ്വാധീനമാണ് ചെലുത്തുന്നത്. ഒരു ദിവസം ഒരു മണിക്കൂർ വായനയ്ക്കു മാറ്റിവെക്കണം. സമ്മാനം കൊടുക്കുമ്പോൾ പുസ്തകങ്ങൾ സമ്മാനമായി കൊടുക്കുവാൻ ശ്രമിക്കണം.” (അന്ന് അദ്ദേഹം ഇന്ത്യയുടെ രാഷ്ട്രപതിയായിരുന്നു). വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിന്, പുസ്തകങ്ങളുമായി പരിചയപ്പെടുന്നതിന്, പുസ്തകരചനയെ പ്രോത്സാഹിപ്പിക്കുന്നതിന്, എഴുത്തുകാരുമായി സൗഹൃദ ബന്ധം പുലർത്തുന്നതിന് യുനെസ്ക്കോ 1995–ൽ “ലോക പുസ്തക ദിനം” പ്രഖ്യാപിച്ചിട്ടുണ്ട്. ഏപ്രിൽ 23–ാം തിയ്യതിയാണ് ലോക പുസ്തക ദിനം. എല്ലാ വിഷയങ്ങളിലും എല്ലാവർക്കും എല്ലായിടത്തും എല്ലായ്പോഴും പുസ്തകം ലഭ്യമാകണം” എന്നതാണ് യുനെസ്ക്കോയുടെ പ്രഖ്യാപിത ലക്ഷ്യം. കേരളത്തിൽ വായനയുടെ സംസ്ക്കാരം പ്രചരിപ്പിച്ചത് പി.എൻ. പണിക്കരാണ്. കോട്ടയം ജില്ലയിലെ നീലംപേരൂരിൽ ജനിച്ച അദ്ദേഹം അദ്ധ്യാപകവൃത്തി തെരഞ്ഞെടുത്തു. പിന്നീട് പൊതുപ്രവർത്തകനായി. ഗ്രന്ഥശാലകളെ പ്രവർത്തന മണ്ഡലമാക്കിമാറ്റി. തിരുവിതാംകൂർ ഗ്രന്ഥശാലാ സംഘത്തിനു രൂപം നല്കി. കേരളത്തിലെ മുഴുവൻ ഗ്രന്ഥശാലകളും സന്ദർശിച്ചു. കേരള ഗ്രന്ഥശാലാ സംഘം ഉണ്ടാക്കി. 1977–ൽ കേരള അനൗപചാരിക വിദ്യാഭ്യാസ വികസന സമിതിക്ക് (കാൻഫെഡ്) രൂപം നല്കി. വായിച്ചു വളരുക എന്ന മുദ്രാവാക്യത്തിനു പ്രചാരണം നല്കി. 32 വർഷം കേരള ഗ്രന്ഥശാലാ സംഘത്തിന്റെ സാരഥിയായിരുന്നു. 1995 ജൂൺ 19–നു അന്തരിച്ചു. (ജനനം 1909 മാർച്ച് ഒന്ന്). പി.എൻ. പണിക്കരുടെ ചരമദിനം ജൂൺ 19 വായനാദിനമായി കേരളം ആചരിക്കുന്നു. അദ്ദേഹത്തിന്റെ സ്മരണക്കായി ഭാരതീയ തപാൽ വകുപ്പ് തപാൽ സ്റ്റാമ്പ് പുറത്തിറക്കിയിട്ടുണ്ട്. അമേരിക്കയിലെ വാഷിംഗ്ടൺ ഡി.സി. യിൽ 1800–ൽ ആരംഭിച്ച ലൈബ്രറി ഓഫ് കോൺഗ്രസാണ് ഗിന്നസ് ബുക്ക് വെളിപ്പെടുത്തിയ ലോകത്തിലെ ഏറ്റവും വലിയ ലൈബ്രറി. നാനൂറ്റി എഴുപതു ഭാഷകളിലായി മുന്നൂറ്റിയിരുപതു ലക്ഷം പുസ്തകങ്ങൾ ഇവിടെ ഉണ്ട്. ●

**“നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനാകട്ടെ.” ബൈബിൾ.**

**“നിങ്ങൾക്കു വേണ്ടാത്തത് നിങ്ങൾ ആർക്കെങ്കിലും കൊടുക്കുന്നെങ്കിൽ അത് ദാനമേയല്ല.” മദർ തെരേസ.**

**“പാവങ്ങൾക്കു നല്കുന്നതാണ് ദാനം. മറ്റുള്ളതെല്ലാം കടം നല്കലാണ്.” തിരുവള്ളുവർ.**

# യേശുക്രിസ്തുവിന്റെ വംശാവലിയിൽ വൈരുദ്ധ്യമോ?

അനിൽകുമാർ.വി.അയ്യപ്പൻ

ക്രിസ്ത്യാനികൾക്കെതിരെയുള്ള ബൈബിൾ വിമർശകന്മാരുടെ-പ്രത്യേകിച്ച് ദാവാ പ്രസംഗകരുടെ- ഇഷ്ടവിഷയങ്ങളിലൊന്നാണ് യേശുക്രിസ്തുവിന്റെ വംശാവലി. മത്തായിയിലും ലൂക്കോസിലുമുള്ള വംശാവലികളിൽ വ്യത്യാസങ്ങൾ കാണപ്പെടുന്നതിനാൽ ബൈബിൾ തിരുത്തപ്പെട്ടതാണെന്നും അതുകൊണ്ട് തന്നെ അത് വിശ്വസനീയമല്ലെന്നും ആക്ഷേപിക്കുന്നത് അവരുടെ സ്ഥിരം പരിപാടിയാണ്. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം മൗഢ്യതർക്കവും വംശാവലികളും കലഹവും ന്യായപ്രമാണത്തെക്കുറിച്ചുള്ള വാദവും ഒഴിഞ്ഞു നില്ക്ക, ഇവ നിഷ്പ്രയോജനവും വ്യർത്ഥവുമല്ലോ (തീത്തോ.3:9) എന്നും 'അന്യഥാ ഉപദേശിക്കരുതെന്നും വിശ്വാസം എന്ന ദൈവവ്യവസ്ഥക്കല്ല, തർക്കങ്ങൾക്കു മാത്രം ഉതകുന്ന കെട്ടുകഥകളേയും അന്തമില്ലാത്ത വംശാവലികളേയും ശ്രദ്ധിക്കരുതെന്നും (1.തിമൊ.1:3) ദൈവവചനത്തിൽ ഉള്ളതിനാൽ വംശാവലിയെ കൂടുതൽ വിലയിരുത്താനോ ആഴത്തിൽ പഠിക്കാനോ ശ്രമിച്ചു കാണാറില്ല. മുകളിൽ പറഞ്ഞിരിക്കുന്ന രണ്ട് വേദഭാഗങ്ങളും ബൈബിളിലെ യേശുക്രിസ്തുവിന്റെ വംശാവലിയെക്കുറിച്ചല്ല, ആദിമസഭയുടെ അംഗങ്ങളായിത്തീർന്ന യെഹൂദന്മാർ 'അബ്രഹാമിന്റെ മക്കൾ' എന്ന തങ്ങളുടെ വംശപാരമ്പര്യത്തെ പൊക്കിപ്പിടിക്കാൻ കൊണ്ടുവരുന്ന വംശാവലികളെക്കുറിച്ചാണ് പറയുന്നതെന്ന് മനസ്സിലാക്കാൻ പറ്റും. കാരണം, 'വംശാവലി' എന്ന് ഏകവചനത്തിലല്ല, 'വംശാവലികൾ' എന്ന് ബഹുവചനത്തിലാണ് പറഞ്ഞിരിക്കുന്നത്. അന്തമില്ലാത്ത വംശാവലികൾ എന്ന പദപ്രയോഗവും ശ്രദ്ധിക്കേണ്ടതുണ്ട്.

യേശുക്രിസ്തുവിന്റെ വംശാവലിക്ക് ഒരു ആരംഭമുള്ളതുപോലെത്തന്നെ ഒരു അന്ത




വുമുണ്ട്. തന്റെ മരണത്തോടെ ആ വംശാവലി അവസാനിച്ചു. എന്നാൽ യെഹൂദന്മാരുടെ വംശാവലികൾക്ക് അന്തമില്ല. കാരണം, പുതിയ തലമുറ ഉണ്ടാകുമ്പോൾ അവരുടെ പേരുകൾ ഈ വംശാവലികളിൽ ചേർക്കപ്പെട്ടുകൊണ്ടേയിരിക്കും. അതുകൊണ്ടുതന്നെ ഈ വംശാവലികൾക്ക് അന്തമുണ്ടാവുകയില്ല. അവ അവസാനിക്കാതെ നീണ്ടു പോവുകയാണിപ്പോഴും! തർക്കങ്ങൾക്കു മാത്രം ഉതകുന്ന 'കെട്ടുകഥകൾ' എന്നു പറഞ്ഞിരിക്കുന്നത് അപ്പൊക്രിഫാ ഗ്രന്ഥങ്ങളിലുള്ള കഥകളെക്കുറിച്ചാണെന്നു കാണാൻ പറ്റും. ക്രി.വ.90-ൽ ജാമ്നിയാ കൗൺസിലിൽ വെച്ചാണ് യെഹൂദാ റബ്ബിമാർ അംഗീകൃത തിരുവെഴുത്തുകളായി ഇന്നു നാം ഉപയോഗിക്കുന്ന പഴയ നിയമത്തിലെ 39 പുസ്തകങ്ങളൊഴികെയുള്ളവയെ ഔദ്യോഗികമായി തിരസ്കരിച്ചത്. ഒന്നാം നൂറ്റാണ്ടിലെ ക്രൈസ്തവ സഭയുടെ അംഗങ്ങളിൽ

ഭൂരിപക്ഷം പേരും യെഹൂദന്മാരായിരുന്നതുകൊണ്ട് അപ്പൊക്രിഫാ ഗ്രന്ഥങ്ങളിലെ കെട്ടുകഥകളെക്കുറിച്ച് അവർക്കു നല്ല അറിവുണ്ടായിരുന്നു. അപ്പൊക്രിഫാ ഗ്രന്ഥങ്ങളെ ഔദ്യോഗികമായി യെഹൂദാ റബ്ബിമാർ തള്ളിപ്പറഞ്ഞിട്ടില്ലാതിരുന്നതുകൊണ്ട് യെഹൂദാ ക്രിസ്ത്യാനികളിലെ പാരമ്പര്യവാദികളും ബലഹീന വിശ്വാസികളും ജാമ്നിയാ കൗൺസിലിനു മുമ്പുള്ള കാലത്ത് അപ്പൊക്രിഫാ ഗ്രന്ഥങ്ങളിലെ കെട്ടുകഥകളെ അംഗീകരിച്ചിരുന്നു. ഈ തരത്തിൽപ്പെട്ട വംശാവലികളും കെട്ടുകഥകളും വിശ്വാസികളുടെ ഇടയിൽ മൗഢ്യതർക്കവും കലഹവും ഉണ്ടാക്കും എന്നാണ് പരിശുദ്ധാത്മാവ് പറയുന്നത്. എന്നാൽ യേശുക്രിസ്തുവിന്റെ വംശാവലിയെക്കുറിച്ചുള്ള അറിവ് നിഷ്പ്രയോജനമോ നിരർത്ഥകമോ അല്ല. പ്രത്യുത, അർത്ഥസമ്പുഷ്ടവും പ്രയോജനകരവും ആത്മികവർദ്ധനക്ക് ഉതകുന്നതുമാണ് എന്നതത്രെ യാഥാർത്ഥ്യം.

നാല് സുവിശേഷ രചയിതാക്കളും വ്യത്യസ്തമായ നാല് വിധത്തിലാണ് യേശുക്രിസ്തുവിനെ വരച്ച് കാണിക്കുന്നത്. സ്വർഗ്ഗരാജ്യം ഭൂമിയിലേക്ക് ഇറക്കിക്കൊണ്ടുവന്ന യെഹൂദന്മാരുടെ രാജാവായി' മത്തായിയും ദൈവത്തെ മനുഷ്യർ എങ്ങനെ അനുസരിക്കണമെന്നുള്ളതിന്റെ ഉത്തമ മാതൃകയെന്ന നിലയിൽ 'ദൈവത്തിന്റെ ദാസനായി' മർക്കോസും യവന വൈദ്യനായ ലൂക്കോസ് (പാപ,ശാപ) രോഗങ്ങളൊന്നുമില്ലാത്ത ഒരു സമ്പൂർണ്ണ മനുഷ്യനായും' യേശുക്രിസ്തുവിന്റെ മാറിനോട് ചാരിയിരുന്നിട്ടുള്ള യോഹന്നാൻ 'സമ്പൂർണ്ണ ദൈവമായും' യേശുക്രിസ്തുവിനെ തങ്ങളുടെ സുവിശേങ്ങളിലൂടെ അവതരിപ്പിക്കുന്നു. മത്തായിയും ലൂക്കോസും മാത്രമേ യേശുക്രിസ്തുവിന്റെ വംശാവലി നല്കുന്നുള്ളൂ. മറ്റു രണ്ടുപേർ യേശുക്രിസ്തുവിന്റെ വംശാവലി രേഖപ്പെടുത്താതെ വിട്ടുകളഞ്ഞത് യാദൃശ്ചികമല്ല,. ഒരു ദാസനെ സംബന്ധിച്ചിടത്തോളം അവന് പാരമ്പര്യമോ വംശാവലിയോ അവകാശപ്പെടാനില്ല; അവൻ വെറും അടിമ മാത്രമാണ്. അതുകൊണ്ടാണ് യേശുക്രിസ്തുവിനെ ദാസനായി അവതരിപ്പിക്കുന്ന സുവിശേഷത്തിൽ ദാസന്റെ വംശാവലി പരാമർശിക്കാതെ പോയത്. യോഹന്നാൻ യേശു

വംശാവലിയുടെ പ്രാധാന്യം നല്ലവണ്ണം അറിയാവുന്ന ഈ രണ്ട് സുവിശേഷരചയിതാക്കളും എന്തുകൊണ്ടാണ് തങ്ങൾ ചരിത്രമെഴുതാൻ തുനിഞ്ഞ വ്യക്തിയുടെ രണ്ട് വ്യത്യസ്ത വംശാവലികൾ ഉപയോഗപ്പെടുത്തിയത്? തങ്ങൾ എഴുതുന്ന ചരിത്രത്തിന്റെ വിശ്വാസ്യതയെ അത് ബാധിക്കും എന്ന് അവർക്കു അറിഞ്ഞ് കൂടായിരുന്നോ?

ക്രിസ്തുവിനെ സത്യദൈവമായിട്ടാണ് അവതരിപ്പിക്കുന്നത്. ദൈവത്തിന് വംശാവലിയില്ല. അവൻ അന്നും ഇന്നും എന്നും മാറ്റമില്ലാത്തവനാണ്. ആദിമദ്ധ്യാന്തരഹിതനും പുരാതനനുമാണ്. അതുകൊണ്ടത്രെ യോഹന്നാന്റെ സുവിശേഷത്തിൽ പരിശുദ്ധാത്മാവ് യേശു ക്രിസ്തുവിന്റെ വംശാവലി രേഖപ്പെടുത്താതെ വിട്ടത്!

വംശാവലി പൊതുവെ വിരസത ഉളവാക്കുന്ന ഒന്നായിട്ടാണ് ആദ്യവായനയിൽ നമുക്ക് അനുഭവപ്പെടുന്നത്. എന്നാൽ വംശാവലിയുടെ പ്രാധാന്യം നല്ലവണ്ണം അറിയാവുന്ന യെഹൂദന്മാർക്ക് അത് വളരെ താല്പര്യജനകമാണ്. വംശാവലി രേഖ കാണിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഒരു യെഹൂദൻ സ്വസമുദായത്തിൽ നിന്ന് ബഹിഷ്കൃതനാകും. തെളിവുകൾ പഴയ നിയമത്തിലുണ്ട്. നെഹ.7:61-ൽ നാം ഇപ്രകാരം വായിക്കുന്നു: "തേൽ-മേലെഹ്, തേൽ-പർശാ, കെരൂബ്, അദ്ദാൻ, ഇമ്മേർ എന്നീ സ്ഥലങ്ങളിൽ നിന്ന് മടങ്ങി വന്നവർ ഇവർ തന്നെ. എങ്കിലും അവർ

യിസ്രായേല്യർ തന്നെയോ എന്ന് തങ്ങളുടെ പിതൃഭവനവും വംശോല്പത്തിയും കാണിക്കാൻ അവർക്ക് കഴിഞ്ഞില്ല. നെഹ.7:64-ൽ ഇപ്രകാരം പറയുന്നു: 'ഇവർ വംശാവലി രേഖ അന്വേഷിച്ചു, കണ്ടില്ലതാനും; അതുകൊണ്ട് അവരെ അശുദ്ധരെന്നെണ്ണി പൗരോഹിത്യത്തിൽ നിന്ന് നീക്കിക്കളഞ്ഞു. ഇതേ സംഭവം എസ്രാ.2:59,62 എന്നീ ഭാഗത്തും രേഖപ്പെടുത്തിയിരിക്കുന്നത് വംശാവലി രേഖയുടെ പ്രാധാന്യം നല്ലവണ്ണം വ്യക്തമാക്കുന്നു ഒരു യെഹൂദനെ സംബന്ധിച്ചിടത്തോളം 'ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ജനം' എന്ന വിശുദ്ധവും ഉന്നതവുമായ പദവിയിൽ ജീവിക്കാനുള്ള അവകാശപത്രമാണ് വംശാവലിരേഖ. സ്വദേശം വിട്ട് വിദേശത്ത് എത്തിപ്പെട്ട ഒരുവന് പാസ്സ്പോർട്ട് എത്ര പ്രധാനമാണോ അതിനേക്കാൾ ഒട്ടും കുറയാത്ത പ്രാധാന്യമാണ് ഒരു യെഹൂദന്റെ ജീവിതത്തിൽ വംശാവലി രേഖക്കുള്ളത്. അതുകൊണ്ടുതന്നെ അവൻ അത് യാതൊരു കേടും കൂടാതെ സംരക്ഷിക്കുകയും ചെയ്യും. വംശാവലിരേഖയേക്കാൾ ഒരു യെഹൂദന് വില പിടിപ്പായിട്ടുള്ളത് സ്വന്തം ജീവൻ മാത്രമാണ്. മറ്റുള്ളവയെല്ലാം അവനെ സംബന്ധിച്ചിടത്തോളം വംശാവലി രേഖയേക്കാൾ താഴെയാണ്.

ഇന്ന് ലോകത്തിൽ ഏറ്റവും പുരാതനമായ വംശാവലിരേഖയുള്ളത് യെഹൂദന്മാർക്കു മാത്രമാണ്. ക്രി.വ.70-ലെ യെരുശലേം നാശത്തിൽ യെഹൂദ്യയിലും ഗലീലയിലും ഉണ്ടായിരുന്ന ലക്ഷക്കണക്കിന് യെഹൂദന്മാർക്ക് ജീവൻ നഷ്ടപ്പെട്ടതോടൊപ്പം തന്നെ ജീവനോടെ അവശേഷിച്ചവർക്ക് വംശാവലി രേഖകളും നഷ്ടപ്പെട്ടു. എന്നാൽ, യിസ്രായേലിനു പുറത്ത് താമസിച്ചിരുന്ന യെഹൂദന്മാർക്ക് തങ്ങളുടെ വംശാവലി രേഖകൾ നാശത്തിൽനിന്ന് സംരക്ഷിക്കാൻ കഴിഞ്ഞു. ഒന്നാം നൂറ്റാണ്ടിലെ യെഹൂദ ചരിത്രകാരനായ യോസീഫസ് തന്റെ 'ആന്റിക്വിറ്റീസ്' എന്ന ഗ്രന്ഥത്തിൽ പറയുന്നതു പ്രകാരം രണ്ടു തരത്തിലുള്ള വംശാവലിരേഖകൾ യെഹൂദന്മാർക്ക് ഉണ്ടായിരുന്നു. സിനഗോഗുകളിലോ ദൈവാലയത്തിലോ സൂക്ഷിക്കപ്പെട്ടിരുന്ന പൊതു വംശാവലികളും വീടുകളിൽ സൂക്ഷിച്ചിരുന്ന സ്വകാര്യവംശാവലികളും. പൊതുവംശാവലികൾ കുടുംബകേന്ദ്രീകൃതമായിരുന്നു. ഒരു കുടുംബത്തിൽ നിന്ന് അടുത്ത കുടുംബമുണ്ടായി, അതിൽ നിന്ന് അടുത്ത കുടുംബം എന്ന നിലയിൽ വിവരിക്കപ്പെടുന്ന ഈ വംശാവലികളിൽ കുടുംബനാഥന്റെ പേരിനാണ് പ്രാധാന്യമുണ്ടായിരുന്നത്. എന്നാൽ വീടുകളിൽ സൂക്ഷിക്കപ്പെട്ടിരുന്ന സ്വകാര്യവംശാവലികളിൽ സ്ത്രീകൾ ഉൾപ്പെടെയുള്ള മുഴുവൻ കുടുംബാംഗങ്ങളുടേയും പേരുകൾ ഉണ്ടായിരുന്നു. ആരോഹണ ക്രമത്തിലും അവരോഹണ ക്രമത്തിലും വംശാവലികൾ ഉണ്ട്. ആരോഹണ ക്രമത്തിലെ വംശാവലി പരാമർശ വിധേയനായ വ്യക്തിയിൽ നിന്ന് അയാളുടെ പൂർവ്വ പിതാമഹനിലേക്ക് നീളുന്നു. അവരോഹണക്രമത്തിലെ വംശാവലി പൂർവ്വപിതാമഹനിൽ നിന്ന് ഇങ്ങേയറ്റത്തുള്ള പരാമർശ വിധേയനായ കൊച്ചുമകനിൽ ചെന്നെത്തുന്നു. സിനഗോഗുകളിൽ സൂക്ഷിച്ചിരുന്ന വംശാവലി അവരോഹണ ക്രമത്തിലുള്ളതും വീടുകളിലേത് ആരോഹണ ക്രമത്തിലുള്ളതുമായിരുന്നു. സുവിശേഷങ്ങളിൽ മത്തായി അവരോഹണ ക്രമത്തിലെ വംശാവലി ഉപയോഗിക്കുമ്പോൾ ലൂക്കോസ് ആരോഹണക്രമത്തിലെ വംശാവലിയാണ് ഉപയോഗിക്കുന്നത്. വംശാവലിയുടെ പ്രാധാന്യം നല്ലവണ്ണം അറിയാവുന്ന ഈ രണ്ട് സുവിശേഷ രചയിതാക്കളും എന്തുകൊണ്ടാണ് തങ്ങൾ ചരിത്രമെഴുതാൻ തുനിഞ്ഞ വ്യക്തിയുടെ രണ്ട് വ്യത്യസ്ത വംശാവലികൾ ഉപയോഗപ്പെടുത്തിയത്? തങ്ങൾ എഴുതുന്ന ചരിത്രത്തിന്റെ വിശ്വാസ്യതയെ അത് ബാധിക്കും എന്ന് അവർക്ക് അറിഞ്ഞുകൂടായിരുന്നോ? എന്തു വിലകൊടുത്തും 'ക്രിസ്ത്യാനിത്വം വ്യാജമാണ്' എന്ന് തെളിയിക്കുവാൻ ക്രിസ്ത്യാനികളുടെ പഠിപ്പിക്കലിനേയും അവരുടെ എഴുത്തുകളേയും യെഹൂദന്മാർ സൂക്ഷ്മനിരീക്ഷണം നടത്തിക്കൊണ്ടിരുന്ന ആ കാലഘട്ടത്തിൽ വിശേഷിച്ചും അതവർ അറിഞ്ഞിരിക്കേണ്ടതല്ലേ? തീർച്ചയായും ആ ഇരു സുവിശേഷ രചയിതാക്കൾക്കും അതറിയാമായിരുന്നു. 'ആദിമുതൽ സകലവും സൂക്ഷ്മമായി പരിശോധിച്ചിട്ട് അത് ക്രമമായി എഴുതുന്നു (ലൂക്കോ. 1: 1-4) എന്ന് ലൂക്കോസ് പറയുന്നുമുണ്ട്.എന്നിട്ടും

മത്തായിയിൽ നിന്ന് വ്യത്യസ്തമായ വംശാവലിരേഖ ലൂക്കോസ് സ്വീകരിച്ചു!! യഥാർത്ഥത്തിൽ ബൈബിളിന്റെ ദൈവനിശ്വാസീയത അഥവാ ബൈബിൾ രചയിതാക്കളുടെ 'പരിശുദ്ധാത്മ നിയോഗം' എന്ന അവകാശവാദത്തെ അരക്കിട്ടുറപ്പിക്കുകയാണ് ഈ വ്യത്യസ്തതകൾ. തുറന്നതും നിഷ്പക്ഷവുമായ മനസ്സോടെ ഈ കാര്യം പഠിക്കുന്ന ആർക്കും അത് ബോധ്യമാകും. സുവിശേഷ രചയിതാക്കൾ തങ്ങളുടെ മനുഷ്യബുദ്ധിക്കൊത്ത വിധം രൂപപ്പെടുത്തിയതല്ല സുവിശേഷം' എന്ന് ഈ വിധമുള്ള വ്യത്യസ്തതകൾ അഥവാ വൈവിധ്യങ്ങൾ നമുക്ക് തെളിവു തരുന്നു. അങ്ങനെ ആയിരുന്നെങ്കിൽ, അവർ നാലുപേരും ഒരുമിച്ചുകൂടി തങ്ങളുടെ രചനകളെ പരസ്പരം താരതമ്യപ്പെടുത്തി വൈവിധ്യമുണ്ടെന്ന് കാണുന്നതെല്ലാം ഒഴിവാക്കുകയോ തിരുത്തി ശരിയാക്കുകയോ ചെയ്യുമായിരുന്നു. എന്നാൽ പരിശുദ്ധാത്മ നിയോഗം പ്രാപിച്ച എഴുത്തുകാരോട് രേഖപ്പെടുത്തിവെക്കണമെന്ന് ദൈവാത്മാവ് ആവശ്യപ്പെട്ട സംഗതികളെയെല്ലാം രേഖപ്പെടുത്തിവെക്കുകയാണ് അതിന്റെ എഴുത്തുകാർ ചെയ്തതെന്ന ബൈബിളിന്റെ അവകാശവാദത്തെ (2.പത്രോ.1:21) ഈ വ്യത്യസ്തതകൾ സാധൂകരിക്കുന്നു. ഈ വ്യത്യസ്തതകൾ ബൈബിൾ തിരുത്തപ്പെട്ടു എന്നതിനല്ല, അതിന്റെ എഴുത്തുകാർ പോലും അത് തിരുത്താൻ ധൈര്യപ്പെട്ടില്ല എന്ന വസ്തുതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഇനി നമുക്ക് ബൈബിളിന്റെ അടിസ്ഥാനത്തിൽ വംശാവലിയിലെ ഈ വൈവിധ്യങ്ങളെ വിലയിരുത്താം.

ഇന്ന് ജീവിച്ചിരിപ്പുള്ള ഏതൊരു വ്യക്തിയുടേയും പൂർവ്വപിതാവ് എന്നത് ആദാം ആണ് (അപ്പൊ. പ്രവൃ.17:26). അതുകൊണ്ടുതന്നെ, അഹങ്കാരത്തോടെയും പൊങ്ങച്ചത്തോടെയും നാം പറയുന്ന കുടുംബ മഹിമകൾക്കും വംശപാരമ്പര്യത്തിനുമപ്പുറം ഏതൊരു മനുഷ്യന്റേയും വംശാവലി ചെന്നെത്തുന്നത് ദൈവകല്പന ലംഘിച്ച് ലോകത്തിൽ പാപം പ്രവേശിക്കുവാൻ ഇടയാക്കിയ ആദാമിലും ഹവ്വയിലുമാണ്. ചുരുക്കിപ്പറഞ്ഞാൽ, അവിശ്വാസത്തിന്റേയും അനുസരണക്കേടിന്റേയും ഫലമായി ദൈവസന്നിധിയിൽനിന്ന് ആട്ടിയോടിക്കപ്പെട്ട് വ്രണിത ഹൃദയരായി ജീവിതം തള്ളി നീക്കിയ ആദിമാതാപിതാക്കളുടെ പാരമ്പര്യമാണ് നമുക്ക് അവകാശപ്പെടാനുള്ളത്, അതിൽകൂടുതലുള്ള ഒരു കുലമഹിമയുമില്ല! പിതൃപാരമ്പര്യം വ്യർത്ഥമാണെന്ന് ബൈബിൾ പറയാൻ കാരണമിതാണ് (1.പത്രോസ്.1:18). ഈ വംശാവലിയുടെ വിഷയം നാം ആദാമിൽ നിന്നു തന്നെ തുടങ്ങേണ്ടിയിരിക്കുന്നു. ദൈവം തിന്നരുതെന്ന് കല്പിച്ച പഴം ഭക്ഷിച്ച് പാപം പ്രവേശിച്ച ശരീരവും മനസ്സുമായി ഏദൻ തോട്ടത്തിൽ നില്ക്കുന്ന ആദാമിന്റേയും ഹവ്വയുടേയും മുന്നിൽ വെച്ച് ദൈവം പാമ്പിനോട് (പിശാചിനോട്) പറഞ്ഞു: 'സ്ത്രീയുടെ സന്തതി നിന്റെ തല തകർക്കും; നീ അവന്റെ കുതികാൽ തകർക്കും എന്ന് (ഉല്പ.3:15). തോട്ടത്തിൽ നിന്ന് പുറത്താക്കപ്പെട്ട ആദാമും ഹവ്വയും കരുതിയത് സ്ത്രീയുടെ (ഹവ്വയുടെ) സന്തതിയായി ജനിക്കുന്നവൻ പാമ്പിന്റെ തല തകർക്കുമെന്നും അങ്ങനെ തങ്ങൾക്ക് നഷ്ടമായ ഏദൻ തോട്ടത്തിലെ സൗഭാഗ്യാവസ്ഥ അവൻ വീണ്ടെടുത്ത് തരും എന്നുമായിരുന്നു. അതുകൊണ്ടാണ് തങ്ങളുടെ ആദ്യജാതന് അവർ കായേൻ'( യഹോവയാൽ ലഭിച്ച പുരുഷപ്രജ' അഥവാ യഹോവയെ എനിക്ക് പുരുഷപ്രജയായി ലഭിച്ചു') എന്ന് പേർ വിളിച്ചത്. എന്നാൽ കായേൻ യഹോവയിൽ നിന്നുള്ളവനല്ല, ദുഷ്ടനിൽനിന്നുള്ളവൻ ആയിരുന്നു (1.യോഹ.3:12) എന്നവർ മനസ്സിലാക്കിയത് അവൻ തന്റെ സഹോദരനും നീതിമാനുമായ ഹാബേലിനെ കൊല ചെയ്തപ്പോഴായിരുന്നു. ദുഷ്ടനിൽ നിന്നുള്ള കായേൻ തങ്ങളെ രക്ഷിക്കുകയില്ല, യഹോവയിൽ നിന്നുള്ള ഹാബേൽ കൊല്ലപ്പെടുകയും ചെയ്തു എന്നതിൽ അവർ നിരാശരായി കാലം കഴിക്കുമ്പോഴാണ് ഒരു മകൻ കൂടി ജനിക്കുന്നത്. പ്രതീക്ഷകൾ നിറഞ്ഞ ആദിമാതാപിതാക്കൾ ദൈവത്തിൽ നിന്നുള്ളവനായിരുന്ന ഹാബേലിനു പകരം ദൈവം നിയമിച്ചവൻ' എന്നു കരുതി അവന് ശേത്ത് (നിയമിച്ചു) എന്ന് പേരിട്ടു. എന്നാൽ ശേത്തിനും അവരെ ഏദൻ തോട്ടത്തിലെ പഴയ അവസ്ഥയിലേക്ക് മടക്കി ക്കൊണ്ടുപോകാനോ അവർക്കുവേണ്ടി ഏദൻ തോട്ടം വീണ്ടെടുക്കാനോ കഴിഞ്ഞില്ല. പിന്നീടതലമുറകൾ കഴിയുംതോറും വീണ്ടെടുപ്പുകാരനെക്കുറിച്ചുള്ള്

പ്രതീക്ഷകളും വളർന്നു വന്നു. പിതാക്കന്മാരിൽ നിന്ന് മക്കളിലേക്ക് സ്ത്രീയുടെ സന്തതി' യായ വീണ്ടെടുപ്പുകാരനെക്കുറിച്ചുള്ള വിവരങ്ങൾ കൈമാറ്റം ചെയ്തുകാണപ്പെടുന്നത്. പല ഭൂഖണ്ഡങ്ങളിലേക്ക് കുടിയേറിപ്പാർത്ത മനുഷ്യർ അവരവരുടെ സമൂഹങ്ങളിൽ നിന്ന് മാനവസമൂഹത്തിന്റെ വിമോചകനെ പ്രതീക്ഷിക്കാൻ തുടങ്ങി. കാലചക്രം മുന്നോട്ടുരുളവേ, ഏതാണ്ട് B.C.2000ത്തോട് കൂടി മധ്യപൂർവ്വേഷ്യയിലെ മെസപ്പൊട്ടോമ്യയിൽ ഉള്ള ഊർ' എന്ന പട്ടണത്തിലെ അന്തേവാസിയും ശേമ്യ വംശജനുമായ 'അബ്രാം' എന്ന വ്യക്തിയെ ദൈവം വിളിച്ചു. താൻ കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പുറപ്പെടുവാൻ ദൈവം അബ്രാമിനോട് കല്പിച്ചു. മാത്രമല്ല, 'ഞാൻ നിന്നെ വലിയോരു ജാതിയാക്കും; നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും; നീ ഒരുഅനുഗ്രഹമായിരിക്കും. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും, നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും. നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും (ഉല്പ. 12:2,3) എന്ന് വാഗ്ദാനവും നല്കി. പിതാക്കന്മാരിൽ നിന്ന് പറഞ്ഞു കേട്ടിട്ടുള്ള, ദൈവം ആദാമിനോട് വാഗ്ദത്തം ചെയ്തിരുന്ന സ്ത്രീയുടെ സന്തതി താനാണെന്ന് ഒരു പക്ഷെ അബ്രാം ചിന്തിച്ചിരിക്കാം. എന്നാൽ വർഷങ്ങൾക്ക് ശേഷം ദൈവം അബ്രാമിനോട് ഇപ്രകാരം അരുളിച്ചെയ്തു: 'നീ എന്റെ വാക്ക് അനുസരിച്ചതുകൊണ്ട് നിന്റെ സന്തതി മുഖാന്തരം ഭൂമിയിലുള്ള സകല ജാതികളും അനുഗ്രഹിക്കപ്പെടും എന്ന് ഞാൻ എന്നെക്കൊണ്ട് തന്നെ സത്യം ചെയ്തിരിക്കുന്നു എന്ന് യഹോവ അരുളിച്ചെയ്യുന്നു (ഉല്പ. 22:18). ദൈവം ആദാമിനോട് വാഗ്ദത്തം ചെയ്തിരുന്ന സന്തതി താനല്ല എന്ന് അബ്രഹാം തിരിച്ചറിഞ്ഞു. വാഗ്ദത്താൽ ജനിച്ച സന്തതിയായ യിസ്ഹാക്ക് ആണ് അതെന്ന് അബ്രഹാം ചിന്തിച്ചിരിക്കാം. എന്നാൽ ദൈവം യിസ്ഹാക്കിനോട് ഇപ്രകാരം പറഞ്ഞു: 'ഞാൻ നിന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെ വർദ്ധിപ്പിച്ച് നിന്റെ സന്തതിക്ക് ഈ ദേശമൊക്കെയും കൊടുക്കും. നിന്റെ സന്തതി

> **അതുകൊണ്ടാണ് തങ്ങളുടെ ആദ്യജാതന് അവർ കായേൻ' (യഹോവയാൽ ലഭിച്ച പുരുഷപ്രജ' അഥവാ യഹോവയെ എനിക്ക് പുരുഷപ്രജയായി ലഭിച്ചു') എന്ന് പേർ വിളിച്ചത്**

മുഖാന്തരം ഭൂമിയിലെ സകലജാതികളും അനുഗ്രഹിക്കപ്പെടും(ഉല്പ.26:5). ദൈവം ആദാമിനോട് വാഗ്ദത്തം ചെയ്തിരുന്ന സ്ത്രീയുടെ സന്തതി താനല്ലെന്ന് യിസ്ഹാക്കും മനസ്സിലാക്കി. മാത്രമല്ല, അത് ദൈവം തിരഞ്ഞെടുത്ത (ഉല്പ.25:23) തന്റെ ഇളയ സന്തതിയായ യാക്കോബ് ആയിരിക്കാം എന്ന് യിസ്ഹാക്ക് ചിന്തിച്ചിരിക്കും. എന്നാൽ ദൈവം യാക്കോബിനോട് ഇപ്രകാരം കല്പിച്ചു: 'നിന്റെ സന്തതി ഭൂമിയിലെ പൊടി പോലെ ആകും; നീ പടിഞ്ഞാറോട്ടും കിഴക്കോട്ടും വടക്കോട്ടും തെക്കോട്ടും പരക്കും; നീ മുഖാന്തരവും നിന്റെ സന്തതി മുഖാന്തരവും ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും (ഉല്പ.28:14) താൻ വാഗ്ദത്ത സന്തതിയുടെ പിതാവാണ്, വാഗ്ദത്ത സന്തതിയല്ല എന്നു അന്ന് അവിവാഹിതനായിരുന്ന യാക്കോബും മനസ്സിലാക്കി. പിന്നീട് തനിക്കുണ്ടായ പന്ത്രണ്ട് ആൺമക്കളിൽ ആരാണ് ആ വാഗ്ദത്ത സന്തതിയെന്ന് യാക്കോബിനു മനസ്സിലായത് മരണക്കിടക്കയിൽ വെച്ച് ദൈവം അത് വെളിപ്പെടുത്തിക്കൊടുത്തപ്പോഴാണ്: 'അവകാശമുള്ളവൻ വരുവോളം ചെങ്കോൽ യെഹൂദയിൽ നിന്നും രാജദണ്ഡ് അവന്റെ

കാലുകളുടെ ഇടയിൽ നിന്നും നീങ്ങിപ്പോകയില്ല. ജാതികളുടെ അനുസരണം അവനോട് ആകും (ഉല്പ.49:10) എന്ന് ദൈവദത്തമായ ജ്ഞാനത്താൽ യാക്കോബ് പറഞ്ഞു. അങ്ങനെ ആദാമിനോടും അബ്രാഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടും ദൈവം വാഗ്ദത്തം ചെയ്തിരുന്ന സന്തതി യെഹൂദാ ഗോത്രത്തിൽ നിന്ന് ഉത്ഭവിക്കും എന്ന് യിസ്രായേലിനെല്ലാം മനസ്സിലായി. പിന്നീട് നൂറ്റാണ്ടുകൾക്ക് ശേഷം യിസ്രായേലിലെ പുല്പുറങ്ങളിൽ ആടുകളെ മേയ്ച്ചു കൊണ്ടിരുന്ന ദാവീദിനെ ദൈവം തന്റെ ജനത്തിന്റെ ഇടയനായി നിയമിച്ചപ്പോൾ അവനോട് ഇപ്രകാരം പറഞ്ഞു: 'നിന്റെ ഉദരത്തിൽ നിന്ന് പുറപ്പെടുവാനിരിക്കുന്ന സന്തതിയെ നിന്റെ ആയുഷ്കാലം തികഞ്ഞിട്ട് നിന്റെ പിതാക്കന്മാരോട് കൂടെ നീ നിദ്ര കൊള്ളുമ്പോൾ ഞാൻ നിനക്ക് പിൻതുടർച്ചയായി സ്ഥിരപ്പെടുത്തുകയും അവന്റെ രാജത്വം ഉറപ്പാക്കുകയും ചെയ്യും. അവൻ എന്റെ നാമത്തിന് ഒരു ആലയം പണിയും. ഞാൻ അവന്റെ രാജത്വത്തിന്റെ സിംഹാസനം എന്നേക്കും സ്ഥിരമാക്കും. ഞാൻ അവന് പിതാവും അവൻ എനിക്ക് പുത്രനുമായിരിക്കും (2.ശമൂ.7:12-14) ഈ വാക്കുകളിൽ പറഞ്ഞിരിക്കുന്ന 'സന്തതി' ദൈവാലയം പണിത ശലോമോൻ ആണെന്ന് തോന്നാമെങ്കിലും യഥാർത്ഥത്തിൽ അത് ശലോമോനെപ്പറ്റിയല്ല. 13-ാം വാക്യത്തിൽ 'ഞാൻ അവന്റെ രാജത്വത്തിന്റെ സിംഹാസനം എന്നേക്കും സ്ഥിരമാക്കും എന്ന് പറഞ്ഞിരിക്കുന്നത് നോക്കുക. ശലോമോന്റെ രാജത്വത്തിന്റെ സിംഹാസനം സ്ഥിരമായിരുന്നില്ല. അവന്റെമരണശേഷം രാജ്യം തന്നെ രണ്ടായി വിഭജിക്കപ്പെട്ടു. മാത്രമല്ല, തന്റെ ജീവിതാന്ത്യത്തിൽ ശലോമോൻ സത്യദൈവത്തെ വിട്ട് മ്ലേച്ഛ വിഗ്രഹങ്ങളിലേക്ക് തിരിയുകയും അവയെ സേവിക്കുകയും ചെയ്തിരുന്നു. അവൻ പണിത ദൈവാലയവും സ്ഥിരമായിരുന്നില്ല. വർഷങ്ങൾക്കു ശേഷം, ബാബിലോണിയൻ ചക്രവർത്തിയായിരുന്ന നെബുഖദ്നേസർ യെരുശലേമിലെ ദൈവാലയം തകർത്തു തരിപ്പണമാക്കിക്കളഞ്ഞു, B.C.587 ൽ. ദൈവാലയത്തിനകത്തുണ്ടായിരുന്ന നിയമപ്പെട്ടകത്തെപ്പറ്റിയും ദാവീദിന്റെ സിംഹാസനത്തെപ്പറ്റിയും അതിനു ശേഷം ലോകത്തിന് യാതൊരു അറിവുമില്ല. ശലോമോന്റെ സന്തതി പരമ്പരകളിൽപെട്ട ഒരാളും ദാവീദിന്റെ സിംഹാസനത്തിൽ പിന്നീട് ഇരുന്നിട്ടുമില്ല!!

ദൈവം ദാവീദിനോട് പറയുന്ന 'സന്തതി' ആദാം മുതലിങ്ങോട്ട് ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്ന സന്തതിയാണ്. അവൻ പണിയുന്ന ആലയം ഭൗതികമല്ല; ഭൗതികമായതെല്ലാം നാശത്തിനു വിധേയമാകുന്നതാണ്. അവൻ പണിയുന്ന ആലയം നശിച്ചു പോകാത്ത നിത്യാലയമായിരിക്കും. അവന്റെ സിംഹാസനവും നിത്യമായിരിക്കും. ഇഹത്തിലുള്ളതെല്ലാം നാശത്തിനു വിധേയമാകുന്നതുകൊണ്ട്അവന്റെ രാജ്യം 'ഐഹികമായിരിക്കില്ല,' ആത്മീയമായിരിക്കും. ദൈവം ദാവീദിനോട് വാഗ്ദത്തം ചെയ്ത സന്തതി' ക്രിസ്തുവും, അവൻ ദൈവത്തിനു വേണ്ടി പണിത ആലയം, സ്ഥാപിക്കപ്പെട്ട അന്നു മുതൽ ഇന്നുവരെ സാത്താന്റെ പൈശാചിക തന്ത്രങ്ങൾക്ക് തകർക്കാൻ കഴിയാതെ നിലനില്ക്കുന്നതും എന്നാൽ ലോകത്തിനു കാണാൻ കഴിയാത്തതുമായ ദൈവസഭയാണെന്ന് സ്വച്ഛ സ്ഫടികം പോലെ സ്പഷ്ടം!! (തുടരും)

"അറിവില്ലാത്തവന്റെ സ്വഭാവശുദ്ധി ദുർബ്ബലവും പ്രയോജനരഹിതവുമത്രേ. സ്വഭാവശുദ്ധിയില്ലാത്തവന്റെ അറിവ് അപകടകാരിയും ബീഭത്സവുമാണ്.'' ജോൺസൺ.

" ഹൃദയം ശരിയല്ലാത്തവന്റെ തലയും ശരിയല്ല." യൂങ്ങ്.

**യേശുക്രിസ്തുവിന്റെ ദൈവികത്വത്തേയും ബൈബിളിന്റെ ദൈവികതയേയും ചോദ്യം ചെയ്തുകൊണ്ട് ബൈബിൾ വിമർശകർ, ഭൗതികവാദികൾ, യുക്തിവാദികൾ, നിരീശ്വരവാദികൾ, യഹോവയുടെ സാക്ഷികൾ, ക്രിസ്റ്റാഡൽഫിയൻസ്, ദുരുപദേശപ്രചാരകർ തുടങ്ങി ഒട്ടനവധി വിമർശകർ ഉന്നയിക്കുന്ന എല്ലാവിധ വിമർശനങ്ങൾക്കും പ്രത്യുത്തരം നല്കി വിമർശനങ്ങളെ സധൈര്യം നേരിടാൻ നിങ്ങളെ പ്രാപ്തരാക്കുന്ന പംക്തിയാണ് പ്രതിവാദം.**



**പ്രതിവാദം.** **സി.ഡി.വർഗീസ്.**

# മത്തായിയുടെ സുവിശേഷവും യേശുക്രിസ്തുവിന്റെ പൂർവ്വാസ്തിത്വവും .

**ചോദ്യം:** അപ്പസ്തോലനായ മത്തായിയല്ല സുവിശേഷ കർത്താവായ മത്തായിയെന്നതിനു പ്രസ്തുത സുവിശേഷം തന്നെ തെളിവു നല്കുന്നുണ്ട്. അപ്പസ്തോലനായ മത്തായിയെക്കുറിച്ച് പ്രതിപാദിക്കുന്നിടത്ത് മത്തായിയുടെ സുവിശേഷത്തിൽ 'ഞാൻ' എന്ന സർവ്വനാമത്തിനു പകരം 'അവൻ' എന്ന സർവ്വനാമമാണ് ഉപയോഗിച്ചിരിക്കുന്നത്. "യേശു അവിടെ നിന്നു പോകുമ്പോൾ മത്തായി എന്നു പേരുള്ള ഒരാൾ ചുങ്കസ്ഥലത്തിരിക്കുന്നതു കണ്ടു. അയാളോട് അവൻ പറഞ്ഞു: 'എന്നെ അനുഗമിക്കുക.' അയാൾ എഴുന്നേറ്റു അവനെ അനുഗമിച്ചു. മത്തായിയാണ് ഈ ഭാഗങ്ങൾ എഴുതിയതെങ്കിൽ 'അവൻ' എന്നതിനു പകരം 'ഞാൻ' എന്നായിരുന്നില്ലേ പ്രയോഗിക്കേണ്ടിയിരുന്നത്?

**ഉത്തരം:** ഈ പ്രശ്നത്തിനു മറുപടി പറയും മുമ്പേ, താങ്കൾ മുസ്ലീംമത വിശ്വാസിയാണെന്നതിനാൽ ഇതേ പ്രശ്നം ഖുർആനിൽ ഉള്ളതു ഒന്നു ചൂണ്ടിക്കാണിച്ചോട്ടെ. താങ്കളുടെ മറുപടി എന്തായിരിക്കും എന്നു അറിയാമല്ലോ. " (നബിയേ,) കാര്യത്തിന്റെ തീരുമാനത്തിൽ നിനക്ക് യാതൊരു അവകാശവുമില്ല. അവൻ (അല്ലാഹു) ഒന്നുകിൽ അവരുടെ പശ്ചാത്താപം സ്വീകരിച്ചേക്കാം. അല്ലെങ്കിൽ അവരെ ശിക്ഷിച്ചേക്കാം. തീർച്ചയായും അവർ അക്രമികളാകുന്നു. (ഖുർആൻ 3:128). അല്ലാഹു തന്നെക്കുറിച്ച് മുഹമ്മദ് നബിയോടു പറയുന്നതാണ് പ്രസ്തുത വാക്യം. ഇവിടെ തന്നെക്കുറിച്ചു തന്നെയാണ് 'അവൻ' എന്നു അല്ലാഹു പറയുന്നത് എന്നതു ഓർക്കണം. മുഹമ്മദ് നബി എഴുതിയതല്ല ഈ വചനങ്ങൾ. നബിയോ അതുപോലുള്ള മറ്റാരെങ്കിലുമോ പറഞ്ഞതുമല്ല. സ്വർഗ്ഗത്തിൽ ഉണ്ടായിരുന്ന സുരക്ഷിത പലകയിൽ (ലൗഹുൽ മഹ്ഫൂസ്) ഖുർആൻ ആദ്യം എഴുതപ്പെട്ടു എന്നും അനുഗ്രഹീത രാത്രിയിൽ (ലൈലത്തുൽ ഖദ്റിൽ) ഏറ്റവും താഴെയുള്ള സ്വർഗ്ഗത്തിലേക്കു അയക്കപ്പെട്ടു എന്നും അതിനുശേഷം വാക്യം വാക്യമായി ഗബ്രിയേൽ ദൂതൻ മുഖാന്തരം മുഹമ്മദ് നബിക്കു പറഞ്ഞുകൊടുത്തു എന്നും ആണ് വിശ്വസിക്കപ്പെടുന്നത്. അതായത്, അല്ലാഹു ഇറക്കിക്കൊടുത്ത വചനമാണ് ഖുർആൻ. അങ്ങനെയുള്ള ഖുർആനിൽ 'ഞാൻ' എന്ന സർവ്വനാമത്തിനു പകരം 'അവൻ' എന്ന സർവ്വനാമമാണ് ഉപയോഗിച്ചിരിക്കുന്നത്. ഇത് ഖുർആനിന്റെ ആധികാരികതയെ ചോദ്യം ചെയ്യുന്നതല്ലെങ്കിൽ, ദൈവം അരുളിച്ചെയ്തിട്ടു മനുഷ്യർ തങ്ങളുടെ ഭാഷയിൽ രചിച്ച പുസ്തകത്തിന്റെ ആധികാരികതയെ ചോദ്യം ചെയ്യാൻ മുതിരുന്നത് യുക്തമാണോ? "അവനത്രെ കളിമണ്ണിൽ നിന്നും നിങ്ങളെ സൃഷ്ടിച്ചത്. എന്നിട്ടവൻ ഒരവധി നിശ്ചയിച്ചിരിക്കുന്നു. അവങ്കൽ നിർണ്ണിതമായ മറ്റൊരു അവധിയുമുണ്ട്. എന്നിട്ടും നിങ്ങൾ സംശയിച്ചുകൊണ്ടിരിക്കുന്നു. അവൻ തന്നെയാണ് ആകാശങ്ങളിലും ഭൂമിയിലും സാക്ഷാൽ ദൈവം. നിങ്ങളുടെ രഹസ്യവും നിങ്ങളുടെ പരസ്യവും അവൻ അറിയുന്നു. നിങ്ങൾ നേടിയെടുക്കുന്നതും അവൻ അറിയുന്നു." ( ഖുർആൻ

6:2,3). ഇവിടെയും അല്ലാഹു 'ഞാൻ' എന്ന സർവ്വനാമ ത്തിനു പകരം 'അവൻ' എന്ന സർവ്വനാമം തന്നെയല്ലേ ഉപയോഗിച്ചിരിക്കുന്നത്? ഇത്തരം നിരവധി വാക്യങ്ങൾ ഖുർആനിലുണ്ട്. ഇവിടെ അല്ലാഹു 'അവൻ' എന്നു പറയുന്നത് മറ്റേതെങ്കിലും ദൈവത്തെക്കുറിച്ചായി രിക്കുമോ? എങ്ങനെയാണ് ആണെന്നോ അല്ലെന്നോ പറയുക? താങ്കൾ ഉന്നയിച്ച വാദമനുസരിച്ച്, അല്ലാഹു ഇറക്കിക്കൊടുത്ത വചനമാണ് ഖുർആൻ എന്നുള്ള അവകാശവാദം സത്യമല്ല എന്നു വരും. മാത്രമല്ല, ഖുർആനിന്റെ ഗ്രന്ഥകർത്തൃത്വം മുഹമ്മദ് നബിയിലോ മറ്റേതെങ്കിലും മനുഷ്യനിലോ ആരോപിക്കപ്പെടേണ്ട തായും വരും.

ബൈബിളിന്റെ എഴുത്തുകാരാരും തന്നെ ബൈബിളിലെ പുസ്തകങ്ങൾ ഒന്നും സ്വന്തം പേരു നിലനിർത്തുന്നതിനൊ സ്വന്തതാത്പര്യങ്ങൾ സംര ക്ഷിക്കുന്നതിനൊ അതുമല്ലെങ്കിൽ, സ്വന്തം ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനോ വേണ്ടി എഴുതിയവയല്ല. അതു കൊണ്ടുതന്നെ, ഗ്രന്ഥകർത്താക്കൾ തങ്ങൾ ആണെണ് ജനം തിരിച്ചറിയുന്നതിനു അവർ ആഗ്രഹിച്ചിരുന്നുമില്ല. തങ്ങൾ പുകഴ്ത്തപ്പെടാനുള്ള സാദ്ധ്യതകളല്ല മറിച്ച്, സകല പുകഴ്ച്ചക്കും യോഗ്യനായവനെ ഉയർത്തുക എന്ന ഏകലക്ഷ്യമേ ഉണ്ടായിരുന്നുള്ളു. യോഹന്നാൻ സ്നാപകൻ പറയുന്നത് കേൾക്കുക: "അവൻ വളരേ ണം, ഞാനോ കുറയേണം". (യോഹന്നാൻ 3:30). "എ ന്നാൽ നിങ്ങൾ അറിയാത്ത ഒരുത്തൻ നിങ്ങളുടെ ഇടയിൽ നില്ക്കുന്നുണ്ട്; എന്റെ പിന്നാലെ വരുന്നവൻ തന്നെ; അവന്റെ ചെരിപ്പിന്റെ വാറു അഴിക്കുവാൻ പോ ലും ഞാൻ യോഗ്യനല്ല." (യോഹന്നാൻ 1:26,27). ദൈവിക വെളിപ്പാടു ലഭിച്ചവരുടെ കാഴ്ചപ്പാടുകൾ ഇപ്രകാരമാണ്. സ്രഷ്ടാവായ ദൈവം സൃഷ്ടികളോട് തന്റെ നിയമങ്ങളും ചട്ടങ്ങളും ദൂതുകളും അറിയിക്കു വാൻ ചില വ്യക്തികളെ നിയോഗിക്കുകയും അവർക്കു അവ വെളിപ്പെടുത്തുകയും ചെയ്തു. ഇപ്രകാരം വെളി പ്പാടു ലഭിച്ചവർ അക്കാലത്തു തങ്ങൾകൂടി ഉൾപ്പെടുന്ന സമൂഹത്തിനു ഗ്രഹിക്കുവാൻ സാദ്ധ്യമായ വിധമായി രുന്നു അവയുടെ രചന നിർവ്വഹിച്ചത്. ഭാഷയുടെ മുഖ്യ ഉദ്ദേശ്യമെന്നത് സംവേദനമാണ്. അനുദിനജീവിത ത്തിലുപയോഗിക്കുന്ന ഭാഷയും, അക്കാദമിക സാഹിത്യഭാഷയും തമ്മിൽ അന്തരമുണ്ട്. ബൈബിൾ രചനാ കാലഘട്ടത്തിൽ അക്കാദമിക ശൈലി നിലവിലു ണ്ടായിരുന്നുവെന്നു കരുതാനാവില്ല. ദൈവം നല്കിയ ആശയങ്ങൾക്കോ നിയമങ്ങൾക്കൊ യാതൊരു കോട്ടവും തട്ടാതെ, പ്രസ്തുത കാലയളവിൽ തങ്ങളുടെ ദേശത്തു നിലനിന്നിരുന്ന ഭാഷയിലും ശൈലിയിലുമാണ് അവ രേഖപ്പെടുത്തിയിട്ടുള്ളത്. തങ്ങളുടെ സാംസ്കാരികവും സാമൂഹ്യവും സാഹിത്യപരവുമായ സവിശേഷതകൾ പരിരക്ഷിച്ചുകൊണ്ട് അവയിലൂടെ ദൈവത്തിന്റെ സന്ദേശം തെറ്റുകൂടാതെ രേഖപ്പെടുത്തുന്നതിനു ദൈ വാത്മാവ് അവർക്കു പ്രചോദനം നല്കുകയായിരുന്നു. സന്ദേശം ദൈവികമായിരുന്നെങ്കിലും സന്ദേശപ്രച രണത്തിനു പരിചിതമല്ലാത്ത ഭാഷയോ ശൈലിയോ ആയിരുന്നില്ല ഉപയോഗിച്ചത്.

**ചോദ്യം:** മനുഷ്യനായി ജനിക്കുന്നതിനു മുമ്പ് യേശുക്രിസ്തുവിനു അസ്തിത്വമി ല്ലായിരുന്നുവെന്ന ക്രിസ്റ്റാഡൽഫിയൻസിന്റെ വാദത്തെക്കുറിച്ച് താങ്കളുടെ അഭിപ്രായം എന്താണ്?

**ഉത്തരം:** മനുഷ്യനായി ജനിക്കുന്നതിനു മുമ്പ് യേശുക്രിസ്തുവിനു അസ്തിത്വമില്ലായിരുന്നുവെന്നു പഠിപ്പിക്കുന്നതിനെ ബൈബിൾ നിരാകരിക്കുന്നു. മാത്ര മല്ല, ദൈവവചനം യേശുക്രിസ്തുവിന്റെ പൂർവ്വാസ്തി ത്വത്തെ അതിശക്തമായി പ്രതിഫലിപ്പിക്കുകയും ചെ യ്യുന്നു. "ആദ്യജാതനെ പിന്നെയും ഭൂതലത്തിലേക്കു പ്രവേശിപ്പിക്കുമ്പോൾ ദൈവത്തിന്റെ സകല ദൂതന്മാരും അവനെ നമസ്ക്കരിക്കേണം എന്നു അരുളിച്ചെയ്യുന്നു" (എബ്രായർ 1:6) എന്നു നാം വായിക്കുന്നു. മനുഷ്യ വേഷത്തിൽ ഭൂതലത്തിലേക്കുള്ള യേശുക്രിസ്തുവിന്റെ പ്രവേശത്തെ സൂചിപ്പിക്കുകയാണിവിടെ. ദൂതന്മാരേ ക്കാൾ താഴ്ച വന്നവനായിട്ടാണ് ക്രിസ്തു വേഷത്തിൽ മനുഷ്യനായി ജനിച്ചതിനെ ബൈബിൾ ചിത്രീകരി ച്ചിട്ടുള്ളത്. (എബ്രായർ 2:9). തങ്ങളെക്കാൾ താഴ്ന്ന പദവിയിലുള്ളവരെ നമസ്ക്കരിക്കേണ്ട ആവശ്യം ഉയർന്ന പദവിയിലുള്ളവർക്കില്ല എന്നത് വാസ്തവമല്ലോ. അതുകൊണ്ട് താഴ്മ ധരിച്ച ക്രിസ്തുവിനെ ദൂതന്മാർ നമസ്ക്കരിക്കാതിരിക്കാനുള്ള സാധ്യതയുണ്ട്. അതി നാലാണ് ദൂതന്മാർ ഒരുകാരണവശാലും നമസ്ക്ക രിക്കാതിരിക്കാതിരിക്കരുത് എന്ന ഉദ്ദേശ്യത്തിൽ, വേഷ

ത്തിൽ മനുഷ്യനായി പിറന്ന, ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസി ക്കുന്ന ക്രിസ്തുവിനെ നമസ്ക്കരിക്കേണം എന്നു കല്പിച്ചത്. മനുഷ്യവേഷത്തിൽ വസിക്കുമ്പോഴല്ലാതെ മറ്റൊരവസരത്തിലും അവസ്ഥയിലും ക്രിസ്തുവിനെ നമസ്ക്കരിക്കാതിരിക്കാനാവില്ല എന്നത് സത്യമല്ലോ. അപ്പോൾപിന്നെ ഇത്തരമൊരു കല്പന കൊടുത്തതിന്റെ കാരണവും അതുതന്നെയാവണം. എബ്രായർ 1:6–ാം വാക്യത്തിലെ 'പിന്നെയും' എന്ന പ്രയോഗം യേശുവിന്റെ മാനുഷിക ജന്മത്തിനു മുമ്പു താൻ ഭൂതലത്തിൽ പ്രവേശി ച്ചിരുന്നുവെന്നു പ്രസ്താവിക്കുന്നു. "അവനിലല്ലോ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപ മായി വസിക്കുന്നത്." (കൊലോ സ്യർ 2:9). ദൈവത്തിന്റെ സമ്പൂർ ണ്ണത ദേഹരൂപത്തിൽ വസിക്കു ന്നത് ക്രിസ്തുവിൽ മാത്രമാണ് അഥവാ, ദൈവിക സമ്പൂർണ്ണത യുടെ ദേഹരൂപമാണ് ക്രിസ്തു. അതുകൊണ്ടുതന്നെ ദേഹരൂപ ത്തിൽ യഹോവ പ്രത്യക്ഷപ്പെട്ടു വെന്നു നാം വായിക്കുന്നിടത്ത് പ്രത്യക്ഷനായത് ക്രിസ്തു വാണെന്നത് വ്യക്തം. പിതാവ് ആത്മരൂപിയാണെന്നതാണ് ദൈവവചനത്തിന്റെ പഠിപ്പിക്കൽ. (യോഹന്നാൻ4:24). അതിനാൽ, "ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല" (യോഹന്നാൻ 1:18, 6:46) എന്ന വാക്യവും അന്വർ ത്ഥമാകുന്നു. ആദവും മോശെ യുമൊക്കെ കണ്ടത് ക്രിസ്തു വിനെ ആയിരുന്നുവെന്നത് സംശയലേശമെന്യേ വിശ്വസി ക്കാവുന്ന വസ്തുതയാണ്. ഉല്പ ത്തി 3:8,32:40, പുറപ്പാട് 24:10, 32:23, ന്യായാധിപന്മാർ 6:22,13:22 എന്നീ വാ ക്യങ്ങളെല്ലാം യഹോവയെ കണ്ടുവെന്നു തോന്നിപ്പിക്കുന്ന ഭാഗങ്ങളാണ്. അവ ക്രിസ്തുവിനെ യാണ് ചിത്രീകരിക്കുന്നത്. കാരണം, യഹോവ ദേഹരൂപമായി വസിക്കുന്നുവെന്ന് ദൈവവചനം സാക്ഷിക്കുന്നില്ല. അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപമാണെന്നു കോലോസ്യർക്കുള്ള ലേഖനം സമർത്ഥിക്കുന്നുമുണ്ട്. ( കൊലോസ്യർ 1:15).

"അബ്രഹാമിനു മുമ്പേ ഞാനുണ്ടായി രുന്നു."(യോഹന്നാൻ 8:58). മറിയയിലൂടെയുള്ള തന്റെ ജനനത്തിനു മുമ്പ്, അബ്രഹാമും ജനിക്കുന്ന തിനു മുമ്പ് തനിക്ക് അസ്തിത്വമുണ്ടായിരു ന്നുവെന്ന് ക്രിസ്തു അവകാശപ്പെടുന്നു. അവൻ സകലത്തിനും മുമ്പേ ഉള്ളവനെ ന്നും സകലവും അവൻ മുഖാന്തരം സൃ ഷ്ടിക്കപ്പെട്ടുവെന്നും കോലോസ്യർ ക്കുള്ള ലേഖനത്തിൽ വിവരിക്കുന്നു. ( കൊലോസ്യർ 1:16, 17). ക്രിസ്തു വെറും മനുഷ്യൻ മാത്രമായിരുന്നു വെന്ന വാദവും ഇവിടെ ചോദ്യം ചെ യ്യപ്പെടുന്നു. വെറും മർത്യനായ ഒ രുവന് സർവ്വവും സൃഷ്ടിക്കുവാ നോ, സർവ്വസൃഷ്ടിക്കും ആധാര മായിരിപ്പാനോ, ദൈവത്തിന്റെ സകല സമ്പൂർണ്ണതയും ഉൾ ക്കൊണ്ടു വസിക്കുവാനോ കഴിയില്ലല്ലോ. "ദൈവം ജഡത്തിൽ വെളിപ്പെട്ടുവെന്നു 1 തിമൊഥെ യോസ് 3:16 അർത്ഥശങ്കയ്ക്കിട യില്ലാതവണ്ണം പ്രസ്താവിക്കുന്നു. ഇക്കാരണങ്ങളാൽ മനുഷ്യനായി പിറക്കും മുമ്പ് യേശുക്രിസ്തു വിനു അസ്തിത്വമുണ്ടായിരുന്നു എന്ന വസ്തുത അനിഷേധ്യമായി നിലകൊള്ളുന്നു. ഇനിയും വളരെ യധികം വാക്യങ്ങൾ ബൈബിളിൽ നിന്നും ഉദ്ധരിക്കാനുണ്ട് എന്നുകൂടെ ഓർ മ്മിപ്പിക്കുന്നു.

**മനുഷ്യ വേഷത്തിൽ ഭൂതലത്തിലേക്കുള്ള യേശു ക്രിസ്തുവിന്റെ പ്രവേശത്തെ സൂചിപ്പിക്കുകയാണിവിടെ. ദൂതന്മാരേക്കാൾ താഴ്ച വന്നവനായിട്ടാണ് ക്രിസ്തു വേഷത്തിൽ മനുഷ്യനായി ജനിച്ചതിനെ ബൈബിൾ ചിത്രീകരിച്ചിട്ടുള്ളത്. (എബ്രായർ 2:9).**

**സീക്കേഴ്സ് പാത്ത്**
**9447518465**

# സങ്കല്പം ചരിത്രമാക്കിയതുകൊണ്ട് വന്നുചേർന്ന വിനകൾ.

പി. ഐ. എബ്രഹാം. (കാനം അച്ചൻ)

ചില ആളുകൾക്കു സങ്കല്പം ചരിത്രമാക്കാൻ വലിയ തത്രപ്പാടാണ്. സിനിമാക്കഥകൾ നാം വായിച്ചാൽ ഒറ്റനോട്ടത്തിൽ അത് ചരിത്രമാണെന്നു തോന്നും. നോവലുകൾ പലപ്പോഴും ചരിത്രത്തിന് കളങ്കമായിത്തീരാറുണ്ട്. തൊട്ടുപറയുന്നതിൽ ദുഃഖമുണ്ട്; ഭാരതീയ മതസാഹിത്യം അപഗ്രഥിച്ചു പഠിച്ചാൽ ഭൂരിഭാഗവും സങ്കല്പം ചരിത്രമാക്കി മാറ്റിയതാണ്. മതങ്ങളുടെ രൂപകല്പനയെക്കുറിച്ച് കുമാരനാശാൻ പാടിയത് എനിക്കു നല്ല തെളിവാണ്.

''ഇന്നലെച്ചെയ്തോരബദ്ധം
മൂഢർക്കിന്നത്തെ ആചാരമാകാം
നാളത്തെ ശാസ്ത്രമതാകാം, അതിൽ
മൂളായ്ക സമ്മതം രാജൻ.''

അർത്ഥം മനസ്സിലായോ? പണ്ട് ഒരു ഭവനത്തിൽ പൂജ നടന്നു. വർഷങ്ങൾക്ക് ശേഷം വീണ്ടും പൂജ നടത്തുവാൻ മക്കൾ തീരുമാനിച്ചു. എന്തെല്ലാം വകകളാണ് വേണ്ടതെന്നു അവർ തിരക്കി. ആദ്യത്തെ പൂജയിൽ സംബന്ധിച്ച ഒരു വയസ്സനെ കണ്ടെത്തി. അയാൾ തന്റെ ഓർമ്മ പങ്കുവെച്ചു. അവിലും, മലരും, പഴവും, നെയ്യും അങ്ങനെ എല്ലാം സംഘടിപ്പിച്ചു. എല്ലാമായോ എന്നു തിരക്കി. വയസ്സൻ പറഞ്ഞു:"ഒരോർമ്മ കൂടിയുണ്ട്. ഒരു കറുത്ത പൂച്ചയെ അടുത്ത മുറിയിൽ ഒരു കൊട്ടക്കീഴിൽ അടച്ചിട്ടതായിട്ടാണ് ഓർമ്മ." കേട്ടതു പാതി പുതിയ പൂജക്കാർ കറുത്ത പൂച്ചക്കു നടപ്പു തുടങ്ങി. അടച്ചിട്ടശേഷം വേണമല്ലോ പൂജ തുടങ്ങാൻ. വായനക്കാർക്ക് രസം കിട്ടിയോ? തേനും നെയ്യും മറ്റും അപഹരിക്കാൻ ശ്രമിച്ച ഒരു കറുത്ത പൂച്ച ഉണ്ടായിരുന്നു. ശല്യം ഒതുക്കാൻ അതിനെ കൊട്ടക്കീഴിൽ അടച്ചതാണ്. നാളുകൾക്കു ശേഷം അതൊരാചാരവും അത്യാവശ്യവുമായിത്തീർന്നു. ഇതാണ് ശ്രീനാരായണ ശിഷ്യനായ കുമാരനാശാന്റെ വിവക്ഷ. ഇന്നത്തെ മിക്ക മതങ്ങളെയും ഈ കണ്ണാടിയിൽ നമുക്കു വിലയിരുത്താവുന്നതാണ്.

ഗണപതിയും സുബ്രഹ്മണ്യനും തമ്മിൽ വഴക്കു പിടിച്ചതായും ഗണപതിയുടെ ഒരു കൊമ്പ് സഹോദരൻ ഒടിച്ചതായും പുരാണമുണ്ട്. ഗണപതിയുടെ ആ നഷ്ടം ഇന്നും നികത്തിക്കാണുന്നില്ല. ആൾ ഒറ്റക്കൊമ്പനാണ്. എന്നെ സംബന്ധിച്ചു പറഞ്ഞാൽ, ഗണപതിയെന്നും സുബ്രഹ്മണ്യനെന്നും പേരുള്ള രണ്ടുപേർ തമ്മിൽ വഴക്കുകൂടിക്കാണും. ഒരാൾ മറ്റേയാളിന് ദേഹോപദ്രവവും ഏല്പിച്ചു കാണും. പക്ഷെ, അവരെ ദൈവങ്ങളായി ചിത്രീകരിക്കുന്നതിലാണ് എനിക്കു വിയോജിപ്പ്. രണ്ടു കാരണങ്ങൾ എനിക്കുണ്ട്. ഒന്ന്, ദൈവമാണെങ്കിൽ വഴക്കുണ്ടാക്കുകയില്ല. മറ്റൊന്ന്, കേടുപറ്റിയാൽ അത് പരിഹരിക്കാൻ കഴിവുണ്ടായിരിക്കും. എന്റെ ആശയം തുറന്നു പറയാം. ആരോ കലഹപ്രിയരായ ആളുകൾ ഇങ്ങനെയുള്ള കഥകൾ എഴുതി അവയ്ക്കു ദൈവിക പശ്ചാത്തലം നല്കി. നാളുകൾ നീങ്ങിയപ്പോൾ ആശാൻ പാടിയതുപോലെ അബദ്ധം ആചാരമായി. ആചാരം ശാസ്ത്രമായി. ആ കഥ അവിടെ നില്ക്കട്ടെ!

പുരാണങ്ങളിൽ ചില മലകളും സാഗരങ്ങളും ഒക്കെ പരാമർശിക്കപ്പെടുന്നുണ്ട്. "മഹാമേരു" എന്ന പർവ്വതം ഞാനും നിങ്ങളും ഈ ഭൂമിയിലെങ്ങും കണ്ടിട്ടില്ല. അതുപോലെ, എന്റെ ദീർഘസഞ്ചാരങ്ങളിൽ ഞാൻ പാൽക്കടലും കണ്ടിട്ടില്ല. ചരിത്രത്തിനും ഭൂമിശാസ്ത്രത്തിനും യോജിക്കാത്ത ഭാവനകൾക്കു മതം സ്ഥാനം കൊടുത്തു. എന്നാൽ, ബൈബിളിൽ കാണുന്ന മലകളും പുഴകളും ഇന്നും അവിടെത്തന്നെയുണ്ട്. സ്ഥലങ്ങൾക്കു മറ്റു പേരുകൾ മാറി വന്നിരിക്കാം. പക്ഷെ, സ്ഥലങ്ങൾ ഒരു യാഥാർത്ഥ്യമാണ്. കാരണം, വേദപുസ്തകം സത്യ

ഗ്രന്ഥമാണ്. അതു ദൈവത്തിന്റെ വചനവുമാണ്. നാം അറിയേണ്ടതൊക്കെ അത് വ്യക്തമാക്കിയിട്ടുണ്ട്. അറിയാൻ അത്യാവശ്യമില്ലാത്തത് ചെന്നറിയാൻ വേണ്ടി ഒഴിച്ചിട്ടിരിക്കയുമാണ്. ദൃഷ്ടാന്തം പറയാം സ്വർഗ്ഗത്തിൽ എത്താനുള്ള വഴി ബൈബിളിലുണ്ട്. സ്വർഗ്ഗത്തിൽ എന്തെല്ലാം വിഭവങ്ങളുണ്ട് എന്നു പറഞ്ഞിട്ടില്ല. അങ്ങനെ നമുക്കു കാര്യങ്ങളെ വിലയിരുത്താം.

യേശു ജനിച്ചത് ഭൂമിയിലാണെന്നുള്ളതിനു തർക്കമില്ല. പുല്ക്കൂട്ടിലാണോ കല്ലടാവിലാണോ എന്നുള്ളതിലാണ് തർക്കം. അതെവിടെയെങ്കിലുമാകട്ടെ. അത് നമ്മുടെ രക്ഷക്കു ബാധകമായി നില്ക്കുന്നില്ല. വസ്തുതകൾക്കു പ്രാധാന്യം നല്കാതെ അപ്രധാന വിഷയങ്ങൾക്കു അമിത പ്രാധാന്യം നല്കുന്ന ചിലരെക്കാണുമ്പോൾ സഹതാപം തോന്നാറുണ്ട്. യേശുവിന്റെ ശൈശവ പ്രായത്തിൽ (ജനിച്ച ദിവസമല്ല) നസ്രേത്തിലെ വീട്ടിൽ വിദ്വാന്മാർ വന്നു തന്നെ കണ്ടു നമിച്ചതായി വായിക്കുന്നു. ഈ വിദ്വാന്മാർ ആരാണ്? ഇവയ്ക്കെല്ലാം സങ്കല്പങ്ങളാണ് മനുഷ്യന്റെ മറുപടി. കേവലം മൂന്നു വിദ്വാന്മാർ ആയിരുന്നു എന്നു ചിലർ. പക്ഷെ, മൂന്നു വിദ്വാന്മാർ എന്നു വചനത്തിലില്ല. ഇവർ രാജാക്കളായിരുന്നു എന്നൊരു കൂട്ടർ. രാജാക്കൾക്കു പിറവത്തും മറ്റും പള്ളി വെച്ചുകൊടുത്തിട്ടുണ്ട്. അവർ പിറവത്തുനിന്നു പോയതായിട്ട് ചില സാധുക്കൾ വിശ്വസിക്കുന്നു. അവരെ ആർക്കു തിരുത്താൻ കഴിയും? ഒരു പുരുഷാരം അവരോടൊപ്പം ഉണ്ടായിരുന്നുവെന്നും അതുകൊണ്ടാണ് യരുശലേമ്യർ അവരെ കണ്ടു ഭ്രമിച്ചതെന്നും മറ്റൊരു കൂട്ടരുടെ ഭാവന. സങ്കല്പം അതുകൊണ്ടും അടങ്ങുന്നില്ല. ഈ വിദ്വാന്മാർ പാരസികന്മാർ ആയിരുന്നുവെന്നു സുറിയാനി സാഹിത്യങ്ങളിൽ ഉണ്ട്. ഒരു ലോകരക്ഷകനു വേണ്ടി അവിടെ കാത്തിരുന്ന ചിലർക്കു ആ ജന്മനക്ഷത്രം ദൃശ്യമായി എന്നാണ് അവിടുത്തെ പക്ഷം. ഇതൊക്കെ സഹിക്കാം. സഹിച്ചുകൂടാത്ത മറ്റൊന്നു ഈ ലേഖകൻ കേട്ടിട്ടുണ്ട്. ഈ ജ്ഞാനികൾ ഇന്ത്യയിൽ നിന്നു പോയവരാണത്രേ! അവരിലൊരാൾ വിശ്വാമിത്രൻ ആയിരുന്നുവെന്നു പറയാനും അവർക്കു ലജ്ജയില്ല. വിശ്വാമിത്രനും മേനകയുമായിട്ടുള്ള കഥ ഇവർ മറന്നു കാണും.

സങ്കല്പരാജ്യം ആർക്കും ഭരിക്കാവുന്ന രാജ്യമാണ്. ക്രിസ്ത്യാനിയുടെ സങ്കല്പം ഒട്ടും പിന്നിലല്ല. തോമാസ്ലീഹാ എ.ഡി.52-ൽ ഇവിടെ എത്തി. ഇത് ചരിത്രമാണെങ്കിൽ എനിക്കു സന്തോഷമേയുള്ളൂ. പക്ഷെ, അസംബന്ധങ്ങൾ സൃഷ്ടിച്ച് അദ്ദേഹത്തെ പരിഹസിക്കരുത്.

> ബൈബിളിൽ കാണുന്ന മലകളും പുഴകളും ഇന്നും അവിടെത്തന്നെയുണ്ട്. സ്ഥലങ്ങൾക്കു മറ്റു പേരുകൾ മാറിവന്നിരിക്കാം. പക്ഷെ, സ്ഥലങ്ങൾ ഒരു യാഥാർത്ഥ്യമാണ്. കാരണം, വേദപുസ്തകം സത്യഗ്രന്ഥമാണ്. അതു ദൈവത്തിന്റെ വചനവുമാണ്. നാം അറിയേണ്ടതൊക്കെ അത് വ്യക്തമാക്കിയിട്ടുണ്ട്. അറിയാൻ അത്യാവശ്യമില്ലാത്തത് ചെന്നറിയാൻ വേണ്ടി ഒഴിച്ചിട്ടിരിക്കയുമാണ്.

എ.ഡി.2-ാം നൂറ്റാണ്ടിനുശേഷം മാത്രമാണ് യഹൂദമാതൃകയിലുള്ള പള്ളികൾ സഭയിൽ കടന്നുകൂടിയത് എന്നത് ചരിത്രകാരന്മാർ സമ്മതിച്ചിട്ടുള്ള സത്യമാണ്. ഈ സത്യം മറന്നിട്ട് തോമസ് ഒന്നാം നൂറ്റാണ്ടിൽ തന്നെ 71/2 പള്ളിക്കെട്ടിടങ്ങൾ ഉണ്ടാക്കിയെന്നു പറയാൻ ലജ്ജയില്ലാത്തതിലാണ് എന്റെ സങ്കടം. അരപ്പള്ളി എന്താണെന്നു ഞാൻ പലരോടും ചോദിച്ചിട്ടുണ്ട്. തുടങ്ങിയ പള്ളി തീർക്കാൻ

വകയില്ലാതെ പോയതാണെന്നാണ് ഒരു പക്ഷം. ദൈവമേ, തോമാസ്ലീഹായുടെ കടബാദ്ധ്യത! ഇനി മറ്റൊരാൾ പറഞ്ഞത്, അരപ്പള്ളി ഒരു കുരിശുപള്ളി ആയിരുന്നെന്നാണ്. കുസ്തന്തീനോസ് ചക്രവർത്തി സഭയിൽ കയറി ഇടപെടുന്നതുവരെ ക്രിസ്ത്യാനികൾ ആരാധനയോടുള്ള ബന്ധത്തിൽ കുരിശുകൾ ഉപയോഗിച്ചിരുന്നതേയില്ല. സങ്കല്പം ചരിത്രമായി തീർന്നതുകൊണ്ട് ക്രിസ്ത്യാനികൾ പോലും അതു വിശ്വസിച്ച് വശായിരിക്കുകയാണ്.

തോമാസ്ലീഹാ പള്ളികൾ പണിതു എന്നതു തന്നെ അസംബന്ധമാണ്. അദ്ദേഹം പ്രാർത്ഥനാ കൂട്ടങ്ങൾ സ്ഥാപിച്ചു കാണും. പള്ളിക്കെട്ടിടങ്ങൾ തോമസിനോ, പത്രോസിനോ, പൗലോസിനോ ഒന്നും ഒരു വിഷയമായിരുന്നതായി വേദപുസ്തകത്തിലില്ല. മറ്റപ്പസ്തോലന്മാർ ചെയ്തതിനു വിരുദ്ധമായി തോമസ് ഒരുവൻ മാത്രം വല്ലതും രചയ്തു എന്നു വരുന്നതും ശരിയല്ലല്ലോ. ആ വിശുദ്ധന്റെ പേരിൽ ഉണ്ടാക്കി വെച്ചിരിക്കുന്ന ഒരു മഹാചതിവ് ഞാൻ പറയാം. അദ്ദേഹം നാലു ബ്രാഹ്മണ കുടുബക്കാർക്ക് പട്ടം കൊടുത്തെന്നാണ് ആ സങ്കല്പം. കുടുംബക്കാരുടെ പേരുകൾ കേൾക്കുക. പകലോമറ്റം, ശങ്കരപുരി, കള്ളി, കാളിയാങ്കൽ. നല്ല രസം തന്നെ. ഇവിടെ ഒരു നൂറായിരം ചോദ്യങ്ങൾ എന്റെ മനസ്സിൽ ഉണരുന്നു. ഒന്നാമത്, പട്ടംകൊട ക്രിസ്തീയ സഭയിലുണ്ടോ? ഒരിക്കലുമില്ല. അത് ജാതീയ ആരാധനയോടും യഹൂദാനിയമങ്ങളോടും ചേർന്നു കിടക്കുന്നതാണ്. ക്രൈസ്തവ സഭയിൽ പൗരോഹിത്യമേയുള്ളു. അത് വിശ്വാസികൾക്കു പൊതുവിലുള്ളതാണ്. സത്യം ഇങ്ങനെയിരിക്കെ, ഒന്നാം നൂറ്റാണ്ടിൽ സ്ലീഹാ പട്ടം കൊടുത്തു എന്നു വന്നാൽ, സ്വർഗ്ഗം ദുഃഖിക്കുകയും നരകം സന്തോഷിക്കുകയും ചെയ്യും. അതിരിക്കട്ടെ, ക്രിസ്തീയ സഭയിൽ കുലമഹിമ ഉണ്ടോ? വർഗ്ഗവർണ്ണ ഭേദം കൂടാതെ വിശ്വസിക്കുന്ന യഹൂദനും യവനനും ഒരേ പദവിനല്കുന്ന ഇടമാണ് ദൈവസഭ. ക്രിസ്തീയ ശുശ്രൂഷകൾക്കു പോലും സ്ഥാനമാനാദികൾ നോക്കാറില്ല. ആത്മീയ യോഗ്യതയാണ് ഏകമാനദണ്ഡം. അതങ്ങനെയിരിക്കെ, കുസ്തന്തീനോസ് ചക്രവർത്തി നാലാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ സഭയെ ദുഷിപ്പിക്കുന്നതിന് മുമ്പു തന്നെ തോമസ് സഭയെ ദുഷിപ്പിച്ചു എന്നു വരുത്തിത്തീർക്കുന്നത് ഒരു കടന്ന കൈയാണ്. സഭയുടെ നടത്തിപ്പുകാർ ബ്രാഹ്മണർ മാത്രമായിരിക്കണമെന്നു അദ്ദേഹം ശഠിക്കുമോ? തോമസിന്റെ സഭയിൽ ഒരു പറയനും പുലയനും സ്ഥാനമില്ലെന്നല്ലേ ഈ ഭാവനാവിദഗ്ദന്മാർ വരുത്തിക്കൂട്ടുന്നത്? ഈ കൊലച്ചതി അറിഞ്ഞിട്ട് പറുദീസയിലിരുന്നു തോമസിന്റെ ആത്മാവ് നിശ്ചയമായും ദുഃഖിക്കുന്നുണ്ട്. നോക്കുക, ചരിത്രം മനസ്സിലാക്കാതെ ഭാവന ചരിത്രമാക്കി മാറ്റിയതുകൊണ്ട് വന്നുചേർന്ന വിന. ഇത് വരും തലമുറകൾക്കും കോടാലി വെച്ചിരിക്കുകയാണ്.

തോമസിനെ ചുറ്റിപ്പറ്റിയുള്ള ഈ അക്രൈസ്തവ ഭാവനകൾ ധാരാളം കിടക്കുന്നതിൽ ചിലതാണ് ഞാൻ തൊട്ടു കാണിച്ചത്. ഇക്കൂട്ടത്തിൽ എനിക്കു അത്യന്തം രസകരവും വിചിത്രവുമായി തോന്നുന്ന ഒരു കാര്യം ഞാൻ എടുത്തു കാണിക്കാം. സത്യതത്പരരായ വായനക്കാർ എന്നോടുകൂടെ ഒരു സത്യാന്വേഷണ പരീക്ഷണം നടത്തണം. ഇനി വിഷയം പറയാം. നാലു ബ്രാഹ്മണ ഇല്ലങ്ങളുടെ പേരുകൾ മുകളിൽ ഉദ്ധരിച്ചല്ലോ. ആ പേരുകൾ തങ്ങളുടെ കുടുംബ മഹിമയോടു ചേർത്തു ഇന്നു പലരും ഉദ്ധരിക്കുന്നത് കേൾക്കാറുണ്ട്. അക്കൂട്ടത്തിൽ, "ഞങ്ങൾ പകലോമറ്റം തറവാട്ടുകാരാണ്" എന്നു പറഞ്ഞു ഉയരുന്നവരെ ധാരാളം കണ്ടിട്ടുണ്ട്. ശങ്കരപുരി, കാളിയാങ്കൽ എന്ന പേരുകളും വല്ലപ്പോഴും കേൾക്കാറുണ്ട്. എന്നാൽ, കള്ളിക്കുടുംബത്തിൽ പെട്ട ഒരുത്തനേയും ഞാൻ കണ്ടിട്ടില്ല. പാട്ടുകാരൻ പാടിയതുപോലെ "മേലാലും ഞാൻ കാണുകയില്ല" എന്നുപോലും തോന്നിപ്പോകുന്നു. കള്ളി എന്ന പദം കേൾക്കാൻ സുഖമുള്ളതല്ലാത്തതുകൊണ്ട് അതവകാശപ്പെടാൻ ആർക്കും താത്പര്യവുമില്ല. എന്റെ ചോദ്യം, ഇത് ചരിത്രമാണെങ്കിൽ കള്ളിക്കുടുംബം കാണാതെ വരുമോ? അതെ, ഈ നാലില്ലങ്ങളും അതുമായി കെട്ടുപിണഞ്ഞ പട്ടത്വവും ഒക്കെ ചരിത്രത്തിന്റെ കുപ്പായമിട്ട് നമ്മുടെയിടയിൽ വന്നുകയറി.

വഴിതെറ്റിയ ഭാവന വരുത്തിയ വിന!

ഈ ലേഖനം നിറുത്തുന്നതോടുകൂടെ ഒരു ചെറിയ അനുബന്ധം കൂടെ തൊട്ടുകാണിക്കാം. ലേഖകൻ പട്ടക്കാരനായിരുന്ന സുറിയാനി സഭയിലെ ഒരു പാട്ടാണ്.

"ആദ്യാചാര്യത്വം കൈക്കൊണ്ട്
അഹരോൻ മോശയോടൊന്നിച്ചു.
സ്കറിയായ്ക്കതു നല്കി മോശ
സ്കറിയാ യോഹന്നാനേകി,
യോഹന്നാൻ കർത്താവിന്നും."

കേൾക്കാൻ സുഖമുള്ളതാണെങ്കിലും അസത്യമാണ് ഈ പാട്ടിൽ അടങ്ങിയി രിക്കുന്നത്. മോശ ലേവി ഗോത്രജ്ഞനെങ്കിലും താൻ പൗരോഹിത്യ ശുശ്രൂഷ ചെയ്തിട്ടില്ല പ്രത്യുത, അന്ത്യംവരെ പ്രവാചകനായിരുന്നു. അതുപോകട്ടെ, സഖറിയാവിന് മോശ പട്ടം കൊടുത്തെന്നു കേട്ടാൽ, ചിരിക്കാൻ കഴിവുള്ളവരൊക്കെ ചിരിക്കും. അടുത്തത് കേൾക്കണോ? സഖറിയാ യോഹന്നാനു പട്ടം കൊടുത്തെന്ന്! യോഹന്നാന്റെ വേഷം , പ്രസംഗ വിഷയം ഇതൊക്കെ ബൈബിളിലുണ്ട്. മരുഭൂമിയിലാണോ താൻ കുർബ്ബാന ചൊല്ലിയത്? ഏതെങ്കിലും പട്ടക്കാരൻ മാനസാന്തരം പ്രസംഗിച്ച് രക്ഷിക്കപ്പെടുന്നവരെ ആറ്റിൽ മുക്കിയിട്ടുണ്ടോ? പാട്ടെഴുത്തുകാർക്കു ഇതിനൊന്നും മറുപടിയില്ല. അടുത്ത നുണ കേട്ടാൽ പിശാചുക്കൾ പോലും ഗുരുദക്ഷിണ നല്കി ഇവനിൽ നിന്നും നുണ പഠിക്കാൻ തയ്യാറെടുക്കും. അതായത്, യോഹന്നാൻ കർത്താവിന് പട്ടം കൊടുത്തെന്ന്! കണ്ണുപൊട്ടൻ തപ്പിവായിച്ചാലും ബൈബിളിലങ്ങനെയില്ല. യേശു യോഹന്നാനോട് ആവശ്യപ്പെട്ടത് എന്നെ പട്ടക്കാരനാക്കണമെന്നല്ല; പ്രത്യുത, എന്നെ സ്നാനം കഴിപ്പിക്കണമെന്നാണ്. ഇതൊക്കെ പകൽ പോലെ സത്യം ആയിരിക്കെ കള്ളം പറഞ്ഞു പാട്ടുണ്ടാക്കുന്നു. ആ പാട്ട് ആരാധനാ ഗീതമാക്കാനും ഇന്നത്തെ പട്ടത്വപ്രേമികൾക്ക് ഒരു മനസ്സാക്ഷിക്കുത്തുമില്ല. ചരിത്രസത്യത്തിലൂടെ നീങ്ങേണ്ടതിനു പകരം ഭാവനയുടെ നുണക്കഥകൾ നിരത്തി അപ്പസ്തോലന്മാരെ അവയ്ക്കു സാക്ഷികളാക്കി ക്രിസ്തീയ സഭയെന്ന പേരിൽ ക്രിസ്തുമതം വളർത്തിയെടുത്ത ഈ ഭാഗ്യദോഷികൾക്കു ന്യായവിധി ദിവസത്തിൽ ഭവിക്കാൻ പോകുന്നത്-അതെങ്കിലും അവരുടെ ഭാവനയിൽ- ഒന്നു കണ്ടിരുന്നെങ്കിൽ നന്നായിരുന്നു. താപസ്സനായ യോഹന്നാൻ തേനും വെട്ടുക്കിളിയും കഴിച്ചെന്നാണ് മലയാള പരിഭാഷ. ഒരു യോഗിക്കു ചേരാത്ത ഭക്ഷണക്രമം. കൊച്ചുപ്രായം മുതൽ എനിക്കിതു ചിന്താക്കുഴപ്പമായിത്തോന്നി. സന്ന്യാസി വെട്ടുക്കിളിയെ പിടിച്ചു ചുട്ടുതിന്നുക! അതൊരു വിരോധാഭാസം എന്നു പറയാതെ വയ്യ. സുറിയാനി വേദപുസ്തകം വായിക്കാറായപ്പോൾ ഞാൻ പദം പരിശോധിച്ചു. "കംസോ" എന്നാണ് പദം. അർത്ഥം "കാട്ടുകിഴങ്ങ്" എന്നാണ്. എന്റെ ചിന്താക്കുഴപ്പം മാറി. കാട്ടുകിഴങ്ങും കാട്ടുതേനുമാണ് യോഹന്നാനെന്ന താപസ്സന്റെ ആഹാരം. നേരറിയാൻ ആഗ്രഹിക്കുന്നവന് ദൈവം അത് വെളിപ്പെടുത്തും. ഈ കൂട്ടർക്ക് നേരറിയേണ്ട ആവശ്യമില്ല. പണ്ട്, ഹിന്ദുവിനെ ക്രിസ്ത്യാനി കുർബ്ബാന കാണിക്കാൻ പള്ളിയിൽ കൊണ്ടുപോയ കഥ കേട്ടിട്ടുണ്ട്. എല്ലാം കഴിഞ്ഞപ്പോൾ ഏതാണു കുർബ്ബാന എന്നു ഹിന്ദു ചോദിച്ചു. പള്ളിക്കാരന്റെ മറുപടി: "അച്ചൻ കാണിക്കുന്നതൊക്കെയാണ് കുർബ്ബാന." ഇതുതന്നെയാണ് ഇന്നും നടക്കുന്നത്. ഭാവനയുടെ ചിലന്തിവലകൾ തുടച്ചുമാറ്റി സത്യത്തിന്റെ പൊരുൾ മനസ്സിലാക്കാൻ ദാഹിക്കുന്ന ആത്മാക്കൾ മുന്നോട്ടുവരട്ടെ. അവർക്കു വേണ്ടിയാണ് "സീക്കേഴ്സ് പാത്ത്" പ്രയത്നിക്കുന്നത്. സത്യം വിജയിക്കട്ടെ. **അടുത്ത ലക്കം. യേശു ഇന്ത്യയിൽ വന്നു യോഗാഭ്യാസം പഠിച്ചുവെന്നത് സത്യമോ അതോ സങ്കല്പമോ?** ●

'' ശാന്തതയും സൗഭാഗ്യവുമുള്ളവന് വാർദ്ധക്യം ഒരു പ്രശ്നമല്ല. അല്ലാത്തവർക്കു യുവത്വം പോലും പ്രയാസകരമാണ്. '' പ്ലേറ്റോ.
"എല്ലാ മനുഷ്യരോടും തുല്യമായ പെരുമാറ്റമാണ് സമത്വം." അരിസ്റ്റോട്ടിൽ.

യേശുമിശിഹ ഏതു പക്ഷത്ത്? 2

അസ്‌ലൻ ബർക്കർ

# "അപ്പസ്തോലന്മാർ യേശുവിന്റെ സുവിശേഷത്തിലും, പൗലോസ് പുതിയ സുവിശേഷത്തിലും."

ഇപ്പോഴുള്ള യരുശലേം എന്നത് യരുശലേമിലുള്ള ക്രൈസ്തവ സഭയെയാണ് പ്രതിനിധീകരിക്കുന്നതെന്ന തെറ്റായ ധാരണയാണ് മുഹമ്മദ് ഈസായെ ഇത്തരം ഒരു ചിന്തയിലേക്കു നയിച്ചത്. പൗലോസിന്റെ കാലത്തു യരുശലേം ദേവാലയം യഹൂദമതാധികാരികളുടെ അധീനതയിൽ തന്നെയായിരുന്നു. ന്യായപ്രമാണാനുസാരികളെയാണ് പൗലോസ് ഹാഗാറിനോട് ഉപമിക്കുന്നത്. മീതെയുള്ള യരുശലേം എന്നതു, യേശുവിന്റെ ഉപദേശത്തിൽ നിലനില്ക്കുന്നവർക്കു ഭാവിയിൽ ദൈവത്തോടൊപ്പം വസിക്കുവാൻ ഒരുക്കപ്പെട്ടിട്ടുള്ള സ്ഥലമാണ് എന്നതു വെളിപ്പാടു പുസ്തകം വിശദമാക്കുന്നുണ്ട്."വിശുദ്ധനഗരമായ പുതിയ യരുശലേം ഭർത്താവിനായി അണിഞ്ഞൊരുങ്ങിയ മണവാട്ടിയെപ്പോലെ, സ്വർഗ്ഗത്തിൽ നിന്നു, ദൈവസന്നിധിയിൽ നിന്നു, ഇറങ്ങിവരുന്നതു ഞാൻ കണ്ടു. സിംഹാസനത്തിൽ നിന്നു വലിയൊരു സ്വരം ഞാൻ കേട്ടു: ഇതാ, ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ. അവിടുന്ന് അവരോടൊത്തു വസിക്കും. അവർ അവിടുത്തെ ജനമായിരിക്കും. അവിടുന്ന് അവരോടുകൂടെ ആയിരിക്കുകയും ചെയ്യും." (വെളിപ്പാട് 21:2,3). ഇതാണ് മീതെയുള്ള യരുശലേം. അല്ലാതെ, മീതെയുള്ളയരുശലേം എന്നത് വിജാതീയ സഭയല്ല. ഹാഗാർ എന്നതു യേശുവിന്റെ സുവിശേഷമാണെന്നും മീതെയുള്ള യരുശലേം എന്നതു പൗലോസിന്റെ സുവിശേഷമാണെന്നും ഉള്ള മുഹമ്മദ് ഈസായുടെ വാദം വ്യാജംകൊണ്ട് വസ്തുതകളെ വളയ്ക്കാനുള്ള വൃഥാശ്രമമാണെന്നു ബോദ്ധ്യമാകുന്നു.

ചർച്ചക്കുള്ള തെളിവുകൾക്കായി ബൈബിളിലുള്ള പുസ്തകങ്ങൾ ഹാജരാക്കുമ്പോൾ, പൗലോസിന്റെ ലേഖനങ്ങളിൽ ഒരെണ്ണവും സഹപ്രവർത്തകനായ ലൂക്കോസിന്റെ അപ്പസ്തോലപ്രവൃത്തികളും മാത്രം തിരഞ്ഞെടുത്തതിന്റെ പിന്നിലെ ഗ്രന്ഥകർത്താവിന്റെ ഗൂഢോദ്ദേശ്യം വ്യക്തമാകുന്നുണ്ട്. പക്ഷെ, ഈ രണ്ടു പുസ്തകങ്ങൾ തന്നെയും അദ്ദേഹത്തിന്റെ വാദഗതികളെ പാടേ നിരാകരിക്കുന്നുവെന്നുള്ളത് അദ്ദേഹത്തിനു ബോദ്ധ്യമാകാതെ പോയി. പുതിയനിയമ പുസ്തകങ്ങളിൽ പൗലോസിന്റെ വാദഗതികളെ തള്ളിക്കളയുന്ന ഏതെങ്കിലും വാദഗതികളുണ്ടോ എന്നതും ക്രിസ്തുവും മറ്റു പുതിയനിയമ എഴുത്തുകാരും പഠിപ്പിച്ചിട്ടുള്ളതിൽ എന്തെങ്കിലും പൗലോസ് തന്റെ വാദഗതികൾക്കു ഉപോത്ബലകമായി സ്വീകരിച്ചിട്ടുണ്ടോ എന്നും നാം പരിശോധനക്കു വിധേയമാക്കുന്നതാണ്.

ജാതികളിൽ നിന്നുമുള്ളവർ ആദ്യമായി ക്രൈസ്തവ വിശ്വാസത്തിലേക്കു കടന്നുവരുന്നത് പത്രോസിന്റെ കൈസര്യയിലെ പ്രസംഗം ശ്രവിച്ചതിലൂടെയാണ്. അന്നു ജാതികളുടെമേലും ദൈവം പരിശുദ്ധാത്മാവിനെ പകർന്നതു കണ്ട് പരിച്ഛേദനക്കാരായ വിശ്വാസികൾ ദൈവത്തെ മഹത്വപ്പെടുത്തി. പത്രോസ് അവരെ പരിച്ഛേദന കഴിപ്പിക്കുകയായിരുന്നില്ല ചെയ്തത്; യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം കഴിപ്പിക്കുകയായിരുന്നു. " ആകയാൽ, നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ" (മത്തായി 28:19,20) എന്നുള്ള യേശുക്രിസ്തുവിന്റെ കല്പന തന്നിലൂടെ നിവർത്തിക്കുകയായിരുന്നു. **പത്രോസിന്റെ പ്രസംഗം ശ്രവിച്ച പരിച്ഛേദനക്കാരായ വിശ്വാസികളാകട്ടെ ജാതികളിൽ നിന്നും ക്രൈസ്തവ വിശ്വാസം സ്വീകരിച്ച ഇക്കൂട്ടരെ പരിച്ഛേദന കഴിപ്പിക്കാൻ ആവശ്യപ്പെട്ടുമില്ല.** (അപ്പസ്തോല പ്രവൃത്തികൾ

10: 44–48). കൈസര്യയിൽ പത്രോസിന്റെ പ്രസംഗം കേട്ടു ക്രിസ്താനികളായ അഗ്രചർമ്മികളെ പരിച്ഛേദന കഴിപ്പിച്ചില്ല. ഇത്, കർത്താവ് പത്രോസിനു നല്കിയ ദർശനത്തിന്റെ അടിസ്ഥാനത്തിലായിരുന്നില്ലേ? അതോ ഇതും, പൗലോസിന്റെ സുവിശേഷത്തിൽ നിന്നും കടം കൊണ്ടതാണെന്നാണോ ഈസാ കരുതുന്നത്? കൈസര്യയിലെ ഈ സംഭവത്തിനു വിരുദ്ധമായി ജാതികളുടെയിടയിൽ ഒരു പുതിയ സുവിശേഷം പൗലോസ് പ്രസംഗിച്ചു എന്നു പറയുന്നത് അസംബന്ധമാണ്.

യരുശലേമിലുണ്ടായിരുന്ന അപ്പസ്തോലൻമാരും പരിച്ഛേദനക്കാരും ജാതികൾ ദൈവവചനം കൈക്കൊണ്ടതറിഞ്ഞു. എന്നാൽ, പത്രോസിനു ലഭിച്ച വെളിപ്പാടിനെക്കുറിച്ച് അറിവില്ലാതിരുന്ന പരിച്ഛേദനക്കാർ, പത്രോസ് കൊർന്നല്ല്യോസിന്റെ ഭവനത്തിൽവെച്ച് അഗ്രചർമ്മിമിരുന്നു ഭക്ഷണം കഴിച്ചതിനെതിരെ വാദമുന്നയിച്ചു. പത്രോസ് താൻ കണ്ട ദർശനത്തെക്കുറിച്ചും, ദൈവം അഗ്രചർമ്മികളെയും പരിശുദ്ധാത്മാവിൽ ജ്ഞാനസ്നാനം കഴിപ്പിച്ചതിനെക്കുറിച്ചും, അപ്പസ്തോലർ എല്ലാവരും അടുത്തുള്ളപ്പോൾ പ്രസ്തുത വിഷയം സംബന്ധിച്ചു യേശുക്രിസ്തു പറഞ്ഞിട്ടുള്ളതു ഓർമ്മപ്പെടുത്തുകയും ചെയ്തപ്പോൾ അവർക്കതു ബോദ്ധ്യമാകുകയും അവരത് അംഗീകരിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തതല്ലാതെ ജാതികളെ പരിച്ഛേദനയ്ക്കു വിധേയരാക്കണമെന്ന് ആരും ആവശ്യപ്പെട്ടില്ല. (അപ്പസ്തോലപ്രവൃത്തികൾ 11: 1–18). ജാതികളുടെ രക്ഷയെക്കുറിച്ചു മുന്നമേ യേശുക്രിസ്തു അരുളിച്ചെയ്തിരുന്നതിന്റെ നിവർത്തീകരണമായിരുന്നു ഈ സംഭവം. “ഞാൻ ഭൂമിയിൽ നിന്നു ഉയർത്തപ്പെടുമ്പോൾ **എല്ലാ മനുഷ്യരേയും** എന്നിലേക്കു ആകർഷിക്കും.”(യോഹന്നാൻ 12:32). “വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നിരിക്കുന്നു; ഇതു കർത്താവിനാൽ സംഭവിച്ചു. നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യവുമായിരിക്കുന്നു” എന്നു നിങ്ങൾ തിരുവെഴുത്തുകളിൽ ഒരിക്കലും വായിച്ചിട്ടില്ലയോ? അതുകൊണ്ടു **ദൈവരാജ്യം നിങ്ങളുടെ പക്കൽ നിന്നു എടുത്തു അതിന്റെ ഫലം കൊടുക്കുന്ന ജാതിക്കു കൊടുക്കും** എന്നുഞാൻ നിങ്ങളോടു പറയുന്നു.” (മത്തായി 21: 42, 43). “എന്നാൽ, ആദ്യം **എല്ലാ ജനതകളോടും** സുവിശേഷം പ്രസംഗിക്കപ്പെടേണ്ടിയിരിക്കുന്നു.” (മർക്കോസ് 13:10). അപ്പസ്തോലന്മാരുടെയും യേശുവിന്റെയും സുവിശേഷത്തിൽ നിന്നും ഭിന്നമായിരുന്നില്ല പൗലോസിന്റെ സുവിശേഷം എന്നുള്ളതിനു ഈ തെളിവുകൾ മതിയായവയാണ്. എന്നിരുന്നാലും, ഈ നിരൂപണത്തിന്റെ തുടർച്ചയിൽ കൂടുതൽ തെളിവുകൾ നാം പരിശോധിക്കുന്നുണ്ട്.



## “പൗലോസ്

ജാതികളുടെ അപ്പസതോലനായി സ്വയം പരിചയപ്പെടുത്തിയ വ്യക്തിയാണ് പൗലോസ്.” (യേശുമശിഹാ ഏതു പക്ഷത്ത്? പേജ് 15).

ക്രിസ്തു തന്റെ സുവിശേഷ പ്രവർത്തനങ്ങൾക്കായി നേരിട്ടു തെരഞ്ഞെടുത്തതാണു

പൗലോസിനെ. ക്രിസ്ത്യാനികളെ ഉപദ്രവിക്കാനായി ദമസ്ക്കസിലേക്കു പോകുന്ന വഴിയിൽ വെച്ചാണ് പൗലോസിനെ കർത്താവ് വിളിച്ചു തന്റെ ദൗത്യമേല്പിക്കുന്നത്. ആകാശത്തു നിന്നും വലിയൊരു വെളിച്ചമുണ്ടായതു കൂടെ വന്നവരും കണ്ടു. ആ പ്രകാശത്തിന്റെ തേജസ് പൗലോസിന് അന്ധത വരുത്തിയതിനാൽ കൂടെ വന്നവരാണ് അദ്ദേഹത്തെ ദമസ്ക്കസിലേക്കു കൊണ്ടുപോയത്. പൗലോസ് മൂന്നുദിവസം കണ്ണുകാണാതെയും തിന്നുകയും കുടിക്കുകയും ചെയ്യാതെയും ഇരുന്നു." (അപ്പസ്തോല പ്രവൃത്തികൾ 9:3–9). അദ്ദേഹത്തിനു കാഴ്ച ലഭിക്കേണ്ടതിനു താനോ തന്റെ കൂടെയുള്ളവരോ അനന്യാസിനെ വിളിച്ചു വരുത്തുകയായിരുന്നില്ല. ദമസ്ക്കസിലുണ്ടായിരുന്ന അനന്യാസിനോടു ദൈവം കല്പിക്കുകയായിരുന്നു. അനന്യാസ് പൗലോസിനെക്കുറിച്ച് കേട്ടിരുന്നതല്ലാതെ കണ്ടിരുന്നില്ല. കേട്ടതാകട്ടെ, യരുശലേമിലെ വിശുദ്ധന്മാർക്കു വളരെയധികം ദോഷം ചെയ്തു എന്നുള്ള വസ്തുതയും. (അപ്പസ്തോല പ്രവൃത്തികൾ 9:10–14). ജാതികളോടു സുവിശേഷമറിയിപ്പാൻ തന്നെ തെരഞ്ഞെടുത്തു എന്നുള്ളത് പൗലോസ് സ്വയം അവകാശപ്പെട്ടതാണെന്ന വാദം ബാലിശമാണ്. കാരണം, പൗലോസിനെ തന്റെ വേലക്കായി തെരഞ്ഞെടുത്തതാണെന്നു പൗലോസിനോടു പറഞ്ഞതു കൂടാതെ, അനന്യാസിനോടും കർത്താവുതന്നെയാണ് പറഞ്ഞത്. "കർത്താവ് അവനോടു പറഞ്ഞു: നീ പോവുക; വിജാതീയരുടെയും രാജാക്കന്മാരുടെയും ഇസ്രായേൽ മക്കളുടെയും മുമ്പിൽ എന്റെ നാമം വഹിക്കാൻ തെരഞ്ഞെടുക്കപ്പെട്ട പാത്രമാണ് അവൻ."(അപ്പസ്തോല പ്രവൃത്തികൾ 9:10–15). പൗലോസിനെ മറ്റു അപ്പസ്തോലന്മാരെ വിളിച്ചതുപോലെതന്നെ നേരിട്ടു വിളിച്ചതാണെന്നതിന് ഈ വേദഭാഗം ബലമേകുന്നു. തന്നെയുമല്ല, അന്ത്യോക്യയിലെ സഭ പരിശുദ്ധാത്മാവിന്റെ നിർദ്ദേശപ്രകാരം മറ്റുള്ളവരോടൊപ്പം പൗലോസിനെയും കർത്താവിന്റെ വേലെക്കായി വേർതിരിച്ചു, ഉപവസിച്ചു പ്രാർത്ഥിച്ചു അവരെ പറഞ്ഞയച്ചതു തന്നെ പൗലോസിനെ മറ്റുള്ള വിശുദ്ധന്മാർ സന്തോഷത്തോടെ സ്വീകരിക്കുകയും തന്റെ പ്രവർത്തനങ്ങളെ അംഗീകരിക്കുകയും ചെയ്തു എന്നതിന്റെ മതിയായ തെളിവാണ്. (അപ്പസ്തോല പ്രവൃത്തികൾ 13:1–3).

## ''ഗലാത്യലേഖനം പൗലോസിന്റെ കുറ്റസമ്മതം.''

ഗലാത്യലേഖനം 1:2–15 വരെ വാക്യങ്ങൾ ബൈബിളിൽ നിന്നും ഉദ്ധരിച്ചിട്ടു (യേശുമശിഹാ ഏതു പക്ഷത്ത്? പേജ് 16–19) അതു പൗലോസിന്റെ കുറ്റസമ്മതമാണെന്നു മുഹമ്മദ് ഈസാ സ്വയം നിശ്ചയിക്കുകയാണ്.

അപ്പസ്തോലന്മാരെ വിളിച്ചതുപോലെ തന്നെയും നേരിട്ടു വിളിച്ചതിനെക്കുറിച്ചാണ് പരാമർശഭാഗത്ത് പൗലോസ് വിവരിക്കുന്നത്. അത് സത്യമാണെന്നു അനന്യാസിനെ കർത്താവ് പൗലോസിന്റെ അടുക്കലേക്കു അയയ്ക്കുമ്പോൾ അരുളിച്ചെയ്തതിൽ നിന്നും വ്യക്തമാകുന്നുണ്ട്. തന്നെ കർത്താവ് തന്റെ വേലക്കായി വിളിക്കുമ്പോൾ ഗലാത്യസഭയിലെ വിശ്വാസികൾ ആരും ദൃക്സാക്ഷികളായിരുന്നില്ല. അതിനാൽ, അപ്പസ്തോലനായി തന്നെ കർത്താവ് നിയോഗിച്ച കാര്യം അവരോടു പറയേണ്ടതായ ബാദ്ധ്യത പൗലോസിനുണ്ടുതാനും. പ്രത്യേകിച്ച്, അപ്പസ്തോലന്മാരുടെ അനുവാദമില്ലാതെ നുഴഞ്ഞുവന്നവർ തന്റെ അപ്പസ്തോലത്വത്തെ ചോദ്യം ചെയ്യുമ്പോൾ. അപ്പസ്തോലന്മാരാകട്ടെ, അവരയച്ചവരാകട്ടെ, പൗലോസിന്റെ അപ്പസ്തോലത്വത്തെ ചോദ്യം ചെയ്യുന്നുമില്ല. പിന്നെങ്ങനെയാണ് പൗലോസിന്റെ വിശദീകരണം കുറ്റസമ്മതമാകുന്നത്? പൗലോസ് തന്റെ മാനസാന്തരശേഷം അനന്യാസും മറ്റു പല വിശുദ്ധന്മാരും വസിച്ചിരുന്ന ദമസ്ക്കസിൽ വളരെക്കാലം ഉണ്ടായിരുന്നു. അറേബ്യയിൽ നിന്നും മടങ്ങിവന്ന പൗലോസ് അവരോടൊപ്പം താമസിച്ച് അവിടുത്തെ പള്ളികളിൽ പ്രസംഗിച്ചു പോന്നു. യഹൂദന്മാർ അംഗീകരിക്കാതെ തള്ളിക്കളഞ്ഞ യേശു തന്നെയാണ് അവർ പ്രതീക്ഷിച്ചിരുന്ന ക്രിസ്തു എന്ന സത്യം തിരുവെഴുത്തുകളെ ആധാരമാക്കി

തെളിയിച്ചുകൊണ്ട് പൗലോസ് ദമസ്ക്കസിൽ താമസിച്ചിരുന്ന യഹൂദന്മാരെ ഉത്തരം മുട്ടിച്ചു കളഞ്ഞു. (അപ്പസ്തോല പ്രവൃത്തികൾ 9:19–23). ആദ്യം യഹൂദന്മാരുടെയിടയിലാണ് പൗലോസ് സുവിശേഷം പ്രസംഗിച്ചിരുന്നത്. പിന്നീടാണ് ജാതികളോടും സുവിശേഷം പ്രസംഗിച്ചു തുടങ്ങിയത്. പൗലോസിന്റെ മാനസാന്തരത്തിനു മുമ്പുതന്നെ പത്രോസും, സ്തേഫാനോസിനെ സംബന്ധിച്ചുണ്ടായ പീഢനിമിത്തം ചിതറിക്കപ്പെട്ടവരും ജാതികളോടു സുവിശേഷമറിയിച്ചു പോന്നിരുന്നു. പിന്നീട്, പൗലോസ് യരുശലേമിലേക്കു പോയി ശിഷ്യന്മാരോടു ചേരാൻ ആഗ്രഹിച്ചെങ്കിലും അവർക്കു ഭയമായിരുന്നു. എന്നാൽ, ബർന്നബാസ് പൗലോസിനെക്കുറിച്ചുള്ള അവരുടെ ധാരണ ശരിയല്ലെന്നു ബോദ്ധ്യപ്പെടുത്തിയപ്പോൾ അവരുടെ ഭയം മാറുകയും അവരദ്ദേഹത്തെ ചേർത്തു കൊള്ളുകയും ചെയ്തു. (അപ്പസ്തോല പ്രവൃത്തികൾ 9:26–28).

പതിന്നാലു വർഷങ്ങൾക്കു ശേഷം യരുശലേമിൽ ചെന്നു തന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിവരിച്ചതായി ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ക്രിസ്തുവിന്റെ ഉപദേശത്തിനു അതിരു കടന്നു പോകുന്ന യാതൊന്നും തന്റെ വിവരണത്തിലുണ്ടായിരുന്നതായി അപ്പസ്തോലന്മാരിൽ ആരും അഭിപ്രായപ്പെട്ടതായി നാമിവിടെ കാണുന്നില്ല. മാത്രമല്ല, കൂടെയുണ്ടായിരുന്ന തീത്തോസ് യവനനായിരുന്നിട്ടുകൂടി അവൻ പരിച്ഛേദന ഏല്ക്കണമെന്ന് ആരും ആവശ്യപ്പെട്ടുമില്ല. എന്നാൽ, സഭയിൽ രഹസ്യത്തിൽ കടന്നുകൂടിയ വ്യാജസഹോദരന്മാർ ( സഹോദരന്മാരല്ലാതിരിക്കെ തങ്ങൾ സഹോദരന്മാരെന്നു പറയുന്നവർ വെളിപ്പാട് 2:2, യൂദാ 4:10) ആണ് പരിച്ഛേദന സംബന്ധിച്ച് തർക്കം ഉന്നയിച്ചത്. ഇതു സംബന്ധിച്ച് വിചാരണക്കായി അപ്പസ്തോലന്മാരും മൂപ്പന്മാരും വന്നുകൂടി. പരിച്ഛേദനയും ന്യായപ്രമാണവും ആചരിപ്പാൻ കല്പിക്കണം എന്നു ഫരിസേയരിൽ നിന്നും വിശ്വസിച്ചു വന്നവരുടെ ആവശ്യം സംബന്ധിച്ച് തർക്കം ഉണ്ടായി. കർത്താവ് ദർശനത്തിൽ തനിക്കു വെളിപ്പെടുത്തിയ കാര്യം ഇന്നതെന്നു വ്യക്തമായി അറിയാമായിരുന്ന പത്രോസ്, താൻ മുഖാന്തരം ജാതികൾ സുവിശേഷ വചനം കേൾക്കണമെന്നു ദൈവം നിശ്ചയിച്ചതിനെയാണ് ദർശനത്തിലൂടെ വ്യക്തമാക്കിയതെന്നു തുറന്നു പറയുന്നു. "സഹോദരന്മാരേ, വളരെ മുമ്പു തന്നെ ദൈവം നിങ്ങളുടെയിടയിൽ ഒരു തെരഞ്ഞെടുപ്പു നടത്തുകയും വിജാതീയർ എന്റെ അധരങ്ങളിൽ നിന്നു സുവിശേഷവചനങ്ങൾ കേട്ടു വിശ്വസിക്കണമെന്നു നിശ്ചയിക്കുകയും ചെയ്തു എന്നു നിങ്ങൾക്കറിയാമല്ലോ. ഹൃദയങ്ങളെ അറിയുന്ന ദൈവം നമുക്കെന്നതുപോലെ അവർക്കും പരിശുദ്ധാത്മാവിനെ നല്കിക്കൊണ്ട് അവരെ അംഗീകരിച്ചു. നമ്മളും അവരും തമ്മിൽ അവിടുന്നു വ്യത്യാസം കല്പിച്ചില്ല; അവരുടെ ഹൃദയങ്ങളെയും വിശ്വാസം കൊണ്ടു പവിത്രീകരിച്ചു. അതുകൊണ്ട്, നമ്മുടെ പിതാക്കന്മാർക്കോ നമുക്കോ താങ്ങാൻ വയ്യാതിരുന്ന ഒരു നുകം ഇപ്പോൾ ശിഷ്യരുടെ ചുമലിൽ വെച്ചുകെട്ടി എന്തിനു ദൈവത്തെ നിങ്ങൾ പരീക്ഷിക്കുന്നു? (അപ്പസ്തോല പ്രവൃത്തികൾ 15:6–10). പരീശപക്ഷത്തു നിന്നും വന്നവർ (ഫരിസേയർ) ഉന്ന

**പത്രോസിന്റെ പ്രസംഗം ശ്രവിച്ച പരിച്ഛേദനക്കാരായ വിശ്വാസികളാകട്ടെ ജാതികളിൽ നിന്നും ക്രൈസ്തവ വിശ്വാസം സ്വീകരിച്ച ഇക്കൂട്ടരെ പരിച്ഛേദന കഴിപ്പിക്കാൻ ആവശ്യപ്പെട്ടില്ല. കൈസര്യയിൽ പത്രോസിന്റെ പ്രസംഗം കേട്ടു ക്രിസ്താനികളായ അഗ്രചർമ്മികളെ പരിച്ഛേദന കഴിപ്പിച്ചുമില്ല.**

യിച്ച തർക്കസംഗതിയായ പരിച്ഛേദനയും ന്യായ പ്രമാണവും പിതാക്കന്മാർക്കോ തങ്ങൾക്കോ താങ്ങാൻ വയ്യാതിരുന്ന നുകമായിരുന്നുവെന്നാണ് പത്രോസ് പറഞ്ഞത്. പിതാക്കന്മാർക്കോ തങ്ങൾക്കോ ചുമക്കാൻ പറ്റാത്ത ഈ നുകം ജാതികളുടെ കഴുത്തിൽ വെക്കാൻ ശ്രമിക്കുന്നുവെന്നല്ല മറിച്ച്, ശിഷ്യന്മാരുടെ കഴുത്തിൽ വെക്കാൻ ശ്രമിക്കുന്നുവെന്നാണ് പത്രോസ് ആരോപിച്ചത്. ഇവിടെ, ജാതികളിൽ നിന്നും വിശ്വസിച്ചു വന്നവർക്കു യാതൊരു വേർതിരിവും കല്പിക്കാതെ അവരേയും ശിഷ്യരായിത്തന്നെയാണ് പരിഗണിച്ചതെന്നു സാരം. അദ്ദേഹം ഇങ്ങനെ തുടരുന്നു: “അവരെപ്പോലെതന്നെ നാമും രക്ഷപ്രാപിക്കുന്നത് കർത്താവായ യേശുവിന്റെ കൃപയാലാണെന്നു നാം വിശ്വസിക്കുന്നു.” (അപ്പസ്തോല പ്രവൃത്തികൾ 15:11). എന്താണ് ഈ പറഞ്ഞതിനർത്ഥം? നമുക്കു ചുമക്കാൻ കഴിയാത്ത ന്യായപ്രമാണത്തിന്റെ പ്രവർത്തികളാലല്ല പിന്നെയോ, കർത്താവായ യേശുവിന്റെ കൃപയാൽ രക്ഷപ്രാപിക്കുമെന്നു നാം (കൂടിവന്നിരിക്കുന്ന അപ്പസ്തോലന്മാരും മൂപ്പന്മാരും ഉൾപ്പെടെയുള്ളവർ) വിശ്വസിക്കുന്നതുതന്നെയാണ് ജാതികളിൽ നിന്നു വന്നവരും വിശ്വസിക്കുന്നതു എന്നുതന്നെയല്ലേ? അതുകൊണ്ടാണ്, തങ്ങളെക്കൊണ്ട് ദൈവം ചെയ്യിച്ച പ്രവൃത്തികൾ വിവരിക്കുവാൻ പൗലോസിനേയും ബർന്നബാസിനേയും സഭ അനുവദിച്ചത്. അല്ലാത്തപക്ഷം, പരിച്ഛേദനയെക്കുറിച്ചുള്ള തർക്കവിതർക്കങ്ങൾക്കൊടുവിൽ അവരെ സംസാരിക്കുവാൻ അനുവദിക്കുകയില്ലായിരുന്നു. കാരണം, അപ്പസ്തോലന്മാരും മൂപ്പന്മാരും എല്ലാവരുമുള്ളപ്പോൾ പൗലോസും ബർന്നബാസും പറയുന്ന ന്യായങ്ങൾ സഭയുടെ പഠിപ്പിക്കലുകൾക്കു വിരുദ്ധമായതായിരുന്നെങ്കിൽ അവ തള്ളിക്കളയുവാനേ ഉണ്ടായിരുന്നുള്ളു. എന്നാൽ, അവരുടെ വിവരണത്തിനു ശേഷം യാക്കോബ് പറയുന്നത് ശ്രദ്ധിക്കുക; “ തന്റെ നാമത്തിനു വേണ്ടി വിജാതീയരിൽ നിന്നു ഒരു ജനത്തെ തെരഞ്ഞെടുക്കുവാൻ ദൈവം ആദ്യം അവരെ സന്ദർശിച്ചതെങ്ങനെയെന്നു പത്രോസ് വിവരിച്ചുവല്ലോ. പ്രവാചകന്മാരുടെ വാക്കുകൾ ഇതിനോടു പൂർണ്ണമായി യോജിക്കുന്നു. ദാവീദിന്റെ വീണുപോയ കൂടാരം ഞാൻ വീണ്ടും പണിയും. അതിന്റെ നഷ്ടശിഷ്ടങ്ങളിൽ നിന്നു ഞാൻ അതിനെ പുതുക്കിപ്പണിയും. അതിനെ ഞാൻ വീണ്ടും ഉയർത്തിനിർത്തും. കർത്താവ് അരുളിച്ചെയ്യുന്നു: ശേഷിക്കുന്ന ജനങ്ങളും എന്റെ നാമത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന വിജാതീയരും കർത്താവിനെ അന്വേഷിക്കുന്നതിനു വേണ്ടിയാണിത്. അവിടുന്നു പുരാതന കാലം മുതൽ ഇതെല്ലാം വ്യക്തമാക്കിയിട്ടുണ്ട്” എന്നു ആമോസ് പ്രവാചകനും യശയ്യാ പ്രവാചകനും പറഞ്ഞിട്ടുള്ള വസതുതയെ എടുത്തുദ്ധരിച്ചുകൊണ്ട് പത്രോസിന്റെ വാദത്തെ യാക്കോബ് ഉറപ്പിക്കുകയും ചെയ്യുന്നു. (അപ്പസ്തോല പ്രവൃത്തികൾ 15:14–18).

## “ഗലാത്യസഭ.

ദൈവജനം, ദൈവജനത്തിന്റെ പട്ടികയിൽ ഉൾപ്പെടാത്തവർ എന്നിങ്ങനെ രണ്ടു

**യേശുശിഷ്യന്മാരിലൂടെയല്ലാതെ യേശു ആരാണെന്നു ആ കാലഘട്ടത്തിലോ പില്ക്കാലത്തിലോ അറിയുക സാദ്ധ്യമല്ല എന്നു പറയുന്ന മുഹമ്മദ് ഈസായോടു ഒരു ചോദ്യം. ഈ പറഞ്ഞതു സത്യമെങ്കിൽ, മുഹമ്മദ് നബിയിലൂടെ ലഭിച്ച ഖുർആനിൽ വിവരിക്കുന്ന യേശുവിനെക്കുറിച്ചുള്ള വസ്തുതകളെല്ലാം യേശുശിഷ്യന്മാരിലൂടെ ലഭിച്ച അറിവല്ലായ്കയാൽ അസത്യമാണെന്നല്ലേ ഈസാ പറഞ്ഞതിന്റെ അർത്ഥം? അപ്പോൾപ്പിന്നെ ഈസാ അതംഗീകരിക്കുന്നതിലെ ന്യായമെന്ത്?**

രീതിയിലുള്ള ആളുകളെ ബൈബിളിന്റെ പഴയ നിയമത്തിൽ കാണാം. ഈ രണ്ടു വിഭാഗക്കാരെ അവരുടെ ശരീരത്തിൽ തന്നെ തിരിച്ചറിയുന്ന തിനുവേണ്ടിയാണ് പരിച്ഛേദന എന്ന നിയമം സ്രഷ്ടാവ് ദൈവജനത്തിനു നല്കിയത്. ദൈവജനത്തിന്റെ പട്ടികയിൽ ഉൾപ്പെടാത്തവരെ ജാതികൾ എന്നു വിളിച്ചിരുന്നു. പൗലോസിലൂടെ വിജാതീയരുടെ ഇടയിൽ നിന്നു യേശുവിൽ വിശ്വസിച്ചവരായിരുന്നു ഗലാത്യർ. പിന്നീട് അയാളുടെ അഭാവത്തിൽ ആ സുവിശേഷത്തിൽ നിന്നുമാറി, യേശുവിനെ മശിഹായായി അംഗീക രിക്കുന്നതോടൊപ്പം ന്യായപ്രമാണം കൂടി അംഗീകരിച്ചാലേ നീതീകരണം ലഭിക്കൂ എന്ന സുവിശേഷത്തെ അവർ സ്വീകരിച്ചു. അധാർ മ്മിക ജീവിതം നയിച്ച തങ്ങളെ, നല്ല സ്വഭാവ ത്തിലേക്കു ക്ഷണിച്ച പൗലോസിനെ ഗലാത്യർ ക്കു വെടിയണമെങ്കിൽ, തീർച്ചയായും പൗലോ സിന്റെ ഉപദേശ അടിസ്ഥാനമായ യേശുവിനോടു, പൗലോസിനെക്കാൾ ബന്ധമുള്ളവരും ഉത്തര വാദിത്വമുള്ളവരും ആയിരിക്കും അവർ.'' ഈസായുടെ ഈ ചിന്താഗതിക്കുപോത്ബല കമായി ഗലാത്യർ 1:6-9 വരെ വാക്യങ്ങൾ ചേർത്തിട്ടുമുണ്ട്. (യേശുമശിഹാ ഏതു പക്ഷത്ത്? പേജ് 19-21)

ദൈവജനത്തെയും ദൈവിക ബന്ധമില്ലാ ത്തവരെയും തമ്മിൽ അവരുടെ ശരീരത്തിൽ തിരിച്ചറിയുക എന്ന ലക്ഷ്യത്തോടെയല്ല പരി ച്ഛേദന ഏർപ്പെടുത്തിയത്. അങ്ങനെയെങ്കിൽ ജനം നഗ്നരായി നടക്കേണ്ടിവരുമല്ലോ. മോശ മുഖാന്തിരം യിസ്രായേൽ മക്കൾക്കു ന്യായപ്ര മാണം നല്കുന്നതിനും നാനൂറു വർഷങ്ങൾക്കു മുമ്പ് അബ്രഹാമിനോടുള്ള തന്റെ നിയമത്തിന്റെ (ഉടമ്പടിയുടെ) അടയാളമായി ദൈവം നല്കിയ താണ് പരിച്ഛേദന. “നിങ്ങൾ പാലിക്കേണ്ട ഉടമ്പടി ഇതാണ്: നിങ്ങളിൽ പുരുഷന്മാരെല്ലാവരും പരിച്ഛേദനം ചെയ്യണം. നിങ്ങൾ അഗ്രചർമ്മം ഛേദിക്കണം. ഞാനും നിങ്ങളുമായുള്ള ഉടമ്പ ടിയുടെ അടയാളമായിരിക്കും അത്.”( ഉല്പത്തി 17:10,11). രണ്ടു കൂട്ടരെ തമ്മിൽ തിരിച്ചറിയാനുള്ള ഉപാധിയായിട്ടല്ല, ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേയുള്ള നിയമത്തിന്റെ അടയാളമായിട്ടാണ് പരിച്ഛേദന നല്കിയിരിക്കുന്നത്. പരിച്ഛേദനക്കാര ല്ലാത്തവരെ അഗ്രചർമ്മികൾ എന്നു വിളിച്ചു. അഗ്രചർമ്മികളിൽ നിന്നു രക്ഷിക്കപ്പെട്ടു വന്നവരെ വിജാതീയ സഭ എന്നു ഒരിടത്തും വി ളിച്ചിട്ടില്ല. ഗലാത്യ സഭയിലുണ്ടായിരുന്നവരെല്ലാം വിജാതീയരിൽ നിന്നും വന്നവരായിരുന്നില്ല. യഹൂദന്മാരിൽ നിന്നും യവനന്മാരിൽ നിന്നും രക്ഷയിലേക്കു വന്നവരും സഭകളിലുണ്ടാ യിരുന്നു.

പൗലോസിന്റെ അഭാവത്തിൽ ന്യായപ്ര മാണം കൂടി അംഗീകരിച്ചാലേ നീതീകരണം ലഭിക്കൂ എന്നു ഗലാത്യരെ തെറ്റിദ്ധരിപ്പിച്ചതു പൗലോസിനെക്കാൾ ശ്രേഷ്ഠരല്ലെന്നും അപ്പ സ്തോലന്മാരുടെ അറിവോ സമ്മതമോ കൂടാ തെ അവിടെ നുഴഞ്ഞുവന്നവരാണെന്നും ബൈബിൾ വിശദീകരിക്കുമ്പോൾ, വായനക്കാരെ തെറ്റിദ്ധരിപ്പിക്കാനുള്ള മുഹമ്മദ് ഈസായുടെ ഗൂഢശ്രമം ആർക്കും ബോദ്ധ്യമാകാവുന്നതേ യുള്ളു. “ ഞങ്ങളിൽ ചിലർ പ്രസംഗങ്ങൾ മു ഖേന നിങ്ങൾക്കു മനശ്ചാഞ്ചല്യം വരുത്തിക്കൊ ണ്ടു നിങ്ങളെ ബുദ്ധിമുട്ടിച്ചുവെന്നു ഞങ്ങൾ കേട്ടു. ഞങ്ങൾ അവർക്കു യാതൊരു നിർദ്ദേ ശവും നല്കിയിരുന്നില്ല. അതുകൊണ്ട്, തെര ഞ്ഞെടുക്കപ്പെട്ട ചിലരെ നമ്മുടെ പ്രിയപ്പെട്ട ബർ ന്നബാസിനോടും പൗലോസിനോടുമൊപ്പം നിങ്ങളുടെ അടുക്കലേക്കു അയയ്ക്കുന്നത് നന്നായിരിക്കുമെന്ന് ഞങ്ങൾ ഏകകണ്ഠമായി തീരുമാനിച്ചു. അവർ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തെപ്രതി സ്വന്തം ജീവനെപ്പോലും പണയപ്പെടുത്തിയവരാണ ല്ലോ.” (അപ്പസ്തോല പ്രവൃത്തികൾ 15:24-27). പൗലോസിനെയും ബർന്നബാസിനെയും കുറിച്ച് യരുശലേം സഭയ്ക്കുണ്ടായിരുന്ന സാക്ഷ്യം എത്രമാത്രം മഹത്തരമായിരുന്നുവെന്നു ഇതിൽ നിന്നും വ്യക്തമാകുന്നുണ്ട്. പൗലോസിനെ ക്കാൾ ശ്രേഷ്ഠരല്ല ഗലാത്യസഭയിലുള്ളവരുടെ ഹൃദയം കലക്കിക്കളഞ്ഞതെന്നു യരുശലേം സൂനഹദോസ് സമ്മതിക്കുന്നതും നാം കണ്ടല്ലോ. വിശ്വസ്തരെയും കള്ളന്മാരെയും തിരി

ച്ചറിയാൻ മുഹമ്മദ് ഈസാക്ക് കഴിയാത്തതിന് പൗലോസിനെ കുറ്റപ്പെടുത്തിയിട്ടെന്തു കാര്യം? ഖുർആൻ, സഹീഹുൽ ബുഖാരി, ഇബ്ൻ ഇസ്ഹാക്കിന്റെ സിറ, ഇബ്ൻ ഹിഷാമിന്റെ സിറ, തബരിയുടെ ചരിത്രഗ്രന്ഥം, തലാബി, ഫിഹ്റിസ്റ്റ് തുടങ്ങിയവയിലെല്ലാം പൗലോസിനെ അംഗീകരിക്കുകയും ചിലതിൽ അദ്ദേഹത്തെ അപ്പസ്തോലനായി പരിചയപ്പെടുത്തുകയും ചെയ്തിട്ടുള്ളത് ഈസാ വായിച്ചിരിക്കാനിടയില്ല. പൗലോസിന്റെ വാക്കുകൾ ദൈവം അരുളിച്ചെയ്ത വാക്കുകളായി മുഹമ്മദ് നബി വിശ്വസിച്ച് ഉദ്ധരിക്കുന്നത് അബുഹുറൈറയിൽ നിന്നുള്ള നിവേദനമായി പ്രമുഖ ഹദീസായ (പാരമ്പര്യം) സഹീഹുൽ ബുഖാരിയിൽ രേഖപ്പെടുത്തിയിട്ടുള്ളത് ഒരുതവണയെങ്കിലും ഈസാ വായിച്ചിരുന്നെങ്കിൽ പുതിയനിയമം പൗലോസിന്റെ സുവിശേഷമാണെന്നു പറയാൻ തുനിയുകയില്ലായിരുന്നല്ലോ. മുഹമ്മദ് നബി ഇപ്രകാരം പറഞ്ഞതായി നാം വായിക്കുന്നു: "അത്യുന്നതനായ ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നു. ദൈവത്തെ സ്നേഹിക്കുന്ന തന്റെ ദാസന്മാർക്ക് ദൈവം ഒരുക്കീട്ടുള്ളത് കണ്ണു കണ്ടിട്ടില്ല; കാതു കേട്ടിട്ടില്ല; ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല."(സഹീഹുൽ ബുഖാരി, വാല്യം 9, പുസ്തകം 93, നമ്പർ 589) ഈ വാക്യം പൗലോസ് അപ്പസ്തോലൻ കൊരിന്ത്യർക്ക് എഴുതിയ ലേഖനത്തിൽ നിന്നും (1 കൊരി 2:9) എടുത്തിട്ടുള്ളതാണ്. പൗലോസിന്റെ വാക്കുകൾ അത്യുന്നതൻ അരുളിച്ചെയ്തതാണെന്നു മുഹമ്മദ് നബി പറയുമ്പോൾ, പൗലോസ് മറ്റൊരു സുവിശേഷമാണ് അവതരിപ്പിച്ചതെന്നു പറയുന്നതിലൂടെ മുഹമ്മദ് നബിയെ അവിശ്വസ്തനായി അവതരിപ്പിക്കുകയാണ് ചെയ്യുന്നത് എന്നതാണ് യാഥാർത്ഥ്യം.

കള്ളസഹോദരന്മാരുടെ ഉപദേശത്താൽ തെറ്റിപ്പോയതു മാത്രമല്ല, ഗലാത്യർ ആത്മാവിനെ അനുസരിച്ചു നടന്നില്ല എന്നതും പൗലോസ് അവരെ കുറ്റപ്പെടുത്തുന്നതിനുള്ള കാരണമായിരുന്നു. " നിങ്ങളോടു ഞാൻ പറയുന്നു, ആത്മാവിന്റെ പ്രേരണയനുസരിച്ചു വ്യാപരിക്കുവിൻ. ജഡമോഹങ്ങളെ ഒരിക്കലും തൃപ്തിപ്പെടുത്തരുത്. എന്തെന്നാൽ, ജഡമോഹങ്ങൾ ആത്മാവിന് എതിരാണ്; ആത്മാവിന്റെ അഭിലാഷങ്ങൾ ജഡത്തിനും എതിരാണ്...... ജഡത്തിന്റെ വ്യാപാരങ്ങൾ എല്ലാവർക്കുമറിയാം. അവ വ്യഭിചാരം, അശുദ്ധി, ദുർവൃത്തി, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, മാത്സര്യം, ഭിന്നത, വിഭാഗീയ ചിന്ത, വിദ്വേഷം, മദ്യപാനം, മദിരോത്സവം ഇവയും ഈദൃശമായ മറ്റു പ്രവൃത്തികളുമാണ്. ഇത്തരം പ്രവൃത്തികളിലേർപ്പെടുന്നവർ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ലെന്നു മുമ്പ് ഞാൻ നിങ്ങൾക്കു നല്കിയ താക്കീത് ഇപ്പോഴും ആവർത്തിക്കുന്നു."(ഗലാത്യർ 5:16–21). ഈ വാക്യങ്ങളിൽ നിന്നും ഗലാത്യർ അടിമത്തത്തിന്റെ നുകത്തിൽ വീണ്ടും കുടുങ്ങിപ്പോകരുത് എന്നു പ്രബോധിപ്പിച്ചത് എന്തുകൊണ്ടാണെന്നു ബോദ്ധ്യമാകുന്നുവല്ലോ.

## "യേശുശിഷ്യന്മാരും യരുശലേം സഭയും.

യേശുവിനാൽ പരസ്യമായി തിരഞ്ഞെടുക്കുകയും, തന്റെ സുവിശേഷത്തിൽ വിശ്വസിക്കുന്നവരെ സ്നാനം കഴിപ്പിക്കുവാനുള്ള കൈവെപ്പ് അവകാശം നല്കപ്പെടുകയും ചെയ്തവരാണ് യേശുശിഷ്യന്മാർ. ഇവരിലൂടെയല്ലാതെ യേശു ആരാണെന്നു ആ കാലഘട്ടത്തിലോ പില്ക്കാലത്തിലോ അറിയുക സാദ്ധ്യമല്ല. ഇവരുടെ അംഗീകാരമില്ലാതെയുള്ള പ്രവർത്തനമോ ഉപദേശമോ ഒന്നും ക്രിസ്തുമാർഗ്ഗം എന്ന പേരിൽ സ്വീകാര്യമല്ല. (യേശുമശിഹാ ഏതു പക്ഷത്ത്? പേജ് 21–22).

യേശുവിനാൽ പരസ്യമായി തെരഞ്ഞെടുക്കപ്പെട്ട യേശുശിഷ്യന്മാരിലൂടെയല്ലാതെ യേശു ആരാണെന്നു ആ കാലഘട്ടത്തിലോ പില്ക്കാലത്തിലോ അറിയുക സാദ്ധ്യമല്ല എന്ന വാദം മൗഢ്യമാണ്. ആരെ, എപ്പോൾ, എങ്ങനെ, എവിടെവെച്ച് തെരഞ്ഞെടുക്കണമെന്നു തീരുമാനിക്കുന്നത് ദൈവമാണ്. അല്ലാതെ, ദൈവിക തെരഞ്ഞെടുപ്പിൽ മനുഷ്യനു യാതൊരുവിധ പങ്കുമില്ല എന്നതാണ് വാസ്തവം. പൗലോസിനെയും യേശു നേരിട്ടു തെരഞ്ഞെടുത്തതാ

ണെന്നു ബൈബിൾ വിശദീകരിക്കുന്നുണ്ട്. യേശുശിഷ്യന്മാരിലൂടെയല്ലാതെ യേശുവിനു നേരിട്ട് ഒരു വ്യക്തിയെ പിന്നീട് തെരഞ്ഞെടുക്കാനാവില്ല എന്നു പറയുന്നത് വിഡ്ഢിത്തമാണ്. ദമസ്ക്കസിലേക്കു പോകുന്ന വഴിയിൽ വെച്ച് പൗലോസിനെ കർത്താവ് വിളിച്ചു എന്നതിനു തന്റെ കൂടെ വന്നവരും ഋജുവീഥി (നേർവീഥി) യിലുള്ള യൂദാസും കുടുംബവും അനന്യാസും സാക്ഷികളാണ്. മാത്രമല്ല, യേശുക്രിസ്തുവിന്റെ നാമത്തെപ്രതി സ്വന്തം ജീവനെപ്പോലും പണയപ്പെടുത്തിയവനാണ് പൗലോസെന്നു യേശുവിനാൽ പരസ്യമായി തെരഞ്ഞെടുക്കപ്പെട്ട യേശുശിഷ്യന്മാർ സാക്ഷ്യപ്പെടുത്തുന്നുമുണ്ട്. അല്ലാതെ, ഈസാ പറയുന്നതുപോലെ പൗലോസ് കള്ളക്കഥ മെനഞ്ഞുണ്ടാക്കുകയായിരുന്നില്ല.

മുഹമ്മദ് നബിയെ പ്രവാചകനായി തെരഞ്ഞെടുത്തതു മനുഷ്യർ ആരെങ്കിലുമാണെന്നു മുസ്ലീം സഹോദരങ്ങൾ വിശ്വസിക്കുന്നുണ്ടോ? മുഹമ്മദ് നബിയെ അള്ളാഹു നേരിട്ടു തെരഞ്ഞെടുത്തതിൽ വിശ്വസിക്കുന്ന മുഹമ്മദ് ഈസാക്ക് എന്തുകൊണ്ട് പൗലോസിനെ ക്രിസ്തു നേരിട്ടു തെരഞ്ഞെടുത്തതാണെന്നു അംഗീകരിക്കാനാവുന്നില്ല? ഇത് ഇരട്ടത്താപ്പല്ലേ? യേശുശിഷ്യന്മാരിലൂടെയല്ലാതെ യേശു ആരാണെന്നു ആ കാലഘട്ടത്തിലോ പില്ക്കാലത്തിലോ അറിയുക സാദ്ധ്യമല്ല എന്നു പറയുന്ന മുഹമ്മദ് ഈസായോടു ഒരു ചോദ്യം. ഈ പറഞ്ഞതു സത്യമെങ്കിൽ, മുഹമ്മദ് നബിയിലൂടെ ലഭിച്ച ഖുർആനിൽ വിവരിക്കുന്ന യേശുവിനെക്കുറിച്ചുള്ള വസ്തുതകളെല്ലാം യേശുശിഷ്യന്മാരിലൂടെ ലഭിച്ച അറിവല്ലായ്കയാൽ അസത്യമാണെന്നല്ലേ ഈസാ പറഞ്ഞതിന്റെ അർത്ഥം? അപ്പോൾപ്പിന്നെ ഈസാ അതംഗീകരിക്കുന്നതിലെ ന്യായമെന്ത്? ഖുർആനെയും മുഹമ്മദ് നബിയേയും ഒപ്പം മുസ്ലീം സഹോദരങ്ങളെയും അപമാനിതരാക്കാനുള്ള ഈസായുടെ ഗൂഢശ്രമമാണോ ഇതിന്റെ പിന്നിലെന്നാണ് ഇപ്പോഴത്തെ സംശയം. ● തുടരും........

---

**" സ്വാതന്ത്ര്യമെന്നാൽ ഉത്തരവാദിത്വമെന്നർത്ഥം. അതുകൊണ്ടാണ് പല മനുഷ്യരും സ്വാതന്ത്ര്യം വേണ്ടെന്നു വെയ്ക്കുന്നത്. "**

**ബർണാഡ് ഷാ.**

**" ശത്രുസ്നേഹത്തിന്റെ വഴി ക്രിസ്തു കാണിച്ചു തന്നു. അത് പ്രവർത്തനക്ഷമമാണെന്നു ഗാന്ധിജി ബോദ്ധ്യപ്പെടുത്തുകയും ചെയ്തു."**

**മാർട്ടിൻ ലൂതർ കിംഗ്.**

---

**(36-ാം പേജിൽ നിന്നും തുടർച്ച)**

സമ്പൂർണ്ണ മലയാള പരിഭാഷയിൽ കൊടുത്തിരിക്കുന്ന അടിക്കുറിപ്പ് ഇങ്ങനെയാണ്: "പരിശുദ്ധ ഖുർആൻ മാറ്റത്തിരുത്തലുകൾക്കൊന്നും വിധേയമാകാത്ത വിധം ലോകാവസാനം വരെ അല്ലാഹു കാത്തുസൂക്ഷിക്കുന്നതാണ്." (പേജ് 364). പക്ഷെ, വ്യഭിചരിക്കുന്നവരെ കല്ലെറിഞ്ഞു കൊല്ലണമെന്നുള്ള അല്ലാഹുവിന്റെ കല്പന ഖുർആനിൽ കാണുന്നില്ല എന്ന സത്യം ഈ വാദഗതികളെ ചോദ്യം ചെയ്യുന്നതാണ് എന്ന വസ്തുത നാമറിഞ്ഞിരിക്കണം. വ്യഭിചാരികളെ കല്ലെറിഞ്ഞു കൊല്ലണം എന്നുള്ള ഖുർആനിലെ ആ വാക്യം എവിടെപ്പോയി? ഇരുപത്തിനാലു മണിക്കൂറും വിശുദ്ധ ബൈബിളിനെതിരെ കുറ്റാരോപണം നടത്തുന്ന ശ്രീ. അക്ബറും കൂട്ടരും മറുപടി പറയാൻ ബാദ്ധ്യസ്ഥമായ ഒരു ചോദ്യമാണത്. സ്വന്തം മതത്തിലെ ന്യൂനതകൾക്കു മറുപടി പറയാൻ ത്രാണിയില്ലാതെ ജാള്യത മറയ്ക്കാനായി ബൈബിളിനു നേരെ ആരോപണമുന്നയിക്കുന്ന പരിപാടി അവസാനിപ്പിച്ചിട്ട് കീറാമുട്ടിയായി ഖുർആനിൽ കാണുന്ന വിഷയങ്ങൾക്ക് മാന്യമായി മറുപടി കണ്ടെത്താൻ പരിശ്രമിക്കുകയാണു വേണ്ടത്. ●

# ലോകത്തോടൊരു താക്കീത്!
## നോർവേയിലെ കൂട്ടക്കൊല.

ലിജോ ജോസഫ് തടിയൂർ

ഏതോ ചില പ്രത്യയശാസ്ത്രങ്ങളുടെ പേരിൽ അനേകരെ അരുംകൊല ചെയ്ത നോർവേക്കാരനെ സംബന്ധിച്ചു അയാളൊരു ക്രൈസ്തവ മതമൗലികവാദിയാണെന്നാണ് യൂറോപ്യൻ മാദ്ധ്യമങ്ങളുടെ വിശദീകരണം. അത് തീർത്തും ശരിയാണെന്ന ഇവിടുത്തെ ചില ഹിന്ദുത്വവാദികളുടെ വാദം രസകരമാണ്. കാരണം, ബ്രെയ്വിനിന്റെ നിഷ്ഠൂരമായ പ്രവൃത്തിക്കു പിന്നിലെ പ്രേരണാഘടകങ്ങളിൽ, ഒരു പരിധിവരെ -ഹൈന്ദവ മതമൗലികവാദികൾ നിഷേധിക്കുന്നുവെങ്കിലും- അവരുടെ പ്രചാരണങ്ങളുടെ പങ്ക് ഉണ്ടെന്നുള്ളത് തന്നെ.

ബ്രെയ്വിനിന്റെ എഴുത്തുകളിൽ നൈറ്റ്സ് ടെംപ്ലർ എന്ന മദ്ധ്യകാല പ്രസ്ഥാനത്തെക്കുറിച്ചു ആവർത്തിച്ചു പരാമർശിക്കുന്നുണ്ട്. യൂറോപ്പ് പൂർണ്ണമായും മുസ്ലീങ്ങളുടെ പിടിയിലമരാതിരിക്കുന്നതിനായി നൈറ്റ്സ് ടെംപ്ലറിന് 21-ാം നൂറ്റാണ്ടിന്റെ പതിപ്പ് ഉണ്ടാകും എന്ന് കൂട്ടക്കൊലയാളിയായ ആന്റേഴ്സ് ബെഹ്റിംഗ് ബ്രെയ്വിൻ വിശ്വസിച്ചു എന്നുള്ളത് ഒരുപക്ഷെ യാഥാർത്ഥ്യമാവാം. കത്തോലിക്കാ സഭയുടെ അനുഗ്രഹാശിസ്സുകളോടെ 12-ാം നൂറ്റാണ്ടിൽ ക്രൈസ്തവ മതമൗലികവാദികൾ തുടങ്ങിയ സായുധക്രൈസ്തവ പ്രസ്ഥാനമായിട്ടാണ് നൈറ്റ്സ് ടെംപ്ലർ വിശേഷിപ്പിക്കപ്പെട്ടത്. മുസ്ലീങ്ങളുമായി അനേകം യുദ്ധങ്ങൾ നടത്തിയ പ്രസ്തുത സംഘടനയ്ക്ക് രക്തപങ്കിലമായ ചരിത്രമാണുള്ളത്. ക്രിസ്ത്യാനികളിൽ ആരും തന്നെ നൈറ്റ്സ് ടെംപ്ലറിനെ അംഗീകരിക്കുകയോ പിന്തുണയ്ക്കുകയോ ചെയ്യുന്നില്ല എന്നതാണ് സത്യം.

യൂറോപ്യൻ മാദ്ധ്യമങ്ങൾ ബ്രെയ്വിനിന്റെ പ്രത്യയശാസ്ത്ര പശ്ചാത്തലത്തെക്കുറിച്ച് വിലയിരുത്തുമ്പോൾ, ഭാരതീയ മാദ്ധ്യമങ്ങളിൽ ചിലത് അയാളെ ഹിന്ദുത്വ പ്രസ്ഥാനവുമായി ബന്ധപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധേയമാണ്. ആയിരത്തി അഞ്ഞൂറോളം പേജുകൾ ഉള്ള തന്റെ പത്രികയിൽ ബ്രെയ്വിൻ ഭാരതത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. മാധ്യമങ്ങളുടെ കണക്കനുസരിച്ച് അത് നൂറോളം പേജുകൾ വരും. ഭാരതീയർ രചിച്ച ചില പുസ്തകങ്ങളും തന്റെ എഴുത്തുകളിൽ പരാമർശിക്കുന്നുണ്ട്. ഭാരതത്തിന്റെ ചരിത്രവുമായും സമകാലീന രാഷ്ട്രീയ സാഹചര്യങ്ങളുമായും ബന്ധപ്പെട്ട ഒട്ടേറെ നിരീക്ഷണങ്ങൾ അയാൾ നടത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ബ്രെയ്വിൻ നടത്തിയ കൂട്ടക്കൊലയുടെ പിന്നിലുള്ള പ്രേരണാഘടകം, ചില ഹൈന്ദവ വർഗ്ഗീയ ശക്തികളുടെ പ്രചാരണത്തിന്റെ പരിണിതഫലമാകാനുള്ള സാദ്ധ്യത തള്ളിക്കളയാനാകില്ല. ചില ഭാരതീയ മാദ്ധ്യമങ്ങൾ ഇക്കാര്യം ചർച്ചചെയ്യപ്പെടാനുണ്ടായ സാഹചര്യം ഇതാണ്.



നിരപരാധികളെ കൊന്നൊടുക്കിയ ബ്രെയ്വിനിന്റെ നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണ് എന്നത് ലോകരാഷ്ട്രങ്ങളും, ദേശീയ-അന്തർദേശീയ മാദ്ധ്യമങ്ങളും, സംഘടനകളും, ഹൈന്ദവരും, മതമൗലീകവാദികളും, കൈസ്തവരും ആവർത്തിച്ച് പ്രസ്താവിക്കുന്നു. ബ്രെയ്വിനിന്റെ നടപടിയെ ഹിന്ദുത്വ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെടുത്താൻ ശ്രമിക്കുന്നു എന്നു പറഞ്ഞ് ചിലർ പ്രതിഷേധം ഉയർത്തുകയുണ്ടായി. അറ്റ്ലാന്റിക്കിന്റെ ഇരുവശങ്ങളിലുമുള്ള യാഥാസ്ഥിതിക എഴുത്തുകാരുടേയും

ചിന്തകന്മാരുടേയും ആശയങ്ങളുമായി ബ്രെയ്‌വിനിന്റെ എഴുത്തുകൾക്ക് ബന്ധമുണ്ടെന്നു ഹിന്ദുത്വ മതമൗലീക വാദികൾ വാദിക്കുന്നു. കുടിയേറ്റം, ബഹുസംസ്‌ക്കാരവാദം തുടങ്ങിയ സമസ്യകളെ സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള പ്രത്യയശാസ്ത്രപരമായ നിലപാട്, ഇന്നും ഇന്ത്യയിലെ ക്രൈസ്തവരെ ഹിന്ദുത്വത്തിന്റെ പേരു പറഞ്ഞു വേട്ടയാടിക്കൊണ്ടിരിക്കുന്നതിന് ഒരു കാരണമായി വർത്തിക്കുന്നുണ്ട്. ബ്രെയ്‌വിൻ നടത്തിയ കൂട്ടക്കൊല ഒരിക്കലും ന്യായീകരിക്കാനാവുന്നതല്ല. എന്നാൽ, അതൊരിക്കലും ക്രൈസ്തവരുടെ പിന്തുണയോടെ നടത്തിയതോ കൈസ്തവ പിന്തുണ അർഹിക്കുന്നതോ അല്ല. ഇന്ത്യയിലും പല പ്രത്യയശാസ്ത്രങ്ങളുടെയും വർഗ്ഗീയതയുടെയും പേരിൽ നിരവധി കൂട്ടക്കൊലകൾ നടന്നിട്ടുണ്ട്; ഇന്നും നടക്കുന്നുമുണ്ട്.

ബൈബിൾ അനുശാസിക്കുന്നത് സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സഹിഷ്ണുതയുടെയും മാർഗ്ഗമാണ്. വാളെടുക്കുന്നവൻ വാളാൽ മരിക്കും എന്നാണ് യേശുക്രിസ്തു അരുളിച്ചെയ്തത്. ക്രൈസ്തവർ മതമൗലിക വാദികൾ അല്ലേയല്ല. അവർ വാളിന് –അക്രമത്തിന്– എതിരാണ്. ക്രൈസ്തവ മതമൗലീക വാദമാണ് നോർവേയിലെ കൂട്ടക്കൊലയ്ക്ക് ബ്രെയ്‌വിനെ പ്രേരിപ്പിച്ച അടിസ്ഥാന ഘടകമെന്ന ചില ഹിന്ദു സംഘടനകളുടെ ആരോപണം അവാസ്തവമാണ്. പലരും അതിനെതിരെ മൗനം പാലിക്കുന്നു എന്ന അവരുടെ കാഴ്ചപ്പാടും ശരിയല്ല. ക്രൈസ്തവ മൂല്യങ്ങളും ധർമ്മവും എന്താണെന്നതിനെക്കുറിച്ച് ശരിയായ ധാരണയില്ലാത്തതുകൊണ്ടാണ് ഇത്തരം പ്രസ്താവനകൾ പുറപ്പെടുവിക്കുന്നത്. ബ്രെയ്‌വിനിന്റെ നടപടിയെ അപലപിക്കണമെന്ന് വാദിക്കുന്നവർ ഉയർത്തിപ്പിടിക്കുന്ന വിഷയങ്ങൾ– ബഹുസംസ്‌ക്കാരവാദം, കുടിയേറ്റം, മതപരിവർത്തനം, ലിബറൽ ഡമോക്രാറ്റുകളുമായുള്ള ഇസ്ലാമിന്റെ സാത്മീകരണം– തന്നെയാണ് ബ്രെയ്‌വിനും മുന്നോട്ടുവെക്കുന്നതെന്നതാണ് വൈപരീത്യം.

ചില പ്രത്യയശാസ്ത്രങ്ങളുടെയും വർഗ്ഗീയതയുടെയും മറവിൽ ഇത്തരം ഹീനകൃത്യങ്ങൾ ആവർത്തിക്കപ്പെടുന്നു. ഒരുപക്ഷെ, നാളെകളിൽ ഇതെവിടെയും സംഭവിക്കാം. ഇത് ഒരു നാന്ദിയത്രേ. തീർത്തും അനുവദിച്ചുകൂടാത്തതും അപലപിക്കപ്പെടേണ്ടതുമായ വസതുതയാണിവ എന്നത് ബന്ധപ്പെട്ടവർ മറന്നുകൂടാ.

ബ്രെയ്‌വിൻ നടത്തിയ കൂട്ടക്കൊലയുടെ പിന്നിൽ ക്രൈസ്തവ മതമൗലീകവാദമാണ് എന്നു നിരീക്ഷിക്കുന്ന പക്ഷം, ഇതേ ന്യായത്തിന്റെ അടിസ്ഥാനത്തിൽ ഇസ്ലാമികഭീകരവാദികളുടെ പ്രവർത്തനത്തിന്റെ പേരിൽ ഖുർആനെയും, ചില ഹൈന്ദവ വർഗ്ഗീയശക്തികളുടെ നടപടികൾക്കെതിരെ മഹാഭാരതത്തെയും മറ്റും കുറ്റപ്പെടുത്തേ

ശേഷം 42–ാം പേജിൽ






# ആ 'വേദവാക്യം' എവിടെപ്പോയി?

പാസ്റ്റർ ചാക്കോ ആന്റണി, പരപ്പനങ്ങാടി.

"ക്രൈസ്തവ ദൈവസങ്കല്പം മിഥ്യയും യാഥാർത്ഥ്യവും" (എം.എം.അക്ബർ, ദവാ ബുക്സ്, 2010) എന്ന പുസ്തകത്തിലെ ഒരു ഉപശീർഷകമാണ് ഈ ലേഖനത്തിനു ശീർഷകമായി നല്കിയിരിക്കുന്നത്. കിംഗ് ജയിംസ് വെർഷൻ ഇംഗ്ലീഷ് ബൈബിളിൽ 1 യോഹന്നാൻ 5:7-ൽ നാം ഇപ്രകാരം വായിക്കുന്നു. സ്വർഗ്ഗത്തിൽ സാക്ഷ്യം പറയുന്നവർ മൂവർ ഉണ്ട്; പിതാവ്, വചനം, പരിശുദ്ധാത്മാവ്; ഈ മൂവരും ഒന്നുതന്നെ. ത്രിയേകദൈവ വിശ്വാസത്തിനു ഉപോത്ബലകമായി ഉദ്ധരിക്കാറുള്ള ഈ വാക്യം മലയാളം ബൈബിളിൽ ഇല്ലെന്നും ആ വാക്യം ക്രൈസ്തവർ നീക്കം ചെയ്തു എന്നുമാണ് എം.എം. അക്ബറിന്റെ അഭിപ്രായം. അതുകൊണ്ടാണ്, ആ വേദവാക്യം എവിടെപ്പോയിയെന്നു ചോദിച്ച് അദ്ദേഹം കൈസ്തവരെ പരിഹസിക്കുന്നത്. അദ്ദേഹം എഴുതിയിരിക്കുന്നു:" ഇന്നു മലയാളഭാഷയിൽ പുറത്തിറങ്ങുന്ന പുതിയ നിയമം ബൈബിളിൽ ഈ വചനം തീരെയില്ലെന്നതത്രെ വസ്തുത. 'ബിഷാറ'യും കേരളത്തിലെ മറ്റു പ്രൊട്ടസ്റ്റന്റ് മിഷ്യനറിസംഘടനകളും വിതരണം ചെയ്യുന്ന ബാംഗ്ലൂരിലെ ഇന്ത്യാ ബൈബിൾ സൊസൈറ്റിയിൽ അച്ചടിച്ച സത്യവേദ പുസ്തകത്തിലോ കൊച്ചിയിലെ പാസ്റ്ററൽ ഓറിയന്റേഷൻ പ്രസിദ്ധീകരിച്ച കേരളാ കത്തോലിക് ബിഷപ്പ് കൗൺസിൽസ് ബൈബിൾ കമ്മീഷൻ തയ്യാറാക്കിയതുമായ മലയാളം ബൈബിളിലോ ഈ വചനം ഇല്ല. ബൈബിൾ പരിശോധിക്കുന്ന ഏതൊരാൾക്കും ആയാസരഹിതമായി മനസ്സിലാക്കാൻ കഴിയുന്ന വസ്തുതയാണിത്." (ക്രൈസ്തവ ദൈവസങ്കല്പം മിഥ്യയും യാഥാർത്ഥ്യവും പേജ് 29). ക്രൈസ്തവർ ഈ വചനം നീക്കിയ കാലഘട്ടവും അതിനു അവരെ പ്രേരിപ്പിച്ച വസ്തുതയും ആയിട്ട് പ്രസ്തുത പുസ്തകത്തിൽ മറ്റൊരിടത്ത് അദ്ദേഹം വിവരിക്കുന്നതിപ്രകാരമാണ്. "മലയാളം ബൈബിളിൽ നിന്നും 1952-നു മുമ്പുതന്നെ ഈ വചനം നീക്കം ചെയ്യപ്പെട്ടിരുന്നു. അതിനുള്ള കാരണം മറ്റൊന്നാണ്. 19-ാം നൂറ്റാണ്ടിൽ കേരളം കണ്ട ഏറ്റവും ക്കാനുള്ള, അംഗീകരിക്കാതാരിക്കാനുള്ള ശ്രമം ക്രൈസ്തവ പാതിരിമാരുടെ കണ്ഠാകോടാലിയുമായിരുന്ന സയ്യിദ് സനാ ഉല്ലാഹ് മക്തി തങ്ങളുടെ 'കഠോരകുടാരം' എന്ന ബൃഹദ്ഗ്രന്ഥത്തിൽ



ത്രിയേക വിശ്വാസത്തിനുപോത്ബലകമായി ഉദ്ധരിക്കപ്പെടുന്ന 1 യോഹന്നാൻ 5:7 വചനം അടിസ്ഥാനരഹിതമാണെന്നു പ്രസ്താവിച്ചിരുന്നു. മൗലാനാ സനാ ഉല്ലായുടെ പ്രചണ്ഡമായ പ്രചാരണ പ്രബോധനപ്രവർത്തനങ്ങൾക്കു മുമ്പിൽ ചെറുത്തു നില്ക്കാനാവാതെ കേരള മണ്ണിലെ ക്രൈസ്തവ നേതൃത്വം അദ്ദേഹത്തിന്റെ ജീവിതകാലത്തു തന്നെ മലയാള ബൈബിളിൽ നിന്നും ഈ വചനം നീക്കം ചെയ്തിരുന്നു." (ക്രൈസ്തവ ദൈവസങ്കല്പം മിഥ്യയും യാഥാർത്ഥ്യവും പേജ് 32, 33). വിശുദ്ധ ബൈബിളിലെ ത്രിയേകദൈവ വിശ്വാസം തെറ്റാണെന്നു ഒരു മക്തി തങ്ങൾ ചൂണ്ടിക്കാട്ടിയ ഉടനെ ക്രൈസ്തവ നേതൃത്വം ആ വചനം തെറ്റാണെന്ന സമ്മതിച്ച് അത് നീക്കം ചെയ്തത്രേ. വിശുദ്ധ ബൈബിളിനെ താഴ്ത്തിക്കെട്ടാൻ കഠിനപ്രയത്നം ചെയ്യുന്ന ശ്രീ.അക്ബറിന്റെ അറിവില്ലായ്മയെ ഓർത്ത് സഹതാപമാണ് തോന്നുന്നത്.

ദൈവം ഏകനെന്നു വിശുദ്ധബൈബിൾ ഉറപ്പിച്ചു പറയുന്നു. "ഇസ്രായേലേ കേൾക്ക, യഹോവ നമ്മുടെ ദൈവമാകുന്നു. യഹോവ ഏകൻ തന്നെ." (ആവർത്തന പുസ്തകം 6:4). അപ്പോൾ ത്തന്നെ, ആ ഏകത്വത്തിൽ ഒരു ത്രിത്വം അടങ്ങിയിരിക്കുന്നുവെന്നും ബൈബിൾ വ്യക്തമാക്കുന്നുണ്ട്. ഇത് ത്രിയേകത്വം എന്ന സംജ്ഞകൊണ്ട് വിവക്ഷിക്കപ്പെടുന്നു. പഴയനിയമത്തിലും പുതിയ നിയമത്തിലും ഈ ത്രിയേകത്വം വ്യക്തമായി കാണാനാവും. സാരാംശത്തിൽ ഏകനായ ദൈവം മൂന്നു

ആളത്തങ്ങളിലായി വെളിപ്പെടുന്നു. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്. സൃഷ്ടിപ്പു മുതൽ ഈ ത്രിയേകത്വം ദർശിക്കാനാവും. ഉല്പത്തി പുസ്തകം 1:26-ൽ,"അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക" എന്നു പറയുന്നു. ഉല്പത്തി 3:22-ൽ, "യഹോവയാം ദൈവം: മനുഷ്യൻ നന്മതിന്മകളെ അറിയുവാൻ തക്കവണ്ണം നമ്മിൽ ഒരുത്തനെപ്പോലെ ആയിത്തീർന്നിരിക്കുന്നു" എന്നും, 11:7 -ൽ "വരുവിൻ; നാം ഇറങ്ങിച്ചെന്നു അവർ തമ്മിൽ ഭാഷ തിരിച്ചറിയാതിരിപ്പാൻ അവരുടെ ഭാഷ കലക്കിക്കളയുക" എന്നും വായിക്കുന്നു. ഈ വചനങ്ങളിൽ നാം, നമ്മുടെ, നമ്മിൽ എന്നീ പ്രസ്താവനകളിലൂടെ ത്രിയേകത്വത്തെയാണ് അനശ്വരനായ ദൈവം വെളിപ്പെടുത്തുന്നത്. യെശയ്യാ പ്രവചനം 48:16-ൽ, "നിങ്ങൾ അടുത്തുവന്നു ഇതു കേൾപ്പിൻ. ഞാൻ ആദിമുതൽ രഹസ്യത്തിലല്ല പ്രസ്താവിച്ചിട്ടുള്ളത്. അതിന്റെ ഉത്ഭവകാലം മുതൽ ഞാൻ അവിടെ ഉണ്ട്. ഇപ്പോഴോ, യഹോവയായ കർത്താവ് എന്നെയും തന്റെ ആത്മാവിനെയും അയച്ചിരിക്കുന്നു." മൂന്നു ആളത്തങ്ങൾ വ്യക്തമായി ഈ വാക്യത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഞാൻ (ക്രിസ്തു), യഹോവയായ കർത്താവ്, ആത്മാവ്. സൃഷ്ടി കർമ്മത്തിൽ ദൈവികത്രിത്വത്തിലെ മൂന്നു ആളത്തങ്ങളുടെയും സാന്നിദ്ധ്യം ഉണ്ടായിരുന്നതായും ബൈബിൾ വ്യക്തമാക്കുന്നു. പിതാവായ ദൈവം (യഹോവ) സൃഷ്ടിച്ചു. "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു."(ഉല്പത്തി1:1, യെശയ്യാവ് 45: 11, 12). പുത്രൻ (ക്രിസ്തു) സൃഷ്ടിച്ചു.സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ (ക്രിസ്തു) മുഖാന്തരം സൃഷ്ടിക്കപ്പെട്ടു.(കൊലോസ്യർ 1:15,16, )യോഹന്നാൻ 1:1-3). പരിശുദ്ധാത്മാവ് സൃഷ്ടിച്ചു. "ദൈവത്തിന്റെ ആത്മാവ് എന്നെ സൃഷ്ടിച്ചു." (ഇയ്യോബ് 33:4). പിതാവ് ചെയ്യുന്നതെല്ലാം പുത്രനും പരിശുദ്ധാത്മാവും ചെയ്യുന്നു. പുത്രൻ ചെയ്യുന്നതെല്ലാം പിതാവും പരിശുദ്ധാത്മാവും ചെയ്യുന്നു. പരിശുദ്ധാത്മാവ് ചെയ്യുന്നതെല്ലാം പിതാവും പുത്രനും ചെയ്യുന്നു. ഒരോ ആളത്തവും ചെയ്യുന്ന പ്രവർത്തനങ്ങളിൽ മറ്റു രണ്ട് ആളത്തങ്ങളും വ്യാപരിക്കുന്നു. അതിനാൽ, ഒരാളത്തത്തിന്റെ പ്രവർത്തനമെന്നത് ത്രിത്വത്തിന്റെ (ത്രിയേക ദൈവത്തിന്റെ അഥവാ ഏക ദൈവത്തിന്റെ) പ്രവർത്തനമാണ്. പുതിയനിയമത്തിലും പിതൃ,പുത്ര,പരിശുദ്ധാത്മാവാം ത്രിയേക ദൈവത്തെ വെളിപ്പെടുത്തുന്ന നിരവധി വചനങ്ങൾ ഉണ്ട്. ക്രിസ്തുവിന്റെ സ്നാനസമയത്തു മൂന്നു ദൈവിക ആളത്തങ്ങളും പരാമർശിക്കപ്പെടുന്നുണ്ട്. " യേശു സ്നാനം ഏറ്റ ഉടനെ വെള്ളത്തിൽ നിന്നു കയറി; അപ്പോൾ സ്വർഗ്ഗം തുറന്നു ദൈവാത്മാവ് പ്രാവെന്നപോലെ ഇറങ്ങി തന്റെ മേൽ വരുന്നത് അവൻ കണ്ടു. ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദവും ഉണ്ടായി." (മത്തായി 3:16,17). പുത്രൻ സ്നാനപ്പെട്ട ശേഷം വെള്ളത്തിൽ നിന്നു കയറുന്ന മാത്രയിൽ പരിശുദ്ധാത്മാവ് ദൃശ്യരൂപത്തിൽ ഇറങ്ങുന്നു; പിതാവ് സ്വർഗ്ഗത്തിൽ നിന്നും സംസാരിക്കുന്നു. യേശു ശിഷ്യർക്കു നല്കുന്ന മഹാനിയോഗത്തിൽ ത്രിത്വത്തെ വ്യക്തമായി വെളിപ്പെടുത്തുന്നുണ്ട്. "യേശു അടുത്തു ചെന്നു: സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറ

> ദൈവം ഏകനെന്നു വിശുദ്ധബൈബിൾ ഉറപ്പിച്ചു പറയുന്നു. "ഇസ്രായേലേ കേൾക്ക, യഹോവ നമ്മുടെ ദൈവമാകുന്നു. യഹോവ ഏകൻ തന്നെ." (ആവർത്തന പുസ്തകം 6:4). അപ്പോൾത്തന്നെ, ആ ഏകത്വത്തിൽ ഒരു ത്രിത്വം അടങ്ങിയിരിക്കുന്നുവെന്നും ബൈബിൾ വ്യക്തമാക്കുന്നുണ്ട്

പ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ട് എന്നു അരുളിച്ചെയ്തു." (മത്തായി 28:18-20). ത്രിത്വത്തിലെ മൂന്നു വ്യക്തിത്വങ്ങളെയും കുറിച്ചു പത്രോസ് എഴുതിയ ഒന്നാം ലേഖനം ഒന്നാമദ്ധ്യായത്തിന്റെ പ്രാരംഭവാക്യങ്ങളിൽ വ്യക്തമാക്കുന്നുണ്ട്.(1പത്രോസ് 1:1,2). കൂടാതെ, യോഹ.14: 26, അപ്പൊ. പ്രവൃ. 2:32, 33, 1കൊരി.12: 4-6, 2കൊരി. 13:14, എഫേസ്യർ 4:4-6, 2തെസ്സ. 2:13 തുടങ്ങിയ വാക്യങ്ങളിലും ത്രിയേകത്വം ദർശിക്കാം. അക്ബർ പറയുന്നതു പോലെ 1 യോഹന്നാൻ 5:7-ൽ മാത്രമല്ല ത്രിയേകത്വം വിവരിക്കപ്പെട്ടിട്ടുള്ളത്. പിന്നെയോ, വിശുദ്ധ ബൈബിളിന്റെ ആദ്യ അദ്ധ്യായം മുതൽ തന്നെ സർവ്വശക്തനായ ദൈവം താൻ ത്രിയേകനാണെന്ന സത്യം വെളിപ്പെടുത്തിയിരിക്കുന്നു എന്ന യാഥാർത്ഥ്യം വ്യക്തമായി ഗ്രഹിക്കാനാവും.

ഇനി ശ്രീ.എം.എം.അക്ബർ പറയുന്നതു പോലെ 1യോഹന്നാൻ 5:7 ക്രൈസ്തവർ നീക്കം ചെയ്തിട്ടില്ല. പ്രസ്തുത വാക്യം ബൈബിളിന്റെ ഗ്രീക്കു പുതിയനിയമത്തിലും ലത്തീനിലെ വൾഗേറ്റ് പരിഭാഷയിലും സ്കോഫീൽഡ് റഫറൻസ് ബൈബിൾ, കിംഗ് ജയിംസ് വെർഷൻ തുടങ്ങിയവയിലുമെല്ലാം ഉണ്ട് എന്നതാണ് ശരിയായ വസ്തുത. മലയാളത്തിൽ പ്രീമിയർ ബൈബിൾ, പ്രീമിയർ ദ്വിഭാഷാ പഠനബൈബിൾ, പ്രീമിയർ സ്റ്റഡി ബൈബിൾ, പ്രീമിയർ പോക്കറ്റ് ബൈബിൾ, ദാനിയേൽ റഫറൻസ് ബൈബിൾ, ദാനിയേൽ ദ്വിഭാഷാ പഠന ബൈബിൾ, ദാനിയേൽ പൂർവ്വാപര പഠനബൈബിൾ, ഡോ. മാത്യൂസ് വർഗീസ് പരിഭാഷപ്പെടുത്തിയ വിശുദ്ധ സത്യവേദപുസ്തകം തുടങ്ങിയവയിലും ഈ വാക്യമുണ്ട്. എം.എം.അക്ബർ ഇതൊന്നും കാണാത്തതോ കണ്ടിട്ടും കാണാത്തതായി നടിക്കുന്നതോ ആവാം, "ഇന്നു മലയാള ഭാഷയിൽ പുറത്തിറങ്ങുന്ന പുതിയ നിയമം ബൈബിളിൽ ഈ വചനം തീരെയില്ലെന്ന" ഹിമാലയൻ അബദ്ധം പടച്ചുവിടാനുള്ള കാരണം. 1 യോഹന്നാൻ 5:7-ാം വാക്യത്തെ സംബന്ധിച്ച് എന്താണു സംഭവിച്ചത്? അബദ്ധവശാൽ പകർത്തെഴുത്തുകാർ വിട്ടുപോയതാണ് ഈ വാക്യം. പിന്നീട് അതേ പകർപ്പ് നോക്കിയെഴുതിയവർ അതാവർത്തിക്കുകയും ചെയ്തു. ഇതു മുഖാന്തരമാണ് ബൈബിൾ സൊസൈറ്റിയുടെ മലയാളം പരിഭാഷയിലോ കേരളാ കത്തോലിക് ബിഷപ്പ് കൗൺസിൽസ് തയ്യാറാക്കിയ മലയാളം ബൈബിളിലോ ഈ വചനം ഇല്ലാതെ പോയത്. ബൈബിളിന്റെ ഗ്രീക്കു പുതിയനിയമത്തിന്റെ കൈയെഴുത്തു പ്രതികളിൽ നിന്നും പരിഭാഷപ്പെടുത്തുന്ന എല്ലാ ബൈബിളിലും ഈ വാക്യം ഉണ്ട്. അതുകൊണ്ട്, 'ആ വേദവാക്യം എവിടെപ്പോയി?' എന്ന അക്ബറിന്റെ ആക്ഷേപം നിലനില്ക്കുന്നതല്ല.

എന്നാൽ, ഇതേ ചോദ്യം ശ്രീ.എം.എം. അക്ബറിനോടു ചോദിക്കട്ടെ, "ആ വേദവാക്യം എവിടെപ്പോയി?" വ്യഭിചാരികളെ കല്ലെറിഞ്ഞു കൊല്ലണം എന്നുള്ള ഖുർആനിലെ വാക്യം എവിടെപ്പോയി? പ്രസ്തുത വാക്യം ഖുർ ആനിൽ ഉണ്ടായിരുന്നു എന്നതിനു തെളിവായി, നബിവചന സമാഹാരങ്ങളിൽ പ്രാമാണിക ഗ്രന്ഥമായി ഇസ്ലാംമത പണ്ഡിതരും എം.എം.അക്ബറിനെപ്പോലുള്ള ദാവാപ്രഭാഷകരും അംഗീകരിച്ചിട്ടുള്ള സഹീഹുൽ ബുഖാരിയിൽ നിന്നും ഉദ്ധരിക്കുന്നു: "ഉമർ (റ) പറഞ്ഞു: അല്ലാഹു മുഹമ്മദ്(സ)യെ സത്യവും കൊണ്ടു അയച്ചു. അവിടുത്തേക്കു അല്ലാഹു ഖുർആൻ അയച്ചു കൊടുത്തു. **വ്യഭിചാരിയെ കല്ലെറിഞ്ഞു കൊല്ലണമെന്നു അല്ലാഹു അവിടുത്തേക്കു അയച്ചു കൊടുത്ത ഖുർആനിലുണ്ടായിരുന്നു."** (സഹീഹുൽ ബുഖാരി, ഹദീസ് നമ്പർ 2169, പരിഭാഷ സി.എൻ. അഹ്മദ് മൗലവി, പേജ് 998). അല്ലാഹു അയച്ചു കൊടുത്ത വചനമനുസരിച്ച് വ്യഭിചാരിയെ കല്ലെറിഞ്ഞു കൊല്ലാൻ മുഹമ്മദ്(സ) കല്പിക്കുന്നതായി അതേ ബുഖാരിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. "അബുഹുറൈറ (റ) സൈദിബ്നു ഖാലിദ് എന്നിവർ പറയുന്നു: ഒരു ഗ്രാമീണൻ തിരുമേനി (സ) യുടെ അടുക്കൽ വന്ന് ഇങ്ങനെ പറഞ്ഞു: "ദൈവദൂതരേ, **അല്ലാഹുവിന്റെ നിയമമനുസരിച്ച് എന്റെ കാര്യത്തിൽ വിധി കൽപിക്കുവാൻ** അല്ലാഹുവിനെ

മുൻനിർത്തി ഞാനിതാ അങ്ങയോടു അപേക്ഷിക്കുന്നു." മറ്റേ പ്രതി പറഞ്ഞു– അയാൾ ഇയാളേക്കാൾ ബോധവാനായിരുന്നു– "അതേ അല്ലാഹുവിന്റെ നിയമമനുസരിച്ച് ഞങ്ങൾക്കിടയിൽ വിധി കൽപിക്കുകയും രണ്ടു വാക്കു സംസാരിക്കാൻ എന്നെ അനുവദിക്കുകയും ചെയ്താലും." "പറയൂ"– തിരുമേനി അരുളി. അയാൾ പറഞ്ഞു:' 'എന്റെ മകൻ ഈയാളുടെ ഒരു കൂലിക്കാരനായിരുന്നു. അവൻ ഇയാളുടെ ഭാര്യയെ വ്യഭിചരിച്ചു. എന്റെ മകനുള്ള ശിക്ഷ എറിഞ്ഞു കൊല്ലലാണെന്ന് ഒരാളെന്നോട് പറഞ്ഞു. അപ്പോൾ 100 ആടുകളേയും ഒരു അടിമപ്പെണ്ണിനേയും പ്രായശ്ചിത്തം നൽകി ഞാനെന്റെ മകനെ മോചിപ്പിച്ചു. വിജ്ഞാനികളോട് അതിനെപ്പറ്റി ചോദിച്ചപ്പോൾ എന്റെ മകന്ന് 100 അടിയും ഒരു വർഷത്തെ നാടുകടത്തലും ഇവന്റെ ഭാര്യക്ക് എറിഞ്ഞുകൊല്ലലും ആണ് ശിക്ഷയെന്നു അവരെന്നോട് പറഞ്ഞു." തിരുമേനി

അരുളി: എന്റെ ആത്മാവിനെ നിയന്ത്രിച്ചു കൊണ്ടിരിക്കുന്ന അല്ലാഹുവിനെക്കൊണ്ട് സത്യം. **അല്ലാഹുവിന്റെ നിയമമനുസരിച്ച് ഞാൻ നിങ്ങൾക്കിടയിൽ വിധി കൽപിക്കുക തന്നെ ചെയ്യും.** അടിമപ്പെണ്ണും ആടും നീ തിരിച്ചെടുത്തുകൊള്ളുക. നിന്റെ മകന്ന് 100 അടിയും ഒരു വർഷത്തെ നാടുകടത്തലുമാണ് ശിക്ഷ. അനസ്! നീ ഇവന്റെ ഭാര്യയുടെ അടുത്തു പോയി അന്വേഷിക്കു. അവൾ കുറ്റം സമ്മതിക്കുകയാണെങ്കിൽ അവളെ എറിഞ്ഞു കൊല്ലുക." അബു ഹുറൈറ പറയുന്നു: അങ്ങിനെ അനസ് പോയി. അപ്പോഴവൾ സമ്മതിച്ചു. അതനുസരിച്ച് **അവളെ എറിഞ്ഞു കൊല്ലാൻ തിരുമേനി കൽപിക്കുകയും എറിഞ്ഞു കൊല്ലുകയും ചെയ്തു."** (സഹീഹുൽ ബുഖാരി, ഹദീസ് നമ്പർ1153, പരിഭാഷ സി. എൻ. അഹ്മദ് മൗലവി, പേജ് 588).

നബിവചന സമാഹാരമായ സഹീഹുൽ മുസ്ലീമിൽ നിന്നും മറ്റൊരു സംഭവം ഉദ്ധരിക്കുന്നു.

"ബുറൈദയിൽ നിന്ന്: മാഇസുബ്നു മാലകിൽ അസ്‌ലമി പ്രവാചക സന്നിധിയിൽ വന്ന് പറഞ്ഞു: 'പ്രവാചകരേ, ഞാൻ എന്നോട് അക്രമം പ്രവർത്തിച്ചു. ഞാൻ വ്യഭിചരിച്ചു പോയി. എന്നെ അവിടുന്ന് ശുദ്ധീകരിച്ചാലും.' പ്രവാചകൻ അയാളെ മടക്കിയയച്ചു. പിറ്റെ ദിവസവും അയാൾ വന്ന് പറഞ്ഞു: 'പ്രവാചകരേ, ഞാൻ വ്യഭിചരിച്ചു.' പ്രവാചകൻ രണ്ടാമതും അയാളെ മടക്കി. അയാളുടെ ബന്ധുക്കളുടെ അടുത്തേക്ക് ആളെ അയച്ച് ചോദിച്ചു: 'അവന്റെ ബുദ്ധിക്ക് വല്ല കുഴപ്പവും ഉണ്ടോ? അവന്റെ പെരുമാറ്റത്തിൽ എന്തെങ്കിലും അപരിചിതത്വം കാണുന്നുണ്ടോ?' അവർ പറഞ്ഞു: 'ഞങ്ങളുടെ അറിവിൽപ്പെട്ടിടത്തോളം അവൻ നല്ല ബുദ്ധി ശക്തിയുള്ളവനും ഞങ്ങളുടെ കൂട്ടത്തിലെ സച്ചരിതരിൽ പെട്ടവനുമാണ്.' മൂന്നാം ദിവസവും അയാൾ വന്നു. വീണ്ടും അയാളെക്കുറിച്ച് അന്വേഷിച്ചറിയാൻ ബന്ധുക്കളിലേക്ക് പ്രവാചകൻ ആളെ

നിയോഗിച്ചു. അന്വേഷിച്ചപ്പോൾ അവർ അറിയിച്ചു: 'അയാൾക്ക് ഒരു കുഴപ്പവുമില്ല. ബുദ്ധിക്ക് ഒരു തകരാറുമില്ല.' അവൻ നാലാം നാൾ വന്നപ്പോൾ അവനുവേണ്ടി ഒരു കുഴികുഴിച്ചു. അതിൽ നിർത്തി അവനെ എറിഞ്ഞു കൊല്ലാൻ പ്രവാചകൻ കൽപിച്ചു. **അങ്ങനെ എറിഞ്ഞു കൊല്ലുകയും ചെയ്തു.**

നിവേദകൻ തുടരുന്നു: പിന്നീട് ഗാമിദ് ഗോത്രക്കാരിയായ ഒരു സ്ത്രീ പ്രവാചകന്റെ അടുത്തു വന്ന് പറഞ്ഞു: 'പ്രവാചകരേ, ഞാൻ വ്യഭിചരിച്ചു പോയി. എന്നെ ശുദ്ധീകരിച്ചാലും!' പ്രവാചകനവളെ മടക്കിയയച്ചു. പിറ്റെ ദിവസം അവൾ വന്നു ചോദിച്ചു: 'ദൈവദൂതരേ, എന്നെ എന്തിനാണ് അങ്ങ് മടക്കിയയക്കുന്നത്? മാഇസിനെ മടക്കിയ പോലെ എന്നെയും മടക്കിയയക്കുകയായിരിക്കാം. എന്നാൽ അല്ലാഹുവിൽ സത്യം ഞാൻ ഗർഭിണിയാണ്.' പ്രവാചകൻ പറഞ്ഞു: 'കുറ്റസമ്മതത്തിൽ നീ ഉറച്ചു നിൽക്കുകയാണെങ്കിൽ, ഇപ്പോൾ നീ

ബൈബിളിന്റെ ഗ്രീക്കു പുതിയനിയമത്തിന്റെ കൈയെഴുത്തു പ്രതികളിൽ നിന്നും പരിഭാഷപ്പെടുത്തുന്ന എല്ലാ ബൈബിളിലും ഈ വാക്യം ഉണ്ട്. അതുകൊണ്ട്, 'ആ വേദവാക്യം എവിടെപ്പോയി?'എന്ന അക്ബറിന്റെ ആക്ഷേപം നിലനില്ക്കുന്നതല്ല.

പോകുക. പ്രസവിക്കുന്നതുവരെ കാത്തിരിക്കുക.' നിവേദകൻ പറയുന്നു: പ്രസവാനന്തരം അവൾ ഒരു കൈക്കുഞ്ഞിനെ തുണിയിൽ പൊതിഞ്ഞു കൊണ്ടു വന്ന് പറഞ്ഞു: 'ഞാൻ പ്രസവിച്ച കുട്ടിയാണിത്.' പ്രവാചകൻ പറഞ്ഞു: നീ തിരികെ പോയി, അതിനു മുലകുടി നിർത്തുന്ന കാലംവരെ മുലപ്പാൽ കൊടുക്കുക.' അങ്ങനെ മുലയൂട്ടുന്നത് അവസാനിച്ചപ്പോൾ അവൾ കുട്ടിയെയും കൊണ്ട് വന്നു. ആ കുട്ടിയുടെ കൈയിൽ ഒരു റൊട്ടിക്കഷണവുമുണ്ടായിരുന്നു. അവൾ പറഞ്ഞു: 'പ്രവാചകരേ, ഞാനതിന്റെ മുലയൂട്ടൽ നിർത്തി. അവൻ ഭക്ഷണം കഴിക്കാൻ തുടങ്ങിയിരിക്കുന്നു.' പ്രവാചകൻ ആ കുട്ടിയെ മുസ്‌ലിംകളിൽ പെട്ട ഒരാൾക്ക് ഏൽപിച്ചുകൊടുത്തു. പിന്നെ അവളുടെ മേൽ (ശിക്ഷ നടപ്പാക്കാൻ) നബി നിർദ്ദേശിച്ചു. അവളുടെ നെഞ്ചുവരെ എത്തുന്ന ഒരു കുഴി അവൾക്കുവേണ്ടി കുഴിച്ചു (അതിൽ അവളെ നിർത്തി). പ്രവാചകന്റെ കൽപനപ്രകാരം ജനങ്ങൾ അവളെ കല്ലെറിഞ്ഞു. ഒരു കല്ലുമായി ഖാലിദുബ്നു വലീദ് മുന്നോട്ടു വന്ന് അവളുടെ തലക്ക് എറിഞ്ഞു. ഖാലിദിന്റെ മുഖത്ത് രക്തം തെറിച്ചു വീണു. അദ്ദേഹമവളെ ചീത്ത പറഞ്ഞു. ആ ശകാരവർഷം നബി കേട്ടു. അവിടുന്ന് പറഞ്ഞു: ' ഖാലിദേ, ഒന്ന് പതുക്കെ! എന്റെ ആത്മാവ് ഏതൊരുവന്റെ കൈയിലാണോ അവനിൽ സത്യം, അവൾ ചെയ്ത പശ്ചാത്താപം, വ്യാപാരത്തിൽ ചതിപ്രയോഗിച്ച് ധനം അപഹരിക്കുന്നവൻ പോലും പശ്ചാത്തപിച്ചാൽ അവന് പൊറുത്തുകൊടുക്കപ്പെടും! അനന്തരം അവൾക്കുവേണ്ടി നമസ്കരിക്കാൻ കൽപിക്കുകയും സ്വയം നമസ്ക്കരിക്കുകയും ചെയ്തു. ശേഷമവൾ മറവ് ചെയ്യപ്പെട്ടു.'' (സ്വഹീഹു മുസ്‌ലിം, ഹദീസ് നമ്പർ1039, ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ് പേജ് 438,439). അല്ലാഹുവിന്റെ കല്പനപ്രകാരം വ്യഭിചരിക്കുന്നവരെ കല്ലെറിഞ്ഞു കൊല്ലണമെന്നുള്ള ഖുർആനിലെ വാക്യം അക്ഷരംപ്രതി അനുസരിക്കുന്ന പ്രവാചകനായ മുഹമ്മദും അനുയായികളും, വ്യഭിചരിച്ചവരെ കല്ലെറിഞ്ഞു കൊല്ലുന്ന ഈ ഭീകരദൃശ്യം അംഗീകൃത ഹദീസുകളിൽ വിവരിച്ചിട്ടുള്ളവയാണ്. എന്നാൽ, ഇന്നു കാണുന്ന ഖുർആനിൽ വ്യഭിചരിക്കുന്നവരെ കല്ലെറിഞ്ഞു കൊല്ലണമെന്നുള്ള കല്പന ഇല്ല. ഇപ്പോഴുള്ള ഖുർആനിലാകട്ടെ വ്യഭിചാരത്തിനുള്ള ശിക്ഷ 100 അടിയാണ്. ഖുർആൻ 24:2-ൽ നാമിങ്ങനെ വായിക്കുന്നു: "വ്യഭിചരിക്കുന്ന സ്ത്രീപുരുഷന്മാരിൽ ഓരോരുത്തരേയും നിങ്ങൾ 100 അടി അടിക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ അല്ലാഹുവിന്റെ മതനിയമത്തിൽ (അതു നടപ്പാക്കുന്ന വിഷയത്തിൽ) അവരോടുള്ള ദയയൊന്നും നിങ്ങളെ ബാധിക്കാതിരിക്കട്ടെ. അവരുടെ ശിക്ഷ നടക്കുന്നേടത്ത് സത്യവിശ്വാസികളിൽ നിന്നുള്ള ഒരു സംഘം സന്നിഹിതരാകുകയും ചെയ്യട്ടെ." അപ്പോൾ, വ്യഭിചരിക്കുന്നവരെ കല്ലെറിഞ്ഞു കൊല്ലണമെന്നുള്ള അല്ലാഹുവിന്റെ കല്പന എവിടെപ്പോയി? അല്ലാഹു അരുളിച്ചെയ്ത ഈ വാക്യത്തിനു പകരം വ്യഭിചാരത്തിനുള്ള ശിക്ഷ 100 അടി അടിക്കുക എന്നാക്കി തിരുത്തിയതാര്? വ്യഭിചാരത്തിനുള്ള ശിക്ഷയായി കല്ലെറിഞ്ഞു കൊല്ലണമെന്നതിനു പകരം 100 അടി അടിക്കുക എന്ന കല്പന ആരാണ് നല്കിയത്?

ഈ ലേഖകന്റെ കൈവശം ഖുർആനിന്റെ നാല് പരിഭാഷകളുണ്ട്. പരിശുദ്ധ ഖുർആൻ (സി. എൻ. അഹ്മദ് മൗലവിയുടെ പരിഭാഷ), തഫ്സിറുൽ ഖുർആൻ (ടി.കെ.അബ്ദുല്ല മൗലവി), തസ്‌രിഹുൽ ഖുർആൻ (അബ്ദുറഹ്മാൻ മഖ്ദൂമി, പൊന്നാനി), വിശുദ്ധ ഖുർആൻ സമ്പൂർണ്ണ മലയാള പരിഭാഷ (നിച്ച് ഓഫ് ട്രൂത്ത്) എന്നിവ. ഈ നാലു ഖുർആനിലുമുള്ള ഒന്നാം അധ്യായം മുതൽ 114-ാം അദ്ധ്യായം അവസാന വാക്യങ്ങൾവരെയുള്ളവ വായിച്ചിട്ടും അതിലെങ്ങും വ്യഭിചരിക്കുന്നവരെ കല്ലെറിഞ്ഞു കൊല്ലണമെന്നുള്ള അല്ലാഹുവിന്റെ കല്പന കണ്ടില്ല. അല്ലാഹുവിന്റെ വചനങ്ങൾക്കു മാറ്റമില്ലെന്നും അല്ലാഹു തന്നെ ആ വചനങ്ങളെ കാത്തുസൂക്ഷിക്കുമെന്നും ഖുർആൻ പറയുന്നു. "നിനക്ക് ബോധനം നൽകപ്പെട്ട നിന്റെ രക്ഷിതാവിന്റെ ഗ്രന്ഥം നീ പാരായണം ചെയ്യുക. അവന്റെ വചനങ്ങൾക്കു ഭേദഗതി വരുത്താനാരുമില്ല." (ഖുർആൻ 18:27). "തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്." (ഖുർആൻ 15:9). ഈ വാക്യത്തിനു വിശുദ്ധ ഖുർആൻ

(ശേഷം 29-ാം പേജിൽ)

തിരുത്തൽ എന്ന പ്രഹേളിക.3.

പാസ്റ്റർ വി.കെ.സുരേന്ദ്രൻ, പുല്പള്ളി.

# മോശെയും ന്യായപ്രമാണവും

തോറ (ന്യായപ്രമാണം) മോശെ പ്രവാചകനു നല്കിയത് യഹോവയാം ദൈവമാണ്. അതു ഇന്നും നിലവിലുണ്ട്. എബ്രായരുടെ ബൈബിൾ എന്നത് ഇന്ന് ക്രിസ്ത്യാനികൾ പഴയനിയമമെന്നു വിളിക്കുന്ന, ഉത്പത്തി മുതൽ മലാഖി വരെയുള്ള 39 പുസ്തകങ്ങൾ തന്നെയാണ്. എബ്രായയിലുള്ള ഗ്രന്ഥപഞ്ചകം (തോറ) ആണ് ശമര്യരുടെ ബൈബിൾ. ഇവ നല്കിയത് അല്ലാഹു ആണെന്നതിനു ഭൂതലത്തിൽ നിലനില്ക്കുന്ന തെളിവുകളൊന്നുമില്ല. അല്ലാഹു നല്കിയെന്നവകാശപ്പെടുന്നവയുടെ ഒരു പേജുപോലും ഹാജരാക്കാനുമില്ല. എന്നാൽ, യഹോവ മോശെയ്ക്കു നല്കിയ പഞ്ചപുസ്തകങ്ങളുടെ കൈയെഴുത്തു പ്രതികൾ ഇന്നും നിലവിലുണ്ട്. നൂസി രേഖകളിൽ നിന്നു ലഭിച്ച തെളിവുകളനുസരിച്ച് ഗ്രന്ഥപഞ്ചകത്തിന്റെ പശ്ചാത്തലം വളരെ പ്രാചീനമാണെന്നു വ്യക്തമായിട്ടുണ്ട്.

ആവർത്തനപുസ്തകം 34-ാം അദ്ധ്യായം 5 മുതൽ 12 വരെയുള്ള വാക്യങ്ങൾ മോശെയുടെ മരണത്തിനു ശേഷം കടത്തിക്കൂട്ടിയതാണെന്നാണ് ശ്രീ എം. എം. അക്ബർ ആരോപിക്കുന്നത്. ഇവയൊഴികെയുള്ളവ കടത്തിക്കൂട്ടിയതല്ലെന്നു വിശ്വസിക്കുന്നുണ്ടെങ്കിലല്ലേ ഇപ്രകാരമൊരു വാദം ഉന്നയിക്കുന്നതിൽ കഴമ്പുള്ളു. ദൈവം കൊടുത്ത ന്യായപ്രമാണത്തെക്കുറിച്ചുള്ള സൂചന മാത്രമേ പഴയനിയമത്തിലുള്ളു അതല്ലാതെ, ന്യായപ്രമാണം അവയിലില്ലെന്നു വാദിക്കുന്നവർ ഇപ്രകാരം ആരോപണമുന്നയിക്കുന്നതിലെ പൊരുത്തക്കേട് തിരിച്ചറിയാത്തതാണ് രസകരമായി തോന്നുന്നത്.

പഞ്ചഗ്രന്ഥം മോശെ എഴുതിയതാണെന്നു ബൈബിൾ പറയുന്നു. സെപ്റ്റ്വജന്റും ശമര്യൻ പഞ്ചഗ്രന്ഥവും പ്രഭാഷകനും (ബി. സി.രണ്ടാം ശതകത്തിൽ ബെൻസീറ എഴുതിയത്) ഇത് ശരിവെക്കുന്നു. മിഷ്ണയും തൽമൂദും മോശൈക കർത്തൃത്വത്തെ ഐകകണ്ഠേന അംഗീകരിക്കുന്നു. പുറപ്പാട് 17:14-ൽ ഇങ്ങനെ വായിക്കുന്നു: "യഹോവ മോശെയോടു: നീ ഇതു ഓർമ്മയ്ക്കായിട്ട് ഒരു പുസ്തകത്തിൽ എഴുതി യോശുവയെ കേൾപ്പിക്ക." മോശെയോടു ഒരു പുസ്തകമെഴുതാൻ യഹോവ ആവശ്യപ്പെടുന്നതായിട്ടാണ് ഇവിടെ വായിക്കുന്നത്. പുറപ്പാട്24:12, 34:27 എന്നിവടങ്ങളിൽ മോശെയ്ക്കു പത്തുകല്പനകൾ എഴുതി നല്കുന്നത് കാണാം. "മോശെ യഹോവയുടെ വചനങ്ങളൊക്കെയും എഴുതി"(പുറപ്പാട് 24:4), "മോശെയുടെ ന്യായപ്രമാണ പുസ്തകത്തിൽ എഴുതിരിക്കുന്നതു പോലെയും." (യോശുവ 8:31), ഈ ന്യായപ്രമാണപുസ്തകത്തിൽ എഴുതിയിരിക്കുന്ന കല്പനകളും ചട്ടങ്ങളും." (ആവർത്തനം 30:10), "മോശെ യഹോവയുടെ കല്പനപ്രകാരം അവരുടെ പ്രയാണക്രമത്തിൽ അവരുടെ താവളങ്ങൾ എഴുതി വെച്ചു."(സംഖ്യ 33:2) തുടങ്ങി നിരവധി വചനങ്ങൾ മോശെ എഴുതിയതിനു തെളിവായി കാണാം. "മോശെ മുഖാന്തരം യഹോവ അവരുടെ പിതാക്കന്മാരോട് കല്പിച്ച കല്പനകൾ" (ന്യായാധിപന്മാർ 3:4), "എന്റെ ദാസനായ മോശെ അവരോടു കല്പിച്ച സകല ന്യായപ്രമാണവും "( 2 രാജാക്കന്മാർ 21:8), " ഞാൻ ഹോരേബിൽ വെച്ച് എല്ലാ യിസ്രായേലിനും വേണ്ടി എന്റെ ദാസനായ മോശെയോടു കല്പിച്ചിരിക്കുന്ന ന്യായപ്രമാണവും ചട്ടങ്ങളും വിധികളും ഓർത്തുകൊൾവിൻ" (മലാഖി 4:4). പഴയനിയമം മാത്രമല്ല, പുതിയനിയമവും ഇതു ശരിവെക്കുന്നു. മർക്കോസ് 10:5; 1:44; 7:10; 12:26; മത്തായി 19:8, 8:4, ലൂക്കോസ് 5:14; 20:37; 16:31; അപ്പൊ.പ്രവർ. 15:21;2കൊരി.3:15.

മോശെയുടെ മരണവിവരം എഴുതിയതാരാണെന്നതിനു സംശയത്തിന്റെ മുന നല്കി ചില പണ്ഡിതന്മാർ വീക്ഷിക്കുന്നുവെന്നത് അക്ബറിനു ബലമേകിയിട്ടുണ്ട്. മോശയല്ല എഴുതിയത് എന്നതിനു വ്യക്തമായ തെളിവുകൾ ആരും നിരത്തിയിട്ടുമില്ല. എന്നാൽ, മോശെയുടെ മരണത്തെക്കുറിച്ച് ദൈവം മുന്നറിവു നല്കുന്നത് വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. '' അനന്തരം കർത്താവ് മോശെയോട് അരുളിച്ചെയ്തു: അബാറിം മലയിൽ കയറി ഞാൻ യിസ്രായേൽ ജനത്തിനു

കൊടുത്തിരിക്കുന്ന ദേശം കാണുക. അതു കണ്ടു കഴിയുമ്പോൾ നീയും നിന്റെ സഹോദരൻ അഹറോനെപ്പോലെ പിതാക്കന്മാരോടു ചേരും."(സംഖ്യ 27:12,13). ഭാവിയെക്കുറിച്ച് നന്നായി അറിയാവുന്ന ദൈവം മോശെ മരിക്കുന്ന വിവരം മുന്നറിയിക്കുകയും അത് എപ്രകാരമാണെന്നു വിവരിച്ചത് മോശെ ഗ്രഹിക്കുകയും ചെയ്തു എന്നു കരുതുന്നത് അനുചിതമല്ല. ഭാവിയിൽ സംഭവിപ്പാനുള്ള കാര്യങ്ങളെ ദൈവം തന്റെ പ്രവാചകർ മുഖാന്തരമാണ് ജനത്തെ അറിയിക്കുന്നത്. അപ്രകാരം മേലിൽ സംഭവിപ്പാനുള്ള തന്റെ മരണവിവരം പ്രവാചകനായ മോശെക്ക് ദൈവം വെളിപ്പെടുത്തിയിരുന്നു എന്നു വിശ്വസിക്കുന്നതിൽ യാതൊരപാകതയുമില്ല.

ലോകസൃഷ്ടിക്കും അനേകയുഗങ്ങൾ മുമ്പുതന്നെ സ്വർഗ്ഗത്തിൽ ഉണ്ടായിരുന്ന സുരക്ഷിത പലകയിൽ (ലൗഹുൽ മഹ്ഫൂസ്) ഖുർആൻ ആദ്യം എഴുതപ്പെട്ടു എന്നും അനുഗ്രഹീത രാത്രിയിൽ (ലൈലത്തുൽ ഖദ്റിൽ) ഏറ്റവും താഴെയുള്ള സ്വർഗ്ഗത്തിലേക്കു അയക്കപ്പെട്ടു എന്നും അതിനുശേഷം വാക്യം വാക്യമായി ഗബ്രിയേൽ ദൂതൻ മുഖാന്തരം മുഹമ്മദ് നബിക്കു പറഞ്ഞുകൊടുത്തു എന്നും മുസ്ലീം സഹോദരങ്ങൾ വിശ്വസിക്കുന്നു. മുഹമ്മദ് നബിയുടെ കാലത്ത് നടന്ന സംഭവങ്ങൾ സുരക്ഷിത പലകയിൽ അല്ലാഹു മുന്നമേ എഴുതിയിരുന്നതായിട്ടാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇക്കാര്യം അംഗീകരിക്കാൻ യാതൊരു വൈഷമ്യവുമില്ലാത്ത അക്ബറിനു, മോശെയുടെ മരണവിവരം ദൈവം മുന്നറിയിച്ചതിൻ പ്രകാരം രേഖപ്പെടുത്തിയതാണെന്നതു വിശ്വാസയോഗ്യമല്ലെന്നു പറയുന്നതിലെ യുക്തി മനസ്സിലാവുന്നില്ല. മോശയെഴുതിയ തോറ വേറെ ഉണ്ടെങ്കിൽ അത് ഹാജരാക്കിയിട്ടു വേണ്ടേ ഞങ്ങളുടെ വാദം തെറ്റാണെന്നു ആരോപിക്കുവാൻ? ഉല്പത്തി പുസ്തകത്തിലെ സൃഷ്ടിവിവരണം മോശെക്കു ദൈവം വെളിപ്പെടുത്തിക്കൊടുത്തതാണ്. അല്ലാതെ, മോശെ പ്രസ്തുത സംഭവങ്ങൾക്കു ദൃക്സാക്ഷിയായിരുന്നില്ലല്ലോ. ഈ സൃഷ്ടിവിവരമാണ് ഖുർആനിലെ സൃഷ്ടി സംബന്ധമായ പരാമർശങ്ങളിലുമുള്ളത്. ഇതംഗീകരിക്കുന്ന ഒരു വ്യക്തിക്കു മോശെയുടെ മരണവിവരം ദൈവം മുന്നമേ വെളിപ്പെടുത്തിയതനുസരിച്ച് മോശെതന്നെയാണ് എഴുതിയതെന്നു വിശ്വസിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടേണ്ട കാര്യമില്ല. "പിന്നീട് ഒരിക്കലും മോശെയെപ്പോലെ ഒരു പ്രവാചകൻ യിസ്രായേലിൽ ഉണ്ടായിട്ടില്ല." (ആവ. 34: 12) എന്ന വാക്യമാണ് വിശദീകരിക്കാനാവാത്ത സംഭവമായി ഫണ്ടമെന്റലിസ്റ്റുകൾ ചൂണ്ടിക്കാട്ടുന്നത്. മോശെയുടെ അതുല്യത വെളിപ്പെടുത്തുന്നതിനായി പ്രയോഗിക്കപ്പെട്ട വാക്യമാണിത്. ഈ ശൈലി മറ്റിടങ്ങളിലും ഉപയോഗിച്ചിട്ടുണ്ട്. അതുല്യത വെളിപ്പെടുത്തുന്നതിനായി ഇത്തരം പ്രയോഗങ്ങൾ ബൈബിളിൽ ഉപയോഗിക്കുന്നത് സാധാരണമാണ്. "അവനെപ്പോലെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ മോശെയുടെ ന്യായപ്രമാണപ്രകാരമൊക്കെയും യഹോവയിങ്കലേക്കു തിരിഞ്ഞ ഒരു രാജാവു മുമ്പുണ്ടായിട്ടില്ല; പിമ്പു ഒരുത്തൻ എഴുന്നേറ്റിട്ടില്ല."( 2 രാജാ.23: 25). നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്കു അവരുടെ സഹോദരന്മാരുടെ ഇടയിൽ നിന്നു എഴുന്നേല്പിച്ചു എന്റെ വചനങ്ങളെ അവന്റെ നാവിന്മേൽ ആക്കും" ( ആവ.18:18) എന്ന് മോശെയോടു ദൈവം അരുളിച്ചെയ്യുമ്പോൾ, മോശെയെപ്പോലുള്ള ഒരു പ്രവാചകനെ എഴുന്നേല്പിക്കുമെന്നുള്ള വാഗ്ദത്ത പ്രകാരം മോശെയുടെ കാലം തുടങ്ങി ആ പ്രവാചകൻ രംഗപ്രവേശം ചെയ്യുന്ന കാലയളവുവരെ മോശെക്കു തുല്യനായി മറ്റാരും എഴുന്നേല്ക്കില്ല എന്നതാണ് വിവക്ഷ. അല്ലാതെ നിഗൂഢതകളൊന്നും ആ പ്രയോഗത്തിലില്ല. മോശയോടു വാഗ്ദത്തം ചെയ്ത കർത്താവ് അത് എഴുതേണ്ടതിന് മോശെക്കു പ്രവചനമായി നല്കി അഥവാ, വെളിപ്പെടുത്തി എന്നു സാരം. (തുടരും

**"മറ്റുള്ളവർക്കു നല്കുന്ന ധനമാണ് നാം എന്നേക്കും സൂക്ഷിച്ചുവെക്കുന്ന സമ്പത്ത്. "** **എം.ഹെൻറി**

അസത്യമായി ചിത്രീകരിക്കപ്പെട്ട സത്യം.2

സി.ഡി.വർഗീസ് & പാസ്റ്റർവി.കെ.സുരേന്ദ്രൻ,

# ബൈബിൾ പ്രവചനങ്ങളിൽ ആരോപിക്കപ്പെട്ട അബദ്ധങ്ങൾ; ഒരന്വേഷണം.

ബൈബിളിലെ ചില പൂർത്തീകരിക്കപ്പെടാത്ത പ്രവചനങ്ങൾ കാണുക എന്ന തലവാചകത്തോടെ ശ്രീ എം.എം. അക്ബർ, "ബൈബിളിന്റെ ദൈവികത; വിമർശനങ്ങൾ വസ്തുതകൾ" എന്ന തന്റെ പുസ്തകത്തിൽ 132 മുതൽ 144 വരെ പേജുകളിലായി രേഖപ്പെടുത്തിയിട്ടുള്ളവയെ ഓരോന്നായി പരിശോധനയ്ക്ക് വിധേയമാക്കുകയാണിവിടെ. ഉപശീർഷകങ്ങളെല്ലാം അദ്ദേഹം നല്കിയിട്ടുള്ളവ തന്നെയാണ്.

**1 ആദാം മരിച്ചില്ല.** ഉല്പത്തി പുസ്തകത്തിൽ കാണുന്ന ദൈവത്തിന്റെ ഒന്നാമത്തെ പ്രവചനം തന്നെ തെറ്റിയിട്ടുണ്ടെന്നാണ് പ്രസ്തുത പുസ്തകത്തിൽ നിന്നും അക്ബർ സാഹിബ്ബിനു മനസ്സിലായതത്രേ. ദൈവം ആദാമിനോട് പറയുന്ന വചനങ്ങൾ ശ്രദ്ധിക്കുക: "തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം നിനക്ക് ഇഷ്ടം പോലെ തിന്നാം. എന്നാൽ, നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം നീ തിന്നരുത്. തിന്നുന്ന നാളിൽ നീ മരിക്കും."(ഉല്പത്തി 2:17). ആദാമും ഹവ്വയും പഴം പറിച്ചു തിന്നുവെന്നു ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. "ആ വൃക്ഷ ഫലം തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിക്കാൻ കാമ്യവും എന്നു സ്ത്രീ കണ്ടു പഴം പറിച്ചു തിന്നു."(ഉല്പത്തി 3:6). പഴം പറിച്ചു തിന്നപ്പോൾ ആദാമും ഹവ്വയും മരിച്ചില്ല (ശാരീരികമായി മരിച്ചില്ല). അതുകൊണ്ട് ആ പ്രവചനം തെറ്റിപ്പോയി എന്നാണ് ശ്രീ.അക്ബർ ചൂണ്ടിക്കാട്ടുന്നത്. ആത്മീക മരണത്തെയാണ് ഇത് സൂചിപ്പിക്കുന്നതെന്ന വാദത്തെ ബൈബിൾ വാക്യം കൊണ്ടുതന്നെയാണ് അദ്ദേഹം നേരിടുന്നത്. "അതുകൊണ്ട് ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു. പാപമോ ന്യായപ്രമാണം വരെ ലോകത്തിൽ ഉണ്ടായിരുന്നു. എന്നാൽ, ന്യായപ്രമാണം ഇല്ലാതിരിക്കുമ്പോൾ പാപത്തെ കണക്കിടുന്നില്ല. എങ്കിലും വരുവാനുള്ളവന്റെ പ്രതിരൂപമായ ആദാമിന്റെ ലംഘനത്തിനു തുല്യമായി പാപം ചെയ്യാത്തവരിലും മരണം ആദാം മുതൽ മോശെ വരെ വാണിരുന്നു."(റോമർ 5:12–14). ഈ മരണം ശാരീരികമാണെന്നു മുകളിലത്തെ ഉദ്ധരണിയിൽ നിന്നു സുതരാം വ്യക്തമാണെന്നാണ് അക്ബർ എഴുതിയിരിക്കുന്നത്. (ബൈബിളിന്റെ ദൈവികത; വിമർശനങ്ങൾ വസ്തുതകൾ പുറം 132,191).

ആദാമിന്റെയും ഹവ്വയുടെയും മരണം ശാരീരിക മരണമായിരുന്നു എന്നുതന്നെയാണോ പൗലോസ് അപ്പസ്തോലൻ അർത്ഥമാക്കിയത് എന്നറിയുന്നതിനു അദ്ദേഹത്തിന്റെ എഴുത്തുകൾ തന്നെ പരിശോധിക്കുന്നതായിരിക്കുമല്ലോ ഉചിതം. "അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു." (എഫെസ്യർ 2:1). "അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കുകയും ......" (എഫെസ്യർ 2:5). ആദാമിലൂടെ മനുഷ്യവർഗ്ഗത്തെ ബാധിച്ച മരണം എന്ന പ്രതിഭാസം ശാരീരിക മരണത്തെയല്ല അർത്ഥമാക്കിയതെന്നു പൗലോസ് അപ്പസ്തോലൻ എഴുതിയ ഈ വാക്യങ്ങളിൽ നിന്നും വ്യക്തമാകുന്നുവല്ലോ. ഇവിടെ മരിച്ചവരായിരുന്ന നിങ്ങളെയും എന്നു പറയുമ്പോൾ, തന്റെ ലേഖനങ്ങൾ വായിക്കുന്നവരെല്ലാം മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റു വന്നവരാണെന്ന് ധരിക്കാൻ കഴിയുമോ? അഥവാ, മരിച്ചു മൺമറഞ്ഞവരോടാണ് ഇപ്രകാരം പറയുന്നത് എന്നു കരുതണമോ? 'അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ' എന്നു ജീവനോടെ ഇരിക്കുന്ന ഒരു വ്യക്തി എഴുതണമെങ്കിൽ അത് ശാരീരിക മരണത്തെയല്ല കുറിക്കുന്നത് എന്നു വ്യക്തം. ഈ ലേഖനം എഴുതുന്ന പൗലോസും ഇതു വായിക്കുന്ന എഫെസ്യ സഭയി

ലുള്ളവരും ജീവനോടെ ഇരിക്കെത്തന്നെയാണ് 'മരിച്ചവരായിരുന്ന നമ്മെ' എന്ന വിശേഷണം നല്കുന്നതെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതു തന്നെയാണ്. അനുസരണക്കേടിന്റെ ഫലമായി ദൈവത്തിൽ നിന്നും അകന്നുപോയ അവസ്ഥയെയാണ് മരണമെന്നു ബൈബിൾ സൂചിപ്പിക്കുന്നത്. പൗലോസ് അപ്പസ്തോലൻ പറയുന്നത് ശ്രദ്ധിക്കുക: " ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു...' (റോമർ 3:23). ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു എന്നു പൗലോസ് അപ്പസ്തോലൻ എഴുതുമ്പോൾ പാപം ചെയ്തതു മൂലം ദൈവത്തിൽ നിന്നു അകന്നു ദൈവതേജസ്സ് നഷ്ടമാക്കിയ അവസ്ഥയെയാണ് മരണം എന്ന വാക്കുകൊണ്ട് അർത്ഥമാക്കിയതെന്നു ബോദ്ധ്യപ്പെടുവാൻ ഇനിയും നിരവധി വാക്യങ്ങൾ ഉദ്ധരിക്കാനുണ്ട്. തത്ക്കാലം അതൊഴിവാക്കുന്നു.

ദൈവത്തിന്റെ ഒന്നാമത്തെ പ്രവചനം തെറ്റിയെന്നു പറയുന്ന അക്ബർ പിശാചിന്റെ പ്രവചനം നിറവേറിയെന്നു പറഞ്ഞു പിശാചിനെ പുകഴ്ത്തിക്കൊണ്ട് ബൈബിളിനെ പരിഹസിക്കുന്നുമുണ്ട്. ആദവും ഹവ്വയും മരിക്കുകയില്ല എന്ന സർപ്പത്തിന്റെ വാക്കുകൾ ശരിയായത്രെ! എന്നാൽ, നിങ്ങൾ മരിക്കുകയില്ല എന്ന പിശാചിന്റെ പ്രവചനം വാസ്തവമായിരുന്നുവോ? തിന്നുന്ന നാളിൽ നിങ്ങൾ മരിക്കുകയില്ല എന്നു പിശാച് പ്രവചിച്ചതായി ബൈബിളിൽ കാണുന്നില്ല. പകരം, "നിങ്ങൾ മരിക്കുകയില്ല നിശ്ചയം" എന്നു ഉറപ്പിച്ചു പറയുകയാണു ചെയ്യുന്നത്. ആ കാരണത്താൽ തന്നെ അവർ ഒരിക്കലും മരിക്കുവാൻ പാടില്ലാത്തതാണ്. എന്നാൽ, ആദവും ഹവ്വയും ജീവിച്ചിരിപ്പില്ല എന്നതാണ് വാസ്തവം. പിന്നെങ്ങനെയാണാവോ പിശാചിന്റെ പ്രവചനം നിറവേറിയത്? ഭോഷ്ക്കിനെ പിഞ്ചെല്ലുന്നവർ എന്നും ഭോഷ്ക്കിന്റെ (അസത്യത്തിന്റെ) അടിമയായിരിക്കും. അവർ എന്നും ഭോഷ്ക്കിന്റെ പിതാവിനെ (പിശാചിനെ)പുകഴ്ത്തിക്കൊണ്ടുമിരിക്കും.

## 2 അബ്രഹാമിനോടുള്ള പ്രവചനം.

ബൈബിളിലെ ഉല്പത്തി പുസ്തകത്തിൽ, അബ്രഹാമിനോടു ദൈവം നടത്തിയ പ്രവചനം വായിക്കുക:" നിന്റെ പിൻഗാമികൾ അന്യദേശത്തു പ്രവാസികളായിരിക്കും. അവർ അവിടെ അടിമകളായിരിക്കും. നാനൂറു വത്സരം മർദ്ദിക്കപ്പെടും. ഇതു തീർച്ചപക്ഷെ, അവർ അടിമകളായിരിക്കുന്ന ജനതയുടെ മേൽ ഞാൻ വിധി നടത്തും. അവർ അവിടം വിട്ടു പോരുന്നത് ധാരാളം സമ്പത്തുമായിട്ടായിരിക്കും. അബ്രാമേ, നീയോ നല്ല വാർദ്ധക്യത്തിലെത്തി, സമാധാനത്തിൽ പിതാക്കന്മാരോടു ചേരും, സംസ്ക്കരിക്കപ്പെടും, നിന്റെ സന്താനങ്ങൾ നാലാം തലമുറയിൽ ഇവിടെ മടങ്ങിയെത്തും. അമോരിയുടെ അതിക്രമം ഇനിയും പൂർത്തിയായിട്ടില്ല."(ഉല്പത്തി 15:13–17). അബ്രഹാമിന്റെ സന്തതികൾ നാലാം തലമുറയിൽ കനാൻദേശത്ത് മടങ്ങിയെത്തുമെന്നാണ് പ്രവചനമെങ്കിലും ഏഴാം തലമുറയിലുള്ള മോശയുടെ കാലത്താണ് മടങ്ങിയെത്തിയത് എന്നതിനാൽ ദൈവത്തിന്റെ പ്രവചനം തെറ്റിയെന്നാണ് എം.എം.അക്ബർ തന്റെ പുസ്തകത്തിൽ വിവരിച്ചിട്ടുള്ളത്. (ബൈബിളിന്റെ ദൈവികത; വിമർശനങ്ങൾ വസ്തുതകൾ പുറം 133).

മോശെയുടെ കാലത്താണ് അബ്രഹാമിന്റെ സന്തതികൾ സ്വന്തം നാട്ടിൽ മടങ്ങിവന്നതെന്ന അക്ബറിന്റെ അഭിപ്രായം ശരി തന്നെ. ബൈബിളിലും അപ്രകാരമാണ് എഴുതിയിട്ടുള്ളത്. എന്നാൽ, ദൈവം അരുളിച്ചെയ്തത് എന്താണെന്നത് ഗ്രഹിക്കാതെയോ മറച്ചുവെച്ചുകൊണ്ടോ ആണ് നിച്ച് ഓഫ് ട്രൂത്ത്(?) ഡയറക്ടർ ബൈബിളിനെതിരെ കുറ്റം ആരോപിക്കുന്നത്. നീ പ്രവാസിയായിരിക്കുമെന്നല്ല," നിന്റെ പിൻഗാമികൾ അന്യദേശത്തു പ്രവാസികളായിരിക്കും" എന്നാണ് ദൈവം അരുളിച്ചെയ്തത്. ഇത് ഇതേപടി അദ്ദേഹം തന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. (ബൈബിളിന്റെ ദൈവികത; വിമർശനങ്ങൾ വസ്തുതകൾ പുറം 133). ഇനി ഈ പ്രവചനം തെറ്റിയോ എന്നു പരിശോധിക്കാം. അതിനു അബ്രഹാമിന്റെ തലമുറകളെ പരിചയപ്പെടുന്നത് യുക്തമായിരിക്കും. അബ്രഹാമിന്റെ പുത്രൻ ഇസഹാക്ക് (ഉല്പത്തി 21:1–3), ഇസഹാക്കിന്റെ പുത്രൻ യാക്കോബ് (ഉല്പത്തി 25:19–26), യാക്കോബിന്റെ പുത്രൻ ലേവി (ഉല്പത്തി 35:22), ലേവിയുടെ പുത്രൻ കഹാത് (പുറപ്പാട് 6:16), കഹാത്തിന്റെ പുത്രൻ അംറാം (പുറപ്പാട് 6:18), അംറാംമിന്റെ പുത്രൻ മോശെ.

അബ്രഹാമിന്റെ കാലത്തല്ല, ലേവിയുടെ കാലത്താണ് അബ്രഹാമിന്റെ പിൻഗാമികൾ അന്യദേശത്തേക്കു പ്രവാസികളായി പോയത്. ലേവി അബ്രഹാമിന്റെ പിൻഗാമിയാണെന്ന കാര്യത്തിൽ അക്ബർ സാഹിബിനു സംശയം വല്ലതും ഉണ്ടോ ആവോ? ലേവിയുടെ സഹോദരനായ യോസേഫിനെ തന്റെ സഹോദരൻമാർ മിദ്യാന്യ കച്ചവടക്കാർക്കു ഇരുപത് വെള്ളിക്കാശിനു വില്ക്കുകയും അവർ യോസേഫിനെ മിസ്രയീമിലേക്കു കൊണ്ടുപോകുകയും ചെയ്തു. (ഉല്പത്തി 37:23-36). ഇങ്ങനെ ലേവിയുടെ കാലത്ത് മിസ്രയീമിൽ പ്രവാസികളായി പോകുകയും യോസേഫിനു ശേഷം അടിമകളാകുകയും ചെയ്തതുകൊണ്ട് നിന്റെ പിൻഗാമികൾ അന്യദേശത്തു പ്രവാസികളായിരിക്കുമെന്ന പ്രവചനം തെറ്റുന്നതെങ്ങനെ? ലേവിയുടെ തലമുറയെ അബ്രഹാമിന്റെ പിൻഗാമികൾ എന്നു വിളിക്കുന്നത് അനുചിതമാകുന്നതെങ്ങനെ? നിന്റെ പിൻഗാമികൾ എന്നതിനു നീ എന്നു കണക്കുകൂട്ടി, അബ്രഹാം മുതൽ തലമുറയെണ്ണിയത് എന്തിനാണ്? നിന്റെ പിൻഗാമികൾ എന്ന പ്രയോഗത്തിൽ നിന്നും അബ്രഹാമെങ്കിലും അതിൽ ഉൾപ്പെടുകയില്ലെന്നു ചിന്തിക്കാനുള്ള സാമാന്യബുദ്ധിപോലും ഇല്ലായിരുന്നുവെന്നതാണ് കാര്യം എന്നു പറയേണ്ടി വരുന്നതിൽ ദുഃഖമുണ്ട്. ലേവിയുടെ കാലത്ത് പ്രവാസികളായി പോകുകയും നാലാം തലമുറയായ മോശയുടെ കാലത്ത് അവർ മടങ്ങി വരികയും ചെയ്ത വിവരം ബൈബിളിൽ വ്യക്തമാക്കുന്നുണ്ട്. ലേവി യാക്കോബിന്റെ പുത്രനായതുകൊണ്ട് അബ്രഹാമിന്റെ പിൻഗാമി അല്ലാതെ വരുമോ? ലേവി മുതൽ മോശെ വരെ നാലു തലമുറകളല്ലയോ? അപ്പോൾപിന്നെ അബ്രഹാമിന്റെ സന്തതികൾ പ്രവാസത്തിനു ശേഷം നാലാം തലമുറയിൽ കനാൻദേശത്ത് മടങ്ങിയെത്തുമെന്ന പ്രവചനം തെറ്റിയെന്നു പറയുന്നതെങ്ങനെ? ദൈവത്തിന്റെ പ്രവചനമല്ല മറിച്ച്, ബൈബിളിലെ പ്രവചനങ്ങളെ വളച്ചൊടിക്കാനുള്ള അക്ബർ സാഹിബിന്റെ ശ്രമമാണ് തെറ്റിയത്. ബൈബിൾ ദൈവവചനമാകയാൽ അതിൽ അപാകതകളുണ്ടാവില്ല. അക്ബറിനെപ്പോലുള്ളവരുടെ ഇത്തരം വികലമായ വ്യാഖ്യാനങ്ങളാണ് മനുഷ്യനെ തെറ്റിദ്ധരിപ്പിക്കുന്നത്. ഇവ്വിധ തന്ത്രങ്ങൾ മനസ്സിലാക്കി ദൈവവചന സത്യങ്ങളെ വ്യക്തമായി പഠിക്കുവാനും ഗ്രഹിക്കുവാനും സീക്കേഴ്സ് പാത്ത് നിങ്ങളെ സഹായിക്കുന്നതാണ്.

### 3 യാക്കോബിനോടുള്ള പ്രവചനം.

കനാൻദേശത്തെക്കുറിച്ച് യാക്കോബിനോടു ദൈവം നല്കിയ വാഗ്ദാനം ഉല്പത്തി പുസ്തകത്തിൽ കാണാം. അതിപ്രകാരമാണ്: "നിന്റെ പിതാവായ അബ്രഹാമിന്റെ ദൈവവും ഇസഹാക്കിന്റെ ദൈവവുമായ കർത്താവാണു ഞാൻ. നീ കിടക്കുന്ന ഈ ദേശം നിനക്കും നിന്റെ പിന്മുറക്കാർക്കും ഞാൻ നല്കും."(ഉല്പത്തി 28:13). എന്നാൽ ഈ വാഗ്ദാനം യാക്കോബിന്റെ ജീവിതകാലത്ത് നിറവേറിയില്ല. യാക്കോബിനോടു:"നിനക്കു നല്കും" എന്നു പറഞ്ഞ ദൈവത്തിന്റെ പ്രവചനം പൂർത്തിയായില്ല എന്നാണ് അക്ബർ എഴുതിയിരിക്കുന്നത്. (ബൈബിളിന്റെ ദൈവികത; വിമർശനങ്ങൾ വസ്തുതകൾ പുറം 134).

എന്നാൽ, വാസ്തവമെന്താണ്? ദൈവം ഈ പ്രവചനം അരുളിച്ചെയ്യുമ്പോൾ യാക്കോബ് കിടന്നിരുന്ന ദേശമായ ബഥേലിൽ യാക്കോബ് വീണ്ടും എത്തിയതായി ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത് വായിക്കുക:" യാക്കോബും കൂടെയുള്ള ജനമൊക്കെയും കനാനിലെ ലൂസ് എന്ന ബഥേലിൽ എത്തി. അവിടെ അവൻ ഒരു യാഗപീഠം പണിതു, തന്റെ സഹോദരന്റെ മുമ്പിൽ നിന്നു ഓടിപ്പോകുമ്പോൾ അവന് അവിടെ വെച്ചു ദൈവം പ്രത്യക്ഷനായതുകൊണ്ട് അവൻ ആ സ്ഥലത്തിനു ഏൽ-ബഥേൽ എന്നു പേരു വിളിച്ചു. റിബേക്കയുടെ ധാത്രിയായ ദബോരമരിച്ചു, അവളെ ബഥേലിനു താഴെ ഒരു കരുവേലകത്തിൻ കീഴിൽ അടക്കി, അതിന് അല്ലോൻ-ബാഖൂത്ത് എന്നു പേരിട്ടു. (ഉല്പത്തി 35:6-8).

യാക്കോബ് തന്റെ സഹോദരന്റെ മുമ്പിൽ നിന്നു ഓടിപ്പോകുന്ന സന്ദർഭത്തിൽ ലൂസ് എന്ന ബഥേലിൽ വെച്ചാണ് ദൈവം യാക്കോബിനു പ്രത്യക്ഷനാകുന്നതും കനാൻദേശത്തെക്കുറിച്ച് വാഗ്ദത്തം നല്കുന്നതും. വീണ്ടും യാക്കോബ് അവിടെ വരുമ്പോൾ തന്റെ കൂടെ ജനങ്ങൾ ഉണ്ടായിരുന്നുവെന്നും മുമ്പ് ദൈവം അവിടെവെച്ച് അവന് പ്രത്യക്ഷനായതുകൊണ്ട് അവൻ അവിടെ ഒരു യാഗപീഠം പണിതു എന്നും നാമിവിടെ വായിക്കുന്നു.

ഉല്പത്തി പുസ്തകം 28-ാം അദ്ധ്യായത്തിലെ പ്രവചനത്തിനു ശേഷം 48-ാം അദ്ധ്യായത്തിൽ മരണാസന്നനായി കിടക്കുന്ന യാക്കോബിനെ മാത്രമേ എം.എം.അക്ബർ കണ്ടുള്ളുവെന്നതാണ് സത്യം. കാരണം, ബൈബിൾ തെറ്റാണെന്നു സ്ഥാപിക്കാനുള്ള ത്വര ( അതോ തിമിരമോ?) അത്രമേൽ അദ്ദേഹത്തെ ബാധിച്ചു കഴിഞ്ഞുവെന്നതു തന്നെ. ഖുർആൻ നിസ്തുല്യമാണെന്നു സ്ഥാപിച്ചെടുക്കാൻ കണ്ണടച്ച് ഇരുട്ടാക്കുകയല്ലാതെ മറ്റു മാർഗ്ഗങ്ങളില്ലെന്നു അദ്ദേഹത്തിനു നന്നായി അറിയാം. അല്ലായിരുന്നുവെങ്കിൽ 35-ാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്ന ഈ വസ്തുതയെങ്ങനെ കാണാതെ പോയി? ഇതും കൂടി ശ്രദ്ധിക്കുക: "യാക്കോബ് തന്റെ പിതാവ് പരദേശിയായി പാർത്ത ദേശമായ കനാൻദേശത്ത് വസിച്ചു."(ഉല്പത്തി 37:1). കനാൻ ദേശത്തെക്കുറിച്ച് യാക്കോബിനോടു ദൈവം നല്കിയ വാഗ്ദാനം യാക്കോബിന്റെ ജീവിതകാലത്ത് നിറവേറിയില്ല എന്നു അക്ബർ പറഞ്ഞത് എത്രമാത്രം നുണയായിരുന്നുവെന്നു മേൽ ഉദ്ധരിച്ച വാക്യത്തിൽ നിന്നും വ്യക്തമായിക്കാണുമല്ലോ. തെറ്റിയത് ബൈബിളിനോ എം.എം.അക്ബറിനോ? ഖുർആൻ ഒഴികെ മറ്റെല്ലാം അസത്യമാണെന്നു സ്ഥാപിക്കുന്നതിനു വേണ്ടി ചരിത്ര സത്യങ്ങളെ ഇത്രമാത്രം വളച്ചൊടിക്കുന്നതിലൂടെ അക്ബർ സ്വയം തന്റെ അറിവിന്റെയും അന്വേഷണത്തിന്റെയും പാപ്പരത്വം വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. പക്ഷേ, അന്ധരായ അനുയായികളുണ്ടോ അറിയുന്നു തങ്ങളെ നയിക്കുന്നത് അന്ധനാണെന്ന്. കുഴിയിൽ വീഴും മുമ്പെങ്കിലും തിരിച്ചറിഞ്ഞിരുന്നെങ്കിൽ!

(തുടരും)

(31-ാം പേജിൽ നിന്നും തുടർച്ച)

ണ്ടതായി വരില്ലേ? ബ്രെയ്വിനിന്റെ കുടില ബുദ്ധിയിൽ ഉരുത്തിരിഞ്ഞ വികലചിന്തകളുടെ പരിണിതിക്ക്, ബൈബിളിനെയും, ക്രിസ്തുവിനെയും, ക്രിസ്തുവിന്റെ ഉപദേശത്തെയും കുറ്റപ്പെടുത്തുന്നതിലെ യുക്തി ന്യായീകരിക്കാവതല്ല. യഥാർത്ഥ ക്രിസ്ത്യാനി മതമൗലികവാദി ആയിരിക്കില്ല. ഇസ്സങ്ങളിൽ തളരാത്ത, വാളിന്റെ മുമ്പിൽ പതറാത്ത, സത്യത്തിനുവേണ്ടി നിലകൊള്ളുന്ന രാജ്യസ്നേഹിയായിരിക്കും. നിന്നെപ്പോലെ നിന്റെ അയല്ക്കാരനെ സ്നേഹിക്കുക എന്ന ക്രിസ്തുതത്വമാണ് അവനെ ഭരിക്കുക. മതനിന്ദയും മതമൗലികവാദവും ക്രിസ്തുവിന്റെ ഉപദേശങ്ങൾക്കു അന്യമാണ്. ക്രിസ്തുവിനെ ഒരു മതസ്ഥാപകൻ മാത്രമായി കാണുവാനുള്ള വ്യഗ്രത അവിടുത്തെ യഥാർത്ഥമായി അറിയാതിരിക്കാനുള്ള, അംഗീകരിക്കാതാരിക്കാനുള്ള ശ്രമം തന്നെയാണ്. കഴിഞ്ഞ നാളുകളിൽ ഇന്ത്യയിലെ ക്രൈസ്തവർ പീഢനത്തിലൂടെ കടന്നുപോയപ്പോൾ തളർന്നു പോകാതെ, പ്രതികരം ചെയ്യാതെ അവരെ പിടിച്ചു നിർത്തിയത് ക്രിസ്തുവിന്റെ ഉപദേശങ്ങളും ക്രൈസ്തവ മൂല്യങ്ങളുമത്രേ.

എൺപതുപേരെ അരുംകൊല ചെയ്ത കുറ്റത്തിന് ബ്രെയ്വിന് കിട്ടാൻ പോകുന്ന പരമാവധി ശിക്ഷ 21 വർഷത്തെ തടവാണ്. ലിബറലുകളുടെ ശക്തമായ പ്രചാരണത്തിന്റെയും പ്രതിഷേധത്തിന്റെയും സ്വാധീനത്താൽ നോർവേ ഭരണ കൂടം വധശിക്ഷ വേണ്ടെന്നു വെച്ചിട്ടുണ്ട്. ബ്രെയ് വിന്റെ ശിക്ഷ നടപ്പാക്കുന്ന സന്ദർഭത്തിൽ മനുഷ്യാവകാശത്തിന്റെ സ്വയം പ്രഖ്യാപിത വക്താക്കൾ എന്തു പറയുമെന്നത് കാത്തിരുന്നു കാണാം.

"എല്ലാ മനുഷ്യരോടും തുല്യമായ പെരുമാറ്റമാണ് സമത്വം."

**അരിസ്റ്റോട്ടിൽ.**

"കോപം വിഡ്ഢിത്തത്തിൽ ആരംഭിച്ച് പശ്ചാത്താപത്തിൽ അവസാനിക്കുന്നു." **പിത്തഗോറസ്.**

# മുല്ലപ്പെരിയാറും വാഴവെട്ടുന്നവരും

സത്യപ്രകാശ്.ഡി.


ജീവിക്കുവാനുള്ള അവകാശം എല്ലാവർക്കും ഒരുപോലെയാണ്. ഭാഷയോ സംസ്ക്കാരമോ ദേശമോ രാജ്യമോ ഒന്നും മനുഷ്യന്റെ ജീവിക്കുവാനുള്ള അവകാശത്തിനു വിഘാതമായി വന്നുകൂടാ. ദൗർഭാഗ്യമെന്നു പറയട്ടെ, ഭാഷയുടെയും സംസ്ക്കാരത്തിന്റെയും ദേശത്തിന്റെയും രാജ്യത്തിന്റെയും പേരിൽ മനുഷ്യരെ തമ്മിലടിപ്പിക്കുകയും സ്വാർത്ഥത സ്വത്തിനും ജീവനും ഭീഷണിയാവുകയും ചെയ്യുന്ന കാഴ്ചകളാണു നാം കാണുന്നത്. മാനവസേവയ്ക്കായി ജീവിതം ഉഴിഞ്ഞുവെച്ചവരെന്നും ജനാധിപത്യത്തിന്റെ കാവല്ക്കാരെന്നും ഒക്കെ അവകാശപ്പെടുന്നവർ നിസംഗതയോടെ വിഷയങ്ങളെ നോക്കിക്കാണുകയും തങ്ങളുടെ ഭാഗം നന്നായി ആടിത്തീർക്കുകയും ചെയ്യുന്നു. പാവം ജനം! ജീവൻ നഷ്ടപ്പെടാവുന്ന സാഹചര്യത്തിലും തങ്ങൾ ചെയ്യുന്നതെന്തെന്നറിയാതെ പ്രശ്നപരിഹാരം ഉണ്ടാകുമെന്ന വിശ്വാസത്തിൽ ആരുടെയൊക്കെയോ ആജ്ഞാനുവർത്തികളായി നിലകൊള്ളുന്നു. ഈ കെട്ടപ്പെട്ട ജീവിതത്തിൽ നിന്നും സാധാരണ ജനത്തിനു ഒരു മോചനം ക്ഷിപ്രസാദ്ധ്യമല്ലാതായിരിക്കുന്നു.

മുല്ലപ്പെരിയാറിന്റെ പേരിൽ തമിഴ് ജനത അക്രമം ആരംഭിച്ചിരിക്കുന്നു. ഇതിനൊക്കെ വഴിവെച്ചത് യുക്തിപൂർണ്ണമായ ചർച്ചയുടെ അഭാവമാണ്. 'ജനങ്ങളുടെ സുരക്ഷയാണ് പ്രധാനം' എന്ന സുപ്രീം കോടതിയുടെ പ്രസ്താവന എല്ലാവർക്കുമുള്ള താക്കീതാണ്. ഈ വിഷയത്തിൽ അടിയന്തിര ചർച്ചയിലൂടെ പരിഹാരം കാണുവാൻ എല്ലാ രാഷ്ട്രീയകക്ഷികളും ഒരു മനസ്സോടെ ശ്രമിക്കേണ്ടതുണ്ട്. മുല്ലപ്പെരിയാർ തകർന്നു മുപ്പത്തിയഞ്ചോ നാല്പതോ ലക്ഷം ജനങ്ങൾ മരിച്ചാലും വസ്തുവകകളും സ്വത്തുക്കളും നശിച്ചാലും നാം പ്രശ്നപരിഹാരത്തിനുള്ള മാർഗ്ഗത്തെക്കുറിച്ച് ചർച്ച ആരംഭിക്കാൻ പറ്റിയ രാഷ്ട്രീയ സാഹചര്യം അന്വേഷിക്കുന്ന തിരക്കിലായിരിക്കും എന്ന മട്ടിലുള്ള അലസത വെടിഞ്ഞു, ജീവഭയത്തോടെ കഴിയുന്ന ജനങ്ങളുടെ ഹൃദയങ്ങളിൽ ആശ്വാസം ലഭിക്കാനുള്ള പോംവഴി കണ്ടെത്തുകയാണ് പ്രഥമമായി ചെയ്യേണ്ടത്. അപകടത്തിലായേക്കാവുന്ന അണക്കെട്ടിനു പകരം പുതിയത് പണിയുക. അതുവരെ അണക്കെട്ടിലെ ജലനിരപ്പ് 120 അടിയായി നിലനിർത്തുക. നാട്ടുകാരായ സാധാരണ ജനങ്ങൾ യോജിപ്പിലെത്തിയ ഒരു വിഷയത്തിൽ രണ്ടു സംസ്ഥാനങ്ങളിലെയും ഭരണാധികാരികൾക്കു യോജിക്കാൻ കഴിയാത്തതിന്റെ പിന്നിൽ രാഷ്ട്രീയ ലക്ഷ്യങ്ങളാണുള്ളത്. വാസ്തവത്തിൽ, രാഷ്ട്രീയവും രാഷ്ട്രീയ പ്രവർത്തനങ്ങളും ഇത്തരം വിഷമ ഘട്ടങ്ങളിൽ പ്രശ്നപരിഹാരമായി വർത്തിക്കുവാനും കൂടിയുള്ളതാണെന്നത് ഏവരും മറക്കുന്നു. പ്രശ്നത്തിന്റെ മൗലികമായ മാനുഷിക വശം പരിഗണിക്കുവാനുള്ള ശ്രമം ഉണ്ടാകുന്നുമില്ല.

മുല്ലപ്പെരിയാർ ചരിത്രം ആരംഭിക്കുന്നത് 1886 ഒക്ടോബർ 29 നു ബ്രിട്ടിഷ് സർക്കാരിനു കീഴിലുള്ള മദ്രാസ് പ്രസിഡൻസിയും തിരുവിതാംകൂർ മഹാരാജാവും തമ്മിൽ എഴുതിയുണ്ടാക്കിയ 'പെരിയാർ ലീസ് എഗ്രിമെന്റ്' എന്ന പേരിൽ അറിയപ്പെടുന്ന കരാറിൽ നിന്നുമാണ്. തിരുവിതാംകൂർ മഹാരാജാവ് വിശാഖം തിരുനാളും ബ്രിട്ടീഷ് ഭരണകൂടവും ചേർന്നുണ്ടാക്കിയ കരാറിൽ ഒപ്പുവെച്ചത് ദിവാൻ രാമയ്യങ്കാരാണ്. ലോകത്തെ ഏറ്റവും പഴക്കമേറിയ ഗ്രാവിറ്റി അണക്കെട്ടുകളിൽ ഏറ്റവും ഉയരമുള്ളതും മുല്ലപ്പെരിയാറാണ്. മുല്ലയാറും പെരിയാറും ചേർന്നൊഴുകുന്ന നദിയിൽ സ്ഥാപിച്ചതിനാലാണ് ഈ പേരു ലഭിച്ചത്. 50 വർഷത്തെ ഗ്യാരന്റി നല്കിയ അണക്കെട്ടിനു 116 വർഷത്തെ പഴക്കമുണ്ടുതാനും. (ഇടയ്ക്കൊന്നു പറയട്ടെ, നമ്മുടെ നാട്ടിലെ ചില കോൺട്രാക്ടർമാരായിരുന്നു മുല്ലപ്പെരിയാർ നിർമ്മിച്ചിരുന്നതെങ്കിൽ ഇന്ന് ഇപ്രകാരമൊരു പ്രശ്നം ഉടലെടുക്കുമായിരുന്നില്ല. കാരണം 25 വർഷമാകും മുമ്പേതന്നെ അണക്കെട്ടു തകർന്നിട്ടുണ്ടാവും! പാലം പണികഴിഞ്ഞു അധികം ആകും മുമ്പേ അതു തകർന്ന ചരിത്രം നാം കേട്ടി

ട്ടുള്ളതാണല്ലോ. നമ്മുടെ റോഡുകളുടെ സ്ഥിതിയും നാം കാണുന്നതല്ലേ? 50 വർഷം നിന്നു കിട്ടിയാൽ ഭാഗ്യം!) പണ്ടേ ബദൽ സംവിധാനത്തിനുള്ള മാർഗ്ഗം ആരായേണ്ടതായിരുന്നു. ഭൂമികുലുക്കവും അണക്കെട്ടിന്റെ പഴക്കവും ജനങ്ങളിൽ ഭയാശങ്ക ഉയർത്താൻ മതിയായ കാരണങ്ങളാണ്. വൈകി വിവേകമുദിക്കുന്ന ഭരണകർത്താക്കളാണു നമുക്കുള്ളത്. ഭരണ കാലഘട്ടത്തിൽ പാർട്ടികൾക്കുള്ളിലെ പോരും അഭിപ്രായഭിന്നതയും തീർക്കാനുള്ള ശ്രമം മാത്രമാണ് നടക്കാറുള്ളത്. ഘടക കക്ഷികളെ പ്രീണിപ്പിച്ചു നിർത്താനുള്ള നെട്ടോട്ടം ഒരു വശത്ത്. പാർട്ടിക്കുള്ളിലെ പ്രശ്നം പോലും പരിഹരിക്കാൻ കഴിയാറില്ല. പിന്നെങ്ങനെയാണ് നാടിന്റെ നീറുന്ന പ്രശ്നങ്ങൾ കാണാൻ കഴിയുക. കുത്തകസംരക്ഷണം, ഭൂമാഫിയസംരക്ഷണം, വർഗ്ഗീയ പ്രീണനം, വർഗ്ഗീയധ്രുവീകരണം തുടങ്ങി വിപുലമായ ഇനങ്ങളാണ് ഇന്നത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും മുഖമുദ്രയെന്നു പറയാതെ വയ്യ.

മുല്ലപ്പെരിയാർ വിഷയത്തിലും രാഷ്ട്രീയം കളിക്കുന്നതാണ് നാം കാണുന്നത്. തമിഴ് നാടിനു വെള്ളം കിട്ടിയേ മതിയാകൂ. നിരവധി ജനങ്ങളാണ് ഈ ജലത്തെ ആശ്രയിച്ച് കൃഷി നടത്തി ഉപജീവനത്തിനായി പോരാടുന്നത്. കേരളത്തിനു പച്ചക്കറികളും മറ്റും ധാരാളമായി അവിടെ നിന്നും ലഭിക്കുന്നുണ്ട്. അവരുടെ വികാരത്തെ മാനിക്കേണ്ടതായ ബാദ്ധ്യതയും നമുക്കുണ്ട്. ഒപ്പം കേരളത്തിലെ വിലപ്പെട്ട ജീവിതങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് അനിവാര്യമാണെന്നും നാം മറക്കരുത്. പുരകത്തുമ്പോൾ വാഴവെട്ടുന്ന പരിപാടി അവസാനിപ്പിച്ച്, ഇലക്ഷനിലെ വിജയം മുന്നിൽ കണ്ടുള്ള കളികൾ ഉപേക്ഷിച്ച്, സാധാരണ ജനങ്ങളുടെ ജീവിതം കൊണ്ട് പന്താടുന്നത് അവസാനിപ്പിച്ച് സുപ്രീം കോടതിയുടെ ഉന്നതാധികാര സമിതിക്ക് മതിയായ തെളിവുകൾ നല്കി പ്രശ്നത്തിന്റെ ഗൗരവം ബോദ്ധ്യപ്പെടുത്തുകയും കേന്ദ്രസർക്കാരിന്റെയും പാർലമെന്ററിയുടെയും അധികാരാവകാശങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുകയുമാണ് കരണീയമായിട്ടുള്ളത്. ജനാധിപത്യ സംവിധാനമുള്ള നമ്മുടെ രാജ്യത്ത് ഈ പ്രശ്നം രമ്യമായി പരിഹരിക്കാവുന്നതേയുള്ളു. എന്നാൽ, പരിഹാരം വൈകുന്നത് ജനം വൈകാരികമായി പ്രതികരിക്കുന്നതിലേക്കും രണ്ടു സംസ്ഥാനങ്ങൾ തമ്മിലുള്ള നിത്യവൈരത്തിലേക്കും നയിക്കുമെന്നോർക്കുക. ഇപ്പോൾത്തന്നെ, തമിഴ്നാട്ടിലുള്ള മലയാളികളുടെ വസ്തുവകകൾ നശിപ്പിക്കപ്പെടുന്ന അവസ്ഥ സംജാതമായിക്കഴിഞ്ഞു. അഭിഭാഷകർ പോലും അതിനു തുനിഞ്ഞിറങ്ങിയെന്നത് ഭയത്തോടെ മാത്രമേ നോക്കിക്കാണാനാവൂ. പ്രശ്നത്തിന്റെ ഗൗരവവും രൂക്ഷതയും മുന്നിൽ കണ്ടു എത്രയും വേഗം പരിഹരിക്കുവാൻ രണ്ടു സംസ്ഥാനങ്ങളും കേന്ദ്ര സർക്കാരും ഉത്സാഹിക്കുമെന്നു പ്രതീക്ഷിക്കുന്നു. ●



# വിശ്വാസ സമർത്ഥനം പൗലോസ് അപ്പസ്തോലന്റെ രചനകളിൽ.

(വി.എസ്. കുന്നത്തുകുഴി.)

വിശ്വാസ സമർത്ഥനം എന്ന വ്യക്തമായ ലക്ഷ്യത്തോടുകൂടിത്തന്നെയാണ് പൗലോസ് അപ്പസ്തോലൻ തന്റെ രചനകളത്രയും നിർവ്വഹിച്ചിരിക്കുന്നതെന്നു കാണാവുന്നതാണ്. റോമാക്കാർക്കെഴുതിയ ലേഖനത്തിന്റെ ആദ്യഭാഗത്തു തന്നെ പൗലോസ് വിജാതീയരുടെ യുക്തിവിചാരത്തിന്റെ ഭോഷത്തത്തെ തുറന്നു കാട്ടുന്നുണ്ട്. ജ്ഞാനികളെന്നു അവകാശപ്പെട്ടുകൊണ്ടു ഭോഷന്മാരായിത്തീർന്ന അവർ "അനശ്വരനായ ദൈവത്തിന്റെ മഹത്വം നശ്വരനായ മനുഷ്യന്റെയൊ പക്ഷികളുടെയൊ മൃഗങ്ങളുടെയൊ വിഗ്രഹങ്ങൾക്കു കൈമാറി" എന്നും "ദൈവത്തിന്റെ സത്യം നിരാകരിച്ച് വ്യാജം സ്വീകരിച്ച" അവർ സ്രഷ്ടാവിലുമുപരി സൃഷ്ടിയെ ആരാധിക്കുന്നവരായി മാറിയെന്നും കുറ്റപ്പെടുത്തി. തങ്ങളുടെ ഈ വക പ്രവൃത്തികളാൽ തികഞ്ഞ അശുദ്ധിയിലേക്കും തിന്മയിലേക്കും അവർ കൂപ്പുകുത്തി.

യഹൂദരും വിജാതീയരേക്കാൾ ഒട്ടും ഭേദമല്ലെന്നു പൗലോസ് ഇതേ ലേഖനത്തിൽ തന്നെ അവരെയും കുറ്റപ്പെടുത്തുന്നുണ്ട്. സകല ദൈവിക നിയമങ്ങളും പാലിക്കാൻ ബാദ്ധ്യസ്ഥരായ അവർ എല്ലാ കല്പനകളെയും ലംഘിച്ചു പാപത്തിൽ ചരിക്കുകയും ദൈവത്തെ അപമാനിക്കുകയും ചെയ്യുന്നു. അവർ കാരണം വിജാതീയരുടെ ഇടയിൽ പോലും ദൈവനാമം അപമാനിക്കപ്പെട്ടതായി പൗലോസ് തുറന്നടിക്കുന്നു. (റോമർ 2:17-24). പരിച്ഛേദന ഉൾപ്പെടെയുള്ള ബാഹ്യാചാരങ്ങളല്ല ഒരുവനെ യഥാർത്ഥ യഹൂദനാക്കുന്നതെന്നും പൗലോസ് ചൂണ്ടിക്കാട്ടുന്നു. ശരീരത്തിന്റെയല്ല; ഹൃദയത്തിന്റെ പരിച്ഛേദനയാണ് യഥാർത്ഥ പരിച്ഛേദനയെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു. (റോമർ 2:25-27). "യൂദാ നിവാസികളേ, ജറുസലേം പൗരന്മാരേ, കർത്താവിനായി നിങ്ങളെത്തന്നെ പരിച്ഛേദന ചെയ്യുവിൻ; ഹൃദയത്തിൽ പരിച്ഛേദന സ്വീകരിക്കുവിൻ. അല്ലെങ്കിൽ നിങ്ങളുടെ ദുഷ്കൃത്യങ്ങൾ നിമിത്തം എന്റെ കോപം അഗ്നിപോലെ ജ്വലിക്കും; അതു നശിപ്പിക്കുവാൻ ആർക്കും സാധിക്കുകയില്ല" എന്നു നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ ജറമിയ പ്രവാചകൻ ഇസ്രായേൽ ജനത്തോടു നടത്തിയ ആഹ്വാനമാണ് (ജറമിയ 4:4) റോമാലേഖനത്തിൽ ഹൃദയത്തിന്റെ പരിച്ഛേദനയെക്കുറിച്ച് എഴുതുമ്പോൾ പൗലോസിന്റെ മനസ്സിലുണ്ടായിരുന്നതെന്നു വ്യക്തം.

സുവിശേഷ സത്യങ്ങളെ ഗ്രീക്കുകാരുടെ വിജ്ഞാനം കൊണ്ട് (അഥവാ അങ്ങനെ വിശേഷിപ്പിക്കപ്പെടുന്നവ കൊണ്ട്) ബന്ധിക്കരുതെന്നു പൗലോസ് കൊരിന്തോസിലെ സഭയെ പഠിപ്പിക്കുന്നിടത്തും (1കൊരിന്തോസ് 1,2 അദ്ധ്യായങ്ങൾ) വിശ്വാസ ദർശനത്തിന്റെ മിന്നലൊളി ദർശിക്കാം. നാശത്തിലൂടെ ചരിക്കുന്നവർക്കാണു കുരിശിന്റെ വചനം ഭോഷത്വമായിരിക്കുന്നത്. എന്നാൽ, രക്ഷയിലൂടെ സഞ്ചരിക്കുന്നവർക്കതു ദൈവത്തിന്റെ ശക്തിയാണ്. വിജ്ഞാനി എന്നു വിളിക്കപ്പെടുന്നവന്റെ വിജ്ഞാനം യഥാർത്ഥ ദൈവികജ്ഞാനത്തിനു മുമ്പിൽ തൃണസമാനമാണ്. ലൗകികജ്ഞാനത്തെ ദൈവം ഭോഷത്തമാക്കിയിരിക്കുന്നു. കാരണം, അത് രക്ഷയ്ക്കുപകരിക്കുന്നില്ല. എന്നാൽ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരെ സുവിശേഷപ്രസംഗത്തിന്റെ ഭോഷത്തം വഴി രക്ഷിക്കാൻ ദൈവം തീരുമാനിച്ചിരിക്കുന്നു.

എന്നാൽ പൗലോസ് സ്ലീഹാ വിജ്ഞാന വിരുദ്ധത (Anti-intellectualism) പ്രസംഗിക്കുകയായിരുന്നില്ലെന്നു മനസ്സിലാക്കണം. മറിച്ച്, ലൗകികവും നശ്വരവുമായ സകലതിനെയും അതിശയിപ്പിക്കുന്നതരം ദൈവികജ്ഞാനത്താൽ -യഥാർത്ഥ ജ്ഞാനത്താൽ- നിറയാൻ അഥവാ മനുഷ്യധാരണയെ അതിലംഘിക്കുന്ന ദൈവിക വെളിപ്പാടിനാൽ നയിക്കപ്പെടാൻ അദ്ദേഹം പ്രേരിപ്പിക്കുകയായിരുന്നു. ആ ജ്ഞാനം നേടുന്നവർ ഭൗതിക

വിജ്ഞാനത്തിന്റെ വാക്കുകളല്ല, ദൈവാത്മാവ് പഠിപ്പിക്കുന്നതനുസരിച്ച് ആത്മാവിന്റെ ദാനങ്ങൾ പ്രാപിച്ചവർക്കു വേണ്ടി ആത്മീയ സത്യങ്ങൾ വ്യാഖ്യാനിക്കുകയാണു ചെയ്യുക. (1കൊരി. 2:13).

1 കൊരിന്തോസ് 15-ാം അദ്ധ്യായത്തിൽ, മരിച്ചവരുടെ പുനരുത്ഥാനത്തെ നിഷേധിക്കുന്നവരെ അപ്പസ്തോലൻ തിരുത്തുന്നത് നമുക്കു കാണാം. ക്രിസ്തുവിന്റെ ഉത്ഥാനം എന്ന ചരിത്രവസ്തുതയുമായി ബന്ധപ്പെടുത്തിക്കൊണ്ട്, മരിച്ചവരുടെ പുനരുത്ഥാനത്തെ നിഷേധിക്കുന്നവരുടെ ഇരട്ടത്താപ്പ് അദ്ദേഹം തുറന്നുകാട്ടി. യേശുക്രിസ്തു മരണത്തെ പരാജയപ്പെടുത്തി ഉത്ഥാനം ചെയ്തെന്നു വിശ്വസിക്കുകയും അതേസമയം തന്നെ മരിച്ചവർക്കു ഉത്ഥാനമില്ലെന്നു കരുതുകയും ചെയ്യുന്നതു തികഞ്ഞ വൈരുദ്ധ്യമാണ്. ( 1 കൊരി.15: 12-19). മരിച്ചവർക്കു പുനരുത്ഥാനമില്ലെന്നു സ്ഥാപിക്കാൻ യേശുവിനോടു ഉടക്കു ചോദ്യം ( ഏഴു സഹോദരന്മാരെ വരിച്ചവൾ പുനരുത്ഥാന ദിനത്തിൽ ആരുടെ ഭാര്യയായിരിക്കും?( മത്തായി 22:22-33), മർക്കോസ് 12: 18-27, ലൂക്കോസ് 20: 28-40) ചോദിച്ച സദുക്കായരുടെ നിലപാടിനു സമാനമായ നിലപാടുകൾ സ്വീകരിക്കുന്നവരായിരിക്കണം ഈ ഭാഗം എഴുതുമ്പോൾ പൗലോസിന്റെ മനസ്സിലുണ്ടായിരുന്നത്. യേശുക്രിസ്തുവിന്റെ പുനരുത്ഥാനം അനിഷേധ്യമായ ഒരു വസ്തുതയാണെന്നു വ്യക്തമായി സമർത്ഥിച്ചു.

നിദ്രപ്രാപിച്ച എല്ലാവരുടെയും ആദ്യഫലമായി ക്രിസ്തു മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർപ്പിക്കപ്പെട്ടു. ആദമെന്ന ഒരു മനുഷ്യൻ വഴി മരണം ഉണ്ടായതുപോലെ യേശുക്രിസ്തു വഴി പുനരുത്ഥാനവും ഉണ്ടായി. ആദത്തിൽ എല്ലാവരും മരണാധീനരായതുപോലെ ക്രിസ്തുവിൽ പുനർജീവിക്കും (1കൊരി 15:20-27) എന്നു പൗലോസ് പഠിപ്പിച്ചു. സുവിശേഷ സത്യങ്ങളുടെ എതിരാളികളെ അവരുടെ തന്നെ വാദത്തിന്റെ വൈരുദ്ധ്യത്തിൽ തളച്ച് ഒരു യുക്തി പ്രതിസന്ധിയിൽ (Logical dilemma) അവരെ ആഴ്ത്തിയ പൗലോസിന്റെ ഈ അവതരണ രീതി അപ്പൊളജറ്റിക് വാദത്തിന്റെ മകുടോദാഹരണമായി വിശേഷിപ്പിക്കാം.

ക്രിസ്തുവിന്റെ വ്യക്തിഭാവത്തെ സംബന്ധിച്ചു ദുരുപദേശക്കാർ ഉന്നയിച്ച വാദങ്ങളെയാണു കൊലോസ്യ ലേഖനത്തിൽ പൗലോസ് ഖണ്ഡിക്കുന്നത്. യേശുക്രിസ്തുവിലാണു നമുക്കു പാപമോചനവും രക്ഷയും. കാരണം, അവൻ "അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപവും എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനുമാണ്. അവനിൽ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള ദൃശ്യവും അദൃശ്യവുമായ എല്ലാ വസ്തുക്കളും സൃഷ്ടിക്കപ്പെട്ടു. സിംഹാസനങ്ങളൊ ആധിപത്യങ്ങളൊ ശക്തികളൊ അധികാരങ്ങളൊ എന്തുമാകട്ടെ, എല്ലാം അവനിലൂടെയും അവനുവേണ്ടിയുമാണു സൃഷ്ടിക്കപ്പെട്ടത്. അവനാണ് എല്ലാറ്റിന്റെയും മുമ്പുള്ളവൻ. അവനിൽ സമസ്തവും സ്ഥിതി ചെയ്യുന്നു. അവൻ സഭയാകുന്ന ശരീരത്തിന്റെ ശിരസ്സാണ്. അവൻ എല്ലാറ്റിന്റെയും ആരംഭവും മരിച്ചവരിൽ നിന്നുള്ള ആദ്യജാതനുമാണ്. ഇങ്ങനെ എല്ലാകാര്യങ്ങളിലും അവൻ പ്രഥമസ്ഥാനീയനായി. എന്തെന്നാൽ, അവനിൽ സർവ്വസമ്പൂർണ്ണതയും നിവസിക്കണമെന്നു ദൈവം തിരുമനസ്സായി. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ വസ്തുക്കളെയും അവനിലൂടെ അവിടുന്നു തന്നോട് അനുരഞ്ജിപ്പിക്കുകയും അവൻ കുരിശിൽ ചിന്തിയ രക്തം വഴി സമാധാനം സ്ഥാപിക്കുകയും ചെയ്തു.(കൊളോസ്യ. 1:14-20).

അതുകൊണ്ടുതന്നെ ക്രിസ്തുവിനു നിരക്കാത്തതും മാനുഷിക പാരമ്പര്യങ്ങൾക്കും പ്രപഞ്ചത്തിന്റെ മൂലഭൂതങ്ങൾക്കും മാത്രം ചേർന്നതുമായ വ്യർത്ഥപ്രലോഭനത്തിനും തത്വചിന്തക്കും ആരും തങ്ങളെ ഇരയാക്കാൻ അനുവദിക്കരുതെന്നു പൗലോസ് കൊളോസോസുകാർക്ക് മുന്നറിയിപ്പു നല്കി.(കൊലോ.2:8). അദ്ദേഹം എഴുതുന്നു: "ദൈവത്തിന്റെ പൂർണ്ണത മുഴുവൻ അവനിൽ (ക്രിസ്തുവിൽ) മൂർത്തീഭവിച്ചിരിക്കുന്നു. എല്ലാ ആധിപത്യങ്ങളുടെയും അധികാരങ്ങളുടെയും ശിരസ്സായ അവനിലാണു നിങ്ങളും പൂർണ്ണത പ്രാപിച്ചിരിക്കുന്നത്. അവനിൽ നിങ്ങളും പരിച്ഛേദനം സ്വീകരിച്ചിരിക്കുന്നു; കൈകളാൽ നിർവ്വഹിക്കപ്പെടുന്ന പരിച്ഛേദനമല്ല; ശരീരത്തിന്റെ അധമവാസനകളെ നിർമ്മാർജ്ജനം ചെയ്യുന്ന ക്രിസ്തുവിന്റെ പരിച്ഛേദനം. ജ്ഞാനസ്നാനം വഴി നിങ്ങൾ അവനോടൊപ്പം സം

സ്ക്കരിക്കപ്പെട്ടു. മരിച്ചവരിൽ നിന്നു അവനെ ഉയിർപ്പിച്ച ദൈവത്തിന്റെ പ്രവർത്തനത്തിലുള്ള വിശ്വാസം നിമിത്തം നിങ്ങൾ അവനോടുകൂടെ ഉയിർപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു." (കൊലോ. 2:9–12).

അബദ്ധപ്രബോധനങ്ങൾ വഴി സഭാസമൂഹത്തിൽ ആശയക്കുഴപ്പം സൃഷ്ടിക്കാൻ ശ്രമിച്ച യഹൂദാചാരവാദികൾക്കെതിരെയുള്ള പൗലോസിന്റെ പ്രതിരോധമാണ് ഗലാത്യലേഖനത്തിന്റെ മുഖമുദ്ര. വിജാതീയനായ ഒരാൾ ക്രിസ്തുമാർഗ്ഗത്തിന്റെ സഹചാരിയാകണമെങ്കിൽ പരിച്ഛേദന മുൾപ്പെടെയുള്ള യഹൂദാചാരങ്ങൾ മുഴുവൻ അവൻ പാലിക്കേണ്ടതുണ്ടെന്ന അവരുടെ വാദങ്ങളെ എതിർത്തു,"നിയമാനുഷ്ഠാനം വഴിയല്ല; യേശുക്രിസ്തുവിലുള്ള വിശ്വാസം മൂലമാണ് മനുഷ്യൻ ദൈവതിരുമുമ്പിൽ നീതിമാനായി പരിഗണിക്കപ്പെടുക"യെന്നു പൗലോസ് പഠിപ്പിച്ചു. ജീവിതാനുഭവങ്ങളും അബ്രഹാമിന്റെ മാതൃകയും മിശിഹായിൽ ദൈവാത്മാവിന്റെ ആലയമായിത്തീരുന്നുവെന്നു പൗലോസ് പഠിപ്പിച്ചു. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവൻ മാനുഷികനിയമങ്ങൾക്ക് അതീതനാണ്. അവൻ, സകല നിയമങ്ങളോടും അതിശയിക്കുന്ന ക്രിസ്തുവിന്റെ നിയമത്താലാണ് നയിക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ മനുഷ്യൻ സൃഷ്ടിച്ച നിയമാനുഷ്ടാനുങ്ങളിൽ അവൻ ബന്ധിതനല്ല. ക്രിസ്തുയേശുവിൽ അവൻ സ്വതന്ത്രനാണ്. അവനിൽ ദൈവത്തിന്റെ ആത്മാവ് കുടികൊള്ളുന്നു.

ക്രിസ്തുശിഷ്യരിൽ വസിക്കുന്ന ദൈവാത്മാവ് അവരെ എല്ലാവരേയും ഒരൊറ്റ സമൂഹമായി അഥവാ, ഒരൊറ്റ ശരീരമായി രൂപപ്പെടുത്തുന്നു. ദൈവാരാധകരുടെ ആ സമൂഹം സ്നേഹത്തിലൂടെ പ്രാവർത്തികമാക്കപ്പെടുന്ന വിശ്വാസത്തിൽ ജീവിച്ച് ക്രിസ്തുവിനു അനുരൂപമാക്കപ്പെട്ടു കൊണ്ടു നാഥന്റെ മഹത്ത്വപൂർണ്ണമായ പ്രത്യാഗമനം കാത്തിരിക്കുന്നു. ജീവിച്ചിരിക്കുന്നവരും മരിച്ചവരും

> എന്നാൽ പൗലോസ് സ്ലീഹാ വിജ്ഞാന വിരുദ്ധത (Anti-intellectualism) പ്രസംഗിക്കുകയായിരുന്നില്ലെന്നു മനസ്സിലാക്കണം. മറിച്ച്, ലൗകികവും നശ്വരവുമായ സകലതിനെയും അതിശയിപ്പിക്കുന്നതരം ദൈവികജ്ഞാനത്താൽ -യഥാർത്ഥ ജ്ഞാനത്താൽ- നിറയാൻ അഥവാ മനുഷ്യ ധാരണയെ അതിലംഘിക്കുന്ന ദൈവിക വെളിപ്പാടിനാൽ നയിക്കപ്പെടാൻ അദ്ദേഹം പ്രേരിപ്പിക്കുകയായിരുന്നു.

അതാണു വ്യക്തമാക്കുന്നത്. നിയമത്തിന്റെ കാലം കഴിഞ്ഞുവെന്നും ദൈവത്തിൽ നിന്നുള്ള പുത്രത്വ സ്വീകാര്യത്തിന്റെ അനന്തരഫലമായ സ്വാതന്ത്ര്യത്തിന്റെ കാലം ആരംഭിച്ചിരിക്കുന്നുവെന്നും പൗലോസ് ഗലാത്യലേഖനത്തിൽ വ്യക്തമായി സ്ഥാപിച്ചു.

## പൗലോസിന്റെ ദൈവശാസ്ത്രം.

യേശു തന്റെ മരണവും ഉത്ഥാനവും വഴി മഹത്വവും ശക്തിയും അണിയുകയും നമ്മെ സംബന്ധിച്ചിടത്തോളം ജീവദായകനായ രക്ഷകനായി മാറുകയും ചെയ്തു എന്ന സത്യമാണ് പൗലോസ് തന്റെ ലേഖനങ്ങളിൽ വിശദീകരിച്ചത്. യേശുക്രിസ്തുവിലുള്ള വിശ്വാസമാണ് രക്ഷക്കുള്ള ഏക അച്ചാരം. ഉത്ഥാനം ചെയ്ത ക്രിസ്തുവിലുള്ള വിശ്വാസം വഴി നീതീകരിക്കപ്പെടുന്ന വിശ്വാസി അവിടുത്തെ വരവിനു സാക്ഷികളാകും. പൗലോസ് എഴുതുന്നു: "അധികാരപൂർണ്ണമായ ആജ്ഞാവചനം കേൾക്കുകയും പ്രധാനദൂതന്റെ ശബ്ദം ഉയരുകയും ദൈവത്തിന്റെ കാഹളധ്വനി മുഴങ്ങുകയും ചെയ്യുമ്പോൾ കർത്താവ് സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വരികയും ക്രിസ്തുവിൽ മരണമടഞ്ഞവർ ആദ്യം ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും. അപ്പോൾ ജീവിച്ചിരിക്കുന്നവരായി നമ്മിൽ അവശേഷിക്കുന്നവർ ആകാശത്തിൽ കർത്താവിനെ എതിരേല്ക്കാനായി അവരോടൊപ്പം മേഘങ്ങളിൽ സംവഹിക്കപ്പെടും. അങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ആയിരിക്കുകയും ചെയ്യും. (1തെസ്സലോനിക്യർ 4:16,17).

തന്റെ പ്രേക്ഷിതവേലയുടെ ഭാഗമായി രൂപംകൊണ്ട ഓരോ സഭാസമൂഹത്തിന്റെയും

നിലനില്പും മിശിഹായിലുള്ള അതിന്റെ പുഷ്ടിപ്പെടലും പരിശുദ്ധാത്മാവിലുള്ള അതിന്റെ ഫലാഗമവും പൗലോസ് എന്നും അതീവ താത്പര്യത്തോടെ വീക്ഷിച്ചിരുന്നു. പ്രോത്സാഹനങ്ങളും തിരുത്തലുകളും മാർഗ്ഗനിർദ്ദേശങ്ങളും ശാസനകളും സമയാസമയങ്ങളിൽ കൃത്യമായി നല്കി ദൈവസഭയുടെ മുന്നോട്ടുള്ള ഗമനത്തെ സുഗമമാക്കാൻ അദ്ദേഹം വളരെ ശ്രദ്ധിച്ചിരുന്നു. അതിന്റെ ഭാഗമായി അദ്ദേഹം വിവിധ സഭകൾ തുടർച്ചയായി സന്ദർശിക്കുകയും 13 ലേഖനങ്ങൾ അവർക്കായി നല്കുകയും ചെയ്തു. വിശ്വാസികളുടെ തെറ്റായ ധാരണകളെ തിരുത്തുന്നതിനും സംശയങ്ങൾ നിവാരണം ചെയ്യുന്നതിനും ചോദ്യങ്ങൾക്കുത്തരം നല്കുന്നതിനും എതിരാളികളുടെ ആരോപണങ്ങൾക്കു മറുപടി പറയുന്നതിനും ഈ ലേഖനങ്ങളിലൂടെ അദ്ദേഹം ശ്രമിച്ചു. അതായത്, ദൈവശാസ്ത്ര തത്വങ്ങളെക്കുറിച്ചും ധാർമ്മിക സിദ്ധാന്തങ്ങളെക്കുറിച്ചും വിശ്വാസികൾക്കുള്ള അറിവ് പൂർണ്ണമാക്കുന്നതിനായിരുന്നു അദ്ദേഹം ഈ ലേഖനങ്ങൾ എഴുതിയതെന്നു പൊതുവെ പറയാം. മിശിഹായെക്കുറിച്ച് ആദിമസഭയ്ക്കുണ്ടായിരുന്ന വിശ്വാസാധിഷ്ഠിതമായ അറിവ് ദൈവശാസ്ത്ര ചിന്തനത്തിന്റെ മേഖലകളിലേക്ക് ഉയർത്തുന്നതിനു തന്റെ ലേഖനങ്ങളിലൂടെ പൗലോസിനു സാധിച്ചു എന്നുള്ളതും ശ്രദ്ധേയമാണ്.

ക്രൈസ്തവ വിശ്വാസത്തിന്റെ കാതൽ ഏറ്റവും കൃത്യതയോടെ -അടുക്കോടും ചിട്ടയോടും കൂടെ- വ്യക്തമായി വിശദീകരിക്കാൻ പൗലോസിനു സാധിച്ചു. അതുകൊണ്ടുതന്നെ, എതിർപ്പുകൾക്കു ക്രൈസ്തവ വിശ്വാസിയുടെ ഏറ്റവും ശക്തമായ കവചവും പൗലോസിന്റെ ഈ ലേഖനങ്ങളാണ്. സാത്താന്റെ ശക്തികൾക്കു ഇക്കാര്യം വ്യക്തമായി അറിയാം. അതുകൊണ്ടാണ് ആദ്യകാലത്തെ ദുരുപദേശ പാഷണ്ഡസമൂഹങ്ങളെപ്പോലെ ഇന്നും ചില മതവിഭാഗങ്ങളും നിരീശ്വര-സെക്യുലർ-ലിബറൽ ചിന്തകരും പൗലോസിനെതിരെ പടപ്പുറപ്പാട് നടത്തുന്നത്. ക്രിസ്തുവിന്റെ സഭയെ തകർക്കണമെങ്കിൽ ആദ്യം പൗലോസിന്റെ വിശ്വാസ്യതയെ തകർക്കണമെന്നു അവർ കണക്കു കൂട്ടുന്നു. മനുഷ്യന്റെ പാപം, അതുമൂലമുണ്ടാകുന്ന ധാർമ്മിക അധഃപതനം, യേശുക്രിസ്തുവിന്റെ കാൽവരി യാഗം വഴിയുള്ള മനുഷ്യന്റെ വീണ്ടെടുപ്പ്, കൃപയാലും വിശ്വാസത്താലുമുള്ള രക്ഷ തുടങ്ങിയ ദൈവികസത്യങ്ങളെ മറച്ചുവെച്ച് മനുഷ്യാത്മാക്കളെ നരകത്തിക്കു വിറകാക്കാൻ പറ്റിയ ഏറ്റവും നല്ല മാർഗ്ഗം അവയെപ്പറ്റി വ്യക്തമായി പഠിപ്പിച്ച പൗലോസിനെത്തന്നെ തകർക്കുകയാണെന്നു ചെകുത്താനു അറിയാമല്ലോ. അതാണ് പൗലോസിനെതിരായ ആക്രമണം സമീപകാലത്ത് വർദ്ധിച്ചുവരാൻ കാരണം.

പക്ഷേ, ചെകുത്താന്റെ കങ്കാണിമാർ എത്ര ശ്രമിച്ചാലും തകർക്കാൻ പറ്റാത്ത നെടുങ്കോട്ടയായി പൗലോസ് പ്രഘോഷിപ്പിച്ച സത്യവിശ്വാസം എന്നും ലോകത്തിൽ നിലനില്ക്കും. തീർച്ച.

●

മാസിക ആവശ്യപ്പെടേണ്ട
വിലാസം.
സി.ഡി,വർഗീസ്,
പി.ബി.നമ്പർ 7,
പുല്ലാട് പി.ഒ, തിരുവല്ല. 689 548.
**Phone: 9447518465**
**A/C. No: 15970100006326 IFSC Code FDRL0001597.**
**Fedaral Bank Pullad.**

**ഓരോരുത്തരും നല്കുന്ന വാർഷിക വരിസംഖ്യ, പ്രവർത്തന സഹായഫണ്ട്, മറ്റു സാമ്പത്തിക സഹായങ്ങൾ എന്നിവയ്ക്കുള്ള രസീത് നിബ്ബന്ധമായും കൈപ്പറ്റേണ്ടതാണ്.**